പഞ്ചായത്ത് വകുപ്പ്
പ്രസിദ്ധീകരണം

പഞ്ചായത്ത്‌രാജ്

പുസ്തകം 60 ലക്കം 8 നവംബർ 2020

കാർഷിക വികസനത്തിന് സമഗ്ര സംയോജിത ഇടപെടലുകൾ

കെട്ടിട നിർമ്മാണ അനുമതിക്ക് കൂടുതൽ ഇളവുകൾ

പ്രാദേശിക കാര്യശേഷി വികസനം കാൽനൂറ്റാണ്ട് പിന്നിടുമ്പോൾ

കൊവിഡ് 19-ന്റെ ആരോഗ്യപ്രശ്നങ്ങൾ

'നമ്മുടെ നാട്
ശുചിത്വത്തിന്റെ പാതയിൽ
നാടിന്റെ ശുചിത്വം
നമ്മുടെ കൈകളിൽ'
നമ്മുടെ ലക്ഷ്യം മാലിന്യമുക്ത കേരളം
പകർച്ചവ്യാധികളെ അകറ്റി നിർത്തുക പരിസര ശുചിത്വ പ്രവർത്തനങ്ങൾക്ക് മുൻകൈ എടുക്കുക

പഞ്ചായത്ത്‌രാജ്
നവംബർ 2020

അകത്ത്

കാർഷിക വികസനത്തിന് സമഗ്ര സംയോജിത ഇടപെടലുകൾ
ഡോ. എൻ. രമാകാന്തൻ 5

പ്രാദേശിക കാര്യശേഷി വികസനം കാൽനൂറ്റാണ്ട് പിന്നിടുമ്പോൾ
ഡോ. ജോയ് ഇളമൺ 11

കെട്ടിടനിർമ്മാണ ചട്ടങ്ങളിൽ ഭേദഗതി നിർമ്മാണ അനുമതിക്ക് ഇനി കൂടുതൽ ഇളവുകൾ
ജിജി ജോർജ്ജ് 14

തദ്ദേശഭരണ സ്ഥാപനങ്ങളുടെ അദ്ധ്യക്ഷ-ഉപാദ്ധ്യക്ഷന്മാരെ എങ്ങനെ തിരഞ്ഞെടുക്കാം?
കെ.ടി. ജോർജ്ജ് 17

ഈസ് ഓഫ് ഗുഡ് ഗവേർണൻസ് ILGMS എന്ന ഉപാധിയിലൂടെ
വിനോദ് കുമാർ കൊടക്കൽ 21

കൊവിഡ് 19 ന്റെ ആരോഗ്യപ്രശ്നങ്ങൾ
ഡോ. ചിന്ത എസ്. 27

നേട്ടങ്ങളുടെ വിവരശേഖരണത്തിന് വികേന്ദ്രീകൃതാസൂത്രണ റൗണ്ട് സർവ്വേ
ഹസൈൻ എം. മിന്നത്ത് 31

പച്ചത്തുരുത്തുകൾ പറയുന്നത്
ബി. മനോജ് 35

പംക്തികൾ

വാർത്തകൾ വിശേഷങ്ങൾ 34
ഊരും പേരും - 5 39
അരങ്ങൊഴിഞ്ഞ വീട്ടുനന്മകൾ - 13 40
എന്ന് വായനക്കാർ 42

നവംബർ 2020
പുസ്തകം 60 ലക്കം 8
വാർഷികവരിസംഖ്യ ₹ 120
www.lsgkerala.gov.in
www.dop.lsgkerala.gov.in

പഞ്ചായത്ത് രാജ്
പഞ്ചായത്ത് വകുപ്പ് പ്രസിദ്ധീകരണം

ഉപദേശക സമിതി

ചെയർമാൻ
എ.സി.മൊയ്തീൻ
തദ്ദേശസ്വയംഭരണവകുപ്പ് മന്ത്രി

അംഗങ്ങൾ
ശാരദാ മുരളീധരൻ ഐ.എ.എസ്.
പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്
എസ്. ഹരികിഷോർ ഐ.എ.എസ്.
ഡയറക്ടർ, ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്
കെ. തുളസിഭായ് പത്മനാഭൻ
പ്രസിഡന്റ്, കേരള ഗ്രാമപഞ്ചായത്ത് അസോസിയേഷൻ
സാബ്ലു തോമസ്
സെക്രട്ടറി, പ്രസ് ക്ലബ്, തിരുവനന്തപുരം
വി.വി. രാജീവ്
പബ്ലിസിറ്റി ഓഫീസർ, പഞ്ചായത്ത് വകുപ്പ്

കൺവീനർ
ഡോ.പി.കെ. ജയശ്രീ ഐ.എ.എസ്.
പഞ്ചായത്ത് ഡയറക്ടർ

എഡിറ്റർ
ഡോ.പി.കെ. ജയശ്രീ ഐ.എ.എസ്.
Email: directorofpanchayat@gmail.com
ഫോൺ: 0471 2323286

അസിസ്റ്റന്റ് എഡിറ്റർ
വി.വി. രാജീവ്
Email: prmdp2020@gmail.com
ഫോൺ: 0471 2786303
മൊബൈൽ: 9496047036, 9447791524

കവർ ഡിസൈൻ & ലേ ഔട്ട്
നാരായണ ഭട്ടതിരി
പ്രിന്റെയ്ഡ്സ് ലേസർ മീഡിയ

മേൽവിലാസം
എഡിറ്റർ, പഞ്ചായത്ത് രാജ് മാസിക
പഞ്ചായത്ത് ഡയറക്ടറേറ്റ്, മ്യൂസിയം പി.ഒ.
തിരുവനന്തപുരം 695033

ലേഖകരുടെ അഭിപ്രായം സർക്കാരിന്റേതായിരിക്കണമെന്നില്ല. അവയുടെ പൂർണ്ണമായ ഉത്തരവാദിത്തം ലേഖകർക്ക് മാത്രമായിരിക്കും. പരസ്യങ്ങളുടെ ഉള്ളടക്കത്തിലും പഞ്ചായത്ത് രാജിന് ഉത്തരവാദിത്തമില്ല.

എഡിറ്റോറിയൽ

കൊവിഡ്-19 ജാഗ്രത കൈവിടരുത്

കഴിഞ്ഞ വർഷം അവസാനത്തോടെ ചൈനയിൽ പൊട്ടിപ്പുറപ്പെടുകയും ഈ വർഷത്തിന്റെ ആദ്യപാദത്തിൽ നമ്മുടെ രാജ്യത്തുൾപ്പെടെ വ്യാപനം ആരംഭിച്ചതുമായ കൊവിഡ്-19 മഹാമാരി ലോകത്താകമാനം ലക്ഷക്കണക്കിന് ആളുകളെ കൊന്നൊടുക്കി ദുരന്തം വിതച്ചുകൊണ്ടിരിക്കുകയാണ്. ഈ രോഗത്തെ നിയന്ത്രണ വിധേയമാക്കാനുള്ള വാക്സിനുകൾ പരീക്ഷണ ഘട്ടത്തിലാണ്. അടുത്ത വർഷം ആദ്യം വാക്സിനുകൾ ലഭ്യമാകുമെന്ന് തന്നെ നമുക്ക് പ്രതീക്ഷിക്കാം. രോഗം നിയന്ത്രണവിധേയമാക്കുവാൻ പര്യാപ്തമായ വാക്സിനുകൾ ലഭിക്കുന്നതുവരെ രോഗവ്യാപനം കുറയ്ക്കുന്നതിന് വേണ്ട നടപടികൾ തുടരേണ്ടത് അനിവാര്യമാണ്.

രാജ്യത്ത് ആദ്യമായി കൊവിഡ്-19 രോഗം റിപ്പോർട്ട് ചെയ്യപ്പെട്ടത് നമ്മുടെ സംസ്ഥാനത്തായിരുന്നുവെങ്കിലും സർക്കാരും ആരോഗ്യവകുപ്പും നടത്തിയ സമയോചിതമായ ഇടപെടൽ കൊണ്ട് രോഗവ്യാപനം വിജയകരമായി നിയന്ത്രിക്കാനായി. അതിനുശേഷം സർക്കാരും ആരോഗ്യവകുപ്പും തദ്ദേശഭരണ സ്ഥാപനങ്ങളും പൊതുജനപങ്കാളിത്തത്തോടെ നടപ്പാക്കിയ പ്രവർത്തനങ്ങൾ രാജ്യത്തിനും ലോകത്തിനും മാതൃകയാകുന്ന തരത്തിൽ കൊവിഡ്-19 ന്റെ സമൂഹവ്യാപനം നിയന്ത്രിച്ചു നിർത്തി. എന്നാൽ ഓണത്തോടനുബന്ധിച്ച് നിയന്ത്രണങ്ങളിൽ ഉണ്ടായ ഇളവും പൊതുജനങ്ങളിൽ ഉണ്ടായ ശ്രദ്ധക്കുറവും കാരണം രോഗബാധിതരുടെ എണ്ണം ക്രമാതീതമായി വർദ്ധിക്കുകയുണ്ടായി. ഓണത്തിന് ശേഷമുണ്ടായ കൊവിഡ്-19 പോസിറ്റീവ് കേസുകളുടെ വർദ്ധന ഇപ്പോൾ കുറഞ്ഞു തുടങ്ങിയിട്ടുണ്ട് എന്നത് ആശ്വാസം പകരുന്നതാണ്. ലോകത്തിലെയും ഇന്ത്യയിലെ തന്നെ മറ്റ് പ്രദേശങ്ങളുമായി താരതമ്യം ചെയ്യുമ്പോൾ 0.36% എന്ന വളരെ കുറഞ്ഞ മരണ നിരക്കാണ് കേരളത്തിലുള്ളത് എന്നതും ആശ്വാസം നല്കുന്നു. എന്നാൽ തദ്ദേശഭരണ സ്ഥാപനങ്ങളിലേക്കുള്ള പൊതുതിരഞ്ഞെടുപ്പിന്റെ പശ്ചാത്തലത്തിൽ വീണ്ടും രോഗവ്യാപന തോത് വർദ്ധിക്കുവാനുള്ള സാധ്യത തള്ളിക്കളയാനാവില്ല.

ഈ സാഹചര്യം മുന്നിൽ കണ്ടുള്ള പ്രവർത്തനങ്ങൾ കൂടി തിരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾക്കൊപ്പം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ കൈക്കൊള്ളേണ്ടതുണ്ട്. രോഗവ്യാപനം തടയുന്നതിനായി ആരോഗ്യവകുപ്പിന്റെ കൊവിഡ് പ്രോട്ടോക്കോൾ നിർദ്ദേശങ്ങൾ പ്രകാരമുള്ള മുൻകരുതലുകളും നിയന്ത്രണങ്ങളും ഏർപ്പെടുത്തുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കണം. ജനങ്ങൾ കൂട്ടം കൂടുന്നത് പരമാവധി ഒഴിവാക്കേണ്ടതുണ്ട്. കൊവിഡ്-19 ബാധിച്ച് നെഗറ്റീവ് ആയവരിൽ ചില ആരോഗ്യപ്രശ്നങ്ങൾ നിലനിൽക്കുന്നതായോ പുതുതായി ചില രോഗങ്ങൾ ഉണ്ടാകുന്നതായോ ഉള്ള കണ്ടെത്തൽ ഗൗരവതരമാണ്. ഈ സാഹചര്യത്തിൽ പരമാവധി ആളുകൾക്ക് കൊവിഡ് ഉണ്ടാകാതിരിക്കുക എന്നത് തന്നെയാകണം നമ്മുടെ പ്രധാന ലക്ഷ്യം. പൊതുതിരഞ്ഞെടുപ്പിനു ശേഷം പുതിയ ഭരണസമിതിയെ കൂടി ഉൾപ്പെടുത്തി പൊതുജനപങ്കാളിത്തം ഉറപ്പാക്കി കൊവിഡ്-19 സമൂഹവ്യാപനം തടയുന്നതിനായി മഹാമാരിയുടെ തുടക്കത്തിൽ സംഘടിപ്പിച്ചതുപോലുള്ള പ്രവർത്തനങ്ങൾ പ്രാദേശിക സർക്കാരുകളുടെ മേധാവികൾ ഏകോപിപ്പിച്ച് നടപ്പാക്കണം. ഈ രോഗം ബാധിച്ച് ഇനിയൊരു ജീവനും നഷ്ടപ്പെടാതിരിക്കുക എന്നത് തന്നെയാകട്ടെ നമ്മുടെ ലക്ഷ്യം.

ഡോ. പി.കെ. ജയശ്രീ ഐ.എ.എസ്.

"ഓരോ വീടും ഓരോ വിദ്യാലയമാണ്. മാതാപിതാക്കൾ അദ്ധ്യാപകരും "
മഹാത്മാഗാന്ധി

കവർ സ്റ്റോറി

കാർഷിക വികസനത്തിന് സമഗ്ര സംയോജിത ഇടപെടലുകൾ

■ ഡോ. എൻ. രമാകാന്തൻ

ജനകീയാസൂത്രണ പ്രസ്ഥാനം വളർത്തിയെടുത്ത ജനകീയ പങ്കാളിത്തത്തിന്റെയും സമഗ്രവും സംയോജിതവുമായ വികസന ഇടപെടലുകളുടെയും സർഗ്ഗാത്മകത പ്രയോജനപ്പെടുത്തി കാർഷിക വികസനത്തിനും ഭക്ഷ്യോല്പാദന വർദ്ധനവിനും പ്രാദേശിക ഭക്ഷ്യ വ്യവസ്ഥ ശക്തിപ്പെടുത്തുന്നതിനും സുഭിക്ഷ കേരളത്തിലൂടെ കേരളത്തിലെ തദ്ദേശ ഭരണസ്ഥാപനങ്ങൾ നടപ്പാക്കുന്ന പ്രവർത്തനങ്ങൾ രാജ്യത്തിനാകെ പുതിയൊരു അനുഭവപാഠം നൽകുകയാണ്.

കേരളത്തിന്റെ കാർഷിക വികസനത്തിനും പ്രാദേശിക ഭക്ഷ്യവ്യവസ്ഥ ശക്തിപ്പെടുത്തുന്നതിനും അധികാരവികേന്ദ്രീകരണത്തിന്റെ സാധ്യതകൾ പ്രയോജനപ്പെടുത്താൻ തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് കഴിഞ്ഞ അഞ്ച് വർഷക്കാലം കഴിഞ്ഞിട്ടുണ്ട്. ഭക്ഷ്യോൽപ്പാദനരംഗത്ത് വിസ്മയകരമായ നേട്ടങ്ങളാണ് തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് കൈവരിക്കാൻ കഴിഞ്ഞത്. നവകേരള നിർമ്മിതിയ്ക്കായി ജനകീയാസൂത്രണത്തിന്റെ ജനകീയ പങ്കാളിത്തതലം ശക്തിപ്പെടുത്തുന്നതിന് സംസ്ഥാന സർക്കാർ എടുത്ത തീരുമാനം തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് വലിയ തോതിൽ കരുത്ത് പകർന്നു. പ്രാദേശിക വികസന പ്രവർത്തനങ്ങളിൽ ജനകീയ ഇടപെടലിന്റെ അന്തരീക്ഷം മടക്കിക്കൊണ്ടുവരുന്നതിനും സംസ്ഥാന സർക്കാർ നവകേരളമിഷനിലൂടെ നടത്തിയ പ്രവർത്തനങ്ങൾ തദ്ദേശഭരണസ്ഥാപനങ്ങളെ കൂടുതൽ ശക്തിപ്പെടുത്തുന്നതിന് അവസരമൊരുക്കി. കേരളം

നേരിടുന്ന പുതിയ വികസന വെല്ലുവിളികളെ അതിജീവിക്കുന്നതിന് തദ്ദേശഭരണസ്ഥാപനങ്ങൾക്ക് എല്ലാ സഹായങ്ങളും നൽകുന്നതിനും നവകേരളമിഷനിലൂടെ സംസ്ഥാന സർക്കാർ ക്രിയാത്മകമായ നടപടികൾ സ്വീകരിച്ചു. അധികാര വികേന്ദ്രീകരണത്തിലൂടെ പ്രാദേശിക ഭരണവും വികസന പ്രവർത്തനങ്ങളും കാര്യക്ഷമമായി ഏറ്റെടുക്കുന്നതിനും സംസ്ഥാന സർക്കാരിന്റെ സഹായങ്ങൾ എത്രമാത്രം സുപ്രധാനമാണ് എന്ന് തെളിയിച്ച അഞ്ച് വർഷങ്ങളാണ് നാം ഇതിനകം പിന്നിട്ടത്. ഇത്തരം പിന്തുണയും സഹായങ്ങളുമാണ് തദ്ദേശഭരണസ്ഥാപനങ്ങൾക്ക് ജനങ്ങളുടെ ഉയർന്ന വിശ്വാസ്യത കൈവരിച്ചുകൊണ്ട് പ്രവർത്തിക്കുന്നതിന് ഈ കാലയളവിൽ സഹായകമായതും.

നവകേരള നിർമ്മിതിയിൽ ഭക്ഷ്യസുരക്ഷയ്ക്ക് സുപ്രധാനപങ്ക്

കേരളത്തിന്റെ കാർഷിക മേഖലയിലെ പ്രശ്നങ്ങൾങ്ങൾക്ക് പരിഹാരം കാണുന്നതിനും കാർഷികോൽപ്പാദന വളർച്ച കൈവരിക്കുന്നതിനും സംസ്ഥാന സർക്കാർ മുഖ്യ പരിഗണന നൽകിക്കൊണ്ടാണ് നവകേരള സൃഷ്ടിക്കായുള്ള കർമ്മപരിപാടി തയ്യാറാക്കിയത്. ഭക്ഷ്യോൽപ്പാദന വർദ്ധനവിനും സുരക്ഷിത ഭക്ഷണം ഉറപ്പാക്കുന്നതിനും വേണ്ടിയുള്ള "ഹരിത കേരളം മിഷൻ" പ്രവർത്തനങ്ങൾ ഇത്തരമൊരു ലക്ഷ്യം കൈവരിക്കുന്നതിന് വലിയ തോതിലുള്ള സംഭാവനകളാണ് നൽകിയത്. പ്രാദേശിക തലത്തിൽ ജനകീയ ഇടപെടലുകളിലൂടെ പ്രാദേശിക ഉത്പാദന വ്യവസ്ഥയെ ശക്തിപ്പെടുത്തി സാധ്യമായ മേഖലകളിൽ എല്ലാം സ്വയം പര്യാപ്തത കൈവരിക്കുന്നതിനാണ് സംസ്ഥാന ഗവൺമെന്റും തദ്ദേശഭരണസ്ഥാപനങ്ങളും പരിശ്രമിച്ചത്. കർഷകരെ മാത്രമല്ല ബഹുജനങ്ങളെയാകെ കൃഷിയിൽ ആഭിമുഖ്യമുള്ളവരാക്കി മാറ്റി വിപുലമായ സാമൂഹ്യ പങ്കാളിത്തത്തോടെ ഭക്ഷ്യോൽപ്പാദന വർദ്ധനവിലേക്കും ഭക്ഷ്യസുരക്ഷയിലേക്കും പോകുന്നതിനായി കൃഷി വകുപ്പിന്റെയും തദ്ദേശഭരണസ്ഥാപനങ്ങളുടെയും നേതൃത്വത്തിൽ വിപുലമായ കാമ്പയിനാണ് "ഹരിത കേരളം മിഷനി"ലൂടെ ഏറ്റെടുത്ത് നടപ്പാക്കിയത്. ആഗോളവൽക്കരണ നയങ്ങൾ സൃഷ്ടിക്കുന്ന പ്രതിസന്ധിയുടെ ആഘാതങ്ങളിൽ നിന്നും ജനങ്ങളെ രക്ഷിക്കുന്നതിന് പ്രാദേശിക ഉൽപ്പാദന വ്യവസ്ഥയെ ശക്തിപ്പെടുത്തി ഭക്ഷ്യോൽപ്പാദന വളർച്ച കൈവരിക്കുകയാണ് പരിഹാരം. ഇത്തരമൊരു ലക്ഷ്യത്തോടെയാണ് ഹരിത കേരളം മിഷൻ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട കർമ്മപരിപാടിയ്ക്ക് സംസ്ഥാന കൃഷി വകുപ്പും തദ്ദേശ സ്വയംഭരണ വകുപ്പും രൂപം നൽകിയതും തദ്ദേശഭരണസ്ഥാപനങ്ങളുടെ നേതൃത്വത്തിൽ പ്രാദേശികമായി നടപ്പാക്കിയതും. ബന്ധപ്പെട്ട എല്ലാ വികസന വകുപ്പുകളെയും ഈ പരിപാടിയുമായി സഹകരിപ്പിക്കുന്നതിനും സംസ്ഥാന സർക്കാർ പ്രത്യേകം ശ്രദ്ധിക്കുകയുണ്ടായി.

തദ്ദേശഭരണസ്ഥാപനങ്ങൾ പ്രാദേശിക സാമ്പത്തിക വികസനത്തിന്റെ കേന്ദ്ര സ്ഥാപനങ്ങൾ

കേരളത്തിന്റെ കാർഷിക മേഖലയിൽ രാജ്യത്തെ മറ്റ് ഏത് സംസ്ഥാനത്തെയും എന്നതുപോലെ അതിസങ്കീർണ്ണമായ നിരവധി പ്രശ്നങ്ങൾ നിലനിൽക്കുന്നുണ്ട്. കാർഷികമേഖലയും കർഷകരും നേരിടുന്ന

ഇത്തരം പ്രശ്നങ്ങൾക്ക് പരിഹാരം കാണുന്നതിന് വിവിധ തലങ്ങളിലുള്ള സർക്കാരുകൾക്ക് ഉത്തരവാദിത്വമുണ്ട്. ഭരണഘടനാപരമായി തദ്ദേശഭരണസ്ഥാപനങ്ങൾക്ക് പ്രാദേശിക സാമ്പത്തിക വികസനത്തിനാവശ്യമായ പദ്ധതികൾ തയ്യാറാക്കി നടപ്പാക്കുക എന്ന ഉത്തരവാദിത്വം നിറവേറ്റേണ്ടതുണ്ട് എന്നത് ഏറെ പ്രസക്തവുമാണ്. അടിസ്ഥാന സമ്പത്തുല്പാദന മേഖലകളായ കൃഷി, മൃഗസംരക്ഷണം, ക്ഷീരവികസനം, മൽസ്യവികസനം, ചെറുകിട വ്യവസായം എന്നീ മേഖലകളിലെല്ലാം ഇടപെട്ടുകൊണ്ട് ജനങ്ങളുടെ സാമ്പത്തിക അഭിവൃദ്ധിയ്ക്ക് സഹായകമായ പദ്ധതികൾ തയ്യാറാക്കി നടപ്പാക്കുക എന്നത് തദ്ദേശഭരണസ്ഥാപനങ്ങളുടെ വികസനാസൂത്രണ ഉത്തരവാദിത്വങ്ങളിൽ പ്രധാനപ്പെട്ടതാണ്. ഇത്തരമൊരു കാഴ്ചപ്പാടോടെയാണ് ജനകീയാസൂത്രണ പ്രസ്ഥാനം മുന്നോട്ട് പോയതും തദ്ദേശഭരണസ്ഥാപനങ്ങൾ, പ്രാദേശിക പദ്ധതിയുടെ ഭാഗമായി ഏറ്റവും കുറഞ്ഞത് 30 ശതമാനം തുക പ്രാഥമിക സമ്പത്തുല്പാദന മേഖലകൾക്കായി നീക്കി വയ്ക്കണം എന്ന് തീരുമാനമെടുത്തതും. ജനങ്ങൾക്ക് തൊഴിലവസരങ്ങളും വരുമാന സാദ്ധ്യതകളും വർദ്ധിപ്പിക്കുന്നതിന് അടിസ്ഥാന സമ്പത്തുല്പാദന മേഖലകളുടെ വികസനം സുപ്രധാനമാണ്. അതുകൊണ്ടുതന്നെ ഭരണഘടനയുടെ അന്തസത്ത ഉൾക്കൊണ്ടുകൊണ്ട് കാർഷികമേഖലയിലും അനുബന്ധ മേഖലകളിലും ഇടപെടുന്നതിനും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെ ശക്തിപ്പെടുത്തുന്നതിനുമുള്ള പരിശ്രമങ്ങൾ ജനകീയാസൂത്രണ പ്രസ്ഥാനം ആദ്യം മുതൽ നടത്തിയിട്ടുണ്ട്.

കാർഷിക വികസനത്തിനും ഭക്ഷ്യോല്പാദന വർദ്ധനവിനും ഒട്ടുവളരെ സാദ്ധ്യതകൾ കേരളത്തിൽ ഇന്നും നിലനിൽക്കുന്നു എന്നത് നാം കാണാതിരുന്നുകൂടാ. കൃഷി മുഖ്യ ഉപജീവന മാർഗ്ഗമായി സ്വീകരിച്ചിട്ടുള്ള 30 ശതമാനത്തോളം കുടുംബങ്ങൾ ഇന്നും കേരളത്തിലുണ്ട്. ഇത് കൂടാതെ കൃഷിയിൽ ആഭിമുഖ്യമുള്ളവരും കൃഷിയിൽ നിന്നും ചെറിയ രീതിയിൽ ആണെങ്കിൽ പോലും ഉപജീവനമാർഗ്ഗം കണ്ടെത്തുന്ന 60 ശതമാനത്തോളം ആളുകൾ വേറെയുമുണ്ട്. നമ്മുടെ സംസ്ഥാനത്തിന്റെ ഭക്ഷ്യോൽപ്പാദന വളർച്ചയ്ക്കും ഭക്ഷ്യസുരക്ഷ ഉറപ്പാക്കുന്നതിലും ഇവരുടെ പങ്ക് നിർണ്ണായകമാണ്. എല്ലാ മേഖലകളിലും പൂർണ്ണമായ ഭക്ഷ്യ സ്വയംപര്യാപ്തത കൈവരിക്കാൻ കഴിഞ്ഞില്ലെങ്കിലും പച്ചക്കറി, പഴങ്ങൾ, പാല്, മുട്ട, മാംസം എന്നിവയുടെ ഉല്പാദനത്തിൽ ഏറെക്കുറെ സ്വയംപര്യാപ്തത ഉറപ്പാക്കാൻ നമുക്ക് കഴിയും. ഈ രംഗത്ത്

പരമ്പരാഗത ജലസ്രോതസ്സുകളുടെ സംരക്ഷണത്തിനും നവീകരണത്തിനും അതോടൊപ്പം ജലസംരക്ഷണത്തിനും തദ്ദേശഭരണസ്ഥാപനങ്ങളുടെ നേതൃത്വത്തിൽ നടപ്പാക്കിയ വൈവിദ്ധ്യമാർന്ന പ്രവർത്തനങ്ങൾ പാരിസ്ഥിതിക വ്യവസ്ഥയെ ശക്തിപ്പെടുത്തുന്നതിനും കാർഷിക വികസനത്തിനും വലിയൊരളവിൽ സഹായിച്ചിട്ടുണ്ട്.

അഭിമാനകരമായ വിജയം കൈവരിക്കാൻ കഴിഞ്ഞ നിരവധി പ്രദേശങ്ങൾ നമ്മുടെ സംസ്ഥാനത്തുണ്ട് എന്നതും ശ്രദ്ധേയമാണ്. തദ്ദേശഭരണസ്ഥാപനങ്ങളുടെയും സഹകരണ സ്ഥാപനങ്ങളുടെയും സഹായത്തോടെ പ്രാദേശിക സമൂഹത്തിന്റെ ഇടപെടലുകളിലൂടെ ഭക്ഷ്യോൽപ്പാദനം വർദ്ധിപ്പിക്കുന്നതിനും ഭക്ഷ്യസുരക്ഷ കൈവരിക്കുന്നതിനും നടത്തിയ ഇത്തരം പരിശ്രമങ്ങളെ വ്യാപിപ്പിക്കുന്നതിനാണ് കഴിഞ്ഞ അഞ്ച് വർഷക്കാലം സംസ്ഥാന സർക്കാരിന്റെ സഹായത്തോടെ തദ്ദേശഭരണസ്ഥാപനങ്ങൾ പരിശ്രമിച്ചത്. ഹരിത കേരളം മിഷന്റെയും സുഭിക്ഷ കേരളം പദ്ധതിയുടെയും കൃഷി വകുപ്പിന്റെയും സഹായങ്ങൾ ഇക്കാര്യത്തിൽ തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് വലിയതോതിൽ ലഭിക്കുകയും ചെയ്തു. ഭക്ഷ്യവിളകൾ കൃഷി ചെയ്യുന്ന ഭൂവിസ്തൃതിയിൽ വലിയ തോതിൽ കുറവുണ്ടായിട്ടും ഭക്ഷ്യോൽപ്പാദനത്തിൽ വലിയ തോതിലുള്ള വളർച്ചയാണ് കഴിഞ്ഞ അഞ്ച് വർഷക്കാലം കൈവരിക്കാൻ കഴിഞ്ഞത്.

സമഗ്രവും സംയോജിതവുമായ ഇടപെടലുകൾ

കേരളത്തിന്റെ ഭക്ഷ്യസുരക്ഷ ഉറപ്പാക്കുന്നതിനും പ്രാദേശിക ഭക്ഷ്യ വ്യവസ്ഥ ശക്തിപ്പെടുത്തുന്നതിനും സമഗ്രമായ കാർഷിക വികസന സമീപനവും സംയോജിതമായ ഇടപെടലുകളും അത്യന്താപേക്ഷിതമാണ്. ഇതിന് വിവിധ വികസനവകുപ്പുകളുടെ യോജിച്ച പ്രവർത്തനം ഉറപ്പാക്കേണ്ടതുണ്ട്. നവകേരള മിഷന്റെ ഭാഗമായി രൂപം കൊടുത്ത “ഹരിത കേരളം മിഷൻ”ഇത്തരമൊരു ലക്ഷ്യത്തോടെയുള്ള സുപ്രധാനമായ കാൽവെയ്പ്പായിരുന്നു. കൃഷി, മൃഗസംരക്ഷണം, ക്ഷീരവികസനം, മൽസ്യ വികസനം, ജലവിഭവം, സഹകരണം, വ്യവസായം എന്നീ വകുപ്പുകളുടെ പരസ്പര സഹകരണം “ഹരിത കേരളം” മിഷനിലും തുടർന്ന് “സുഭിക്ഷ കേരളം” പരിപാടിയിലും ഉറപ്പാക്കാൻ സംസ്ഥാന ഗവൺമെന്റിനു കഴിഞ്ഞു. അധികാര വികേന്ദ്രീകരണത്തിന്റെ കാൽ നൂറ്റാണ്ടിനിടയിൽ. വിവിധ വകുപ്പുകളുടെ പരസ്പര സഹകരണം ഇത്രയേറെ ഉറപ്പാക്കി പ്രാദേശിക വികസനത്തിൽ പ്രയോജനപ്പെടുത്തുവാൻ കഴിഞ്ഞ മറ്റൊരു കാലഘട്ടം ഉണ്ടായിട്ടില്ല എന്നത് ഏറെ ശ്രദ്ധേയമാണ്. കാർഷിക വളർച്ചയ്ക്ക് ദോഷകരമായി സംഭവിച്ച പരിസ്ഥിതി തകർച്ചയും, പ്രകൃതി വിഭവങ്ങളുടെ ശോഷണവും, ഭൂവിനിയോഗത്തിലെ അശാസ്ത്രീയമായ ഇടപെടലുകളും തിരിച്ചറിഞ്ഞുകൊണ്ട് പാരിസ്ഥിതിക വ്യവസ്ഥയെ കൂടുതൽ ജീവിത സുരക്ഷയ്ക്ക് സഹായകരമായ വിധത്തിൽ മാറ്റിത്തീർക്കുന്നതിനും “ഹരിത കേരളം”മിഷനിലൂടെ പ്രവർത്തനങ്ങൾ ഏറ്റെടുത്ത് നടപ്പാക്കുകയുണ്ടായി. കേരളത്തിന്റെ സുസ്ഥിര വികസന ലക്ഷ്യങ്ങൾ കൈവരിക്കുന്നതിന് തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് ഫലപ്രദമായി ഇടപെടുന്നതിനും കരുത്ത് പകർന്നത് സംസ്ഥാന സർക്കാരിന്റെ ഇത്തരത്തിലുള്ള സമഗ്രവും സംയോജിതവുമായ വികസന കാഴ്ചപ്പാടോടു കൂടിയ ഇടപെടലുകളാണ്.

കാർഷിക വികസനവുമായി ശുചിത്വ-മാലിന്യ സംസ്കരണ പ്രവർത്തനങ്ങളെ സംയോജിപ്പിക്കുന്നതിനും ജനകീയ പങ്കാളിത്തത്തോടെ ഗാർഹിക മാലിന്യങ്ങൾ ഉറവിടത്തിൽ തന്നെ സംസ്കരിക്കുന്നതിനും അതുവഴി ജൈവവളം കൃഷിയ്ക്ക് പ്രയോജനപ്പെടുത്തുന്നതിനും കഴിഞ്ഞു. ശാസ്ത്രീയമായ മാലിന്യ സംസ്കരണ പരിപാലന പ്രവർത്തനങ്ങൾ തദ്ദേശഭരണസ്ഥാപനങ്ങളുടെ നേതൃ

ത്വത്തിൽ നടപ്പാക്കുക വഴി ജൈവവള ലഭ്യത വർദ്ധിപ്പിക്കുന്നതിനും മണ്ണിന്റെ ജൈവഘടന വീണ്ടെടുക്കുന്നതിനും അവസരമൊരുക്കി. പൊതുസ്ഥലങ്ങളിലെയും പൊതു ജലാശയങ്ങളിലെയും മാലിന്യ നിക്ഷേപം തടയുന്നതിന് കഴിയുക വഴി കൂടുതൽ ജീവിതയോഗ്യമായ നാടിനെ സൃഷ്ടിക്കുന്നതിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് മികവുള്ള പ്രവർത്തനങ്ങൾ കാഴ്ചവയ്ക്കുന്നതിനും കഴിഞ്ഞിട്ടുണ്ട്. പരമ്പരാഗത ജലസ്രോതസ്സുകളുടെ സംരക്ഷണത്തിനും നവീകരണത്തിനും അതോടൊപ്പം ജലസംരക്ഷണത്തിനും തദ്ദേശഭരണസ്ഥാപനങ്ങളുടെ നേതൃത്വത്തിൽ നടപ്പാക്കിയ വൈവിദ്ധ്യമാർന്ന പ്രവർത്തനങ്ങൾ പാരിസ്ഥിതിക വ്യവസ്ഥയെ ശക്തിപ്പെടുത്തുന്നതിനും കാർഷിക വികസനത്തിനും വലിയൊരളവിൽ സഹായിച്ചിട്ടുണ്ട്. സംയോജിത നീർത്തട വികസനത്തിനായി തദ്ദേശഭരണസ്ഥാപനങ്ങൾ നടപ്പാക്കിയ ആസൂത്രണ-നിർവ്വഹണ പ്രവർത്തനങ്ങൾ കേരളത്തിന്റെ കാർഷിക വളർച്ചയ്ക്കും സുസ്ഥിര വികസനത്തിനും ഗുണപരമായ സംഭാവനകളാണ് നൽകിയിട്ടുള്ളത്. ഓരോ പ്രദേശത്തെയും ഭൂപ്രകൃതിയ്ക്ക് അനുയോജ്യമായ സാങ്കേതിക വിദ്യ പ്രയോജനപ്പെടുത്തിക്കൊണ്ട് മണ്ണിനെയും ജലത്തെയും സംരക്ഷിക്കുന്നതിനായി തദ്ദേശഭരണസ്ഥാപനങ്ങൾ നടപ്പാക്കിയ പ്രവർത്തനങ്ങൾ പരിസ്ഥിതി സംരക്ഷണത്തിനും പുതിയ പാഠങ്ങൾ സംഭാവന ചെയ്യുകയുണ്ടായി.

പ്രാദേശിക ഭക്ഷ്യ വ്യവസ്ഥ ശക്തിപ്പെടുത്താൻ സുഭിക്ഷ കേരളം

കൊവിഡ്19 മഹാമാരി ഭക്ഷ്യസുരക്ഷയ്ക്ക് എതിരെ കടുത്ത വെല്ലുവിളികളാണ് ആഗോളതലത്തിൽ തന്നെ ഉയർത്തിയിട്ടുള്ളത്. കാർഷികമേഖലയിലും ഭക്ഷ്യോൽപ്പാദനത്തിലും വലിയ തകർച്ചയാണ് ഇതുമൂലം ഉണ്ടായിട്ടുള്ളത്. രാജ്യത്താകെ മാസങ്ങൾ നീണ്ടുനിന്ന അടച്ചുപൂട്ടലിന്റെ ഫലമായി ഭക്ഷ്യോൽപ്പന്നങ്ങൾ യഥാസമയം വിളവെടുക്കാനോ ആവർത്തന കൃഷിയിറക്കുന്നതിനോ കർഷകർക്ക് കഴിഞ്ഞില്ല. രാജ്യത്ത് ഏറ്റവുമധികം കാർഷികോൽപ്പന്നങ്ങളുടെയും ഭക്ഷ്യോൽപ്പന്നങ്ങളുടെയും വിളവെടുപ്പ് നടക്കുന്ന മാർച്ച്, ഏപ്രിൽ, മെയ് മാസങ്ങളിൽ ഉണ്ടായ അടച്ചുപൂട്ടലിന്റെ ഫലമായി രാജ്യത്തെ ഭക്ഷ്യസുരക്ഷയിലും പ്രാദേശിക ഭക്ഷ്യവ്യവസ്ഥയിലും ദൂരവ്യാപകമായ പ്രത്യാഘാതങ്ങൾക്കിടവരുത്തിയിട്ടുണ്ട് എന്നുറപ്പാണ്. ആഭ്യന്തര ഭക്ഷ്യോൽപ്പാദനത്തിൽ ഏറെ പിന്നിൽ നിൽക്കുന്നതും മറ്റ് സംസ്ഥാനങ്ങളെ വലിയ തോതിൽ ആശ്രയിക്കേണ്ടി വരുന്നതുമായ സംസ്ഥാനമാണല്ലോ കേരളം. അതുകൊണ്ടുതന്നെ കൊവിഡ് മഹാമാരിയുടെ പശ്ചാത്തലത്തിൽ കേരളത്തിലേക്കുള്ള ഭക്ഷ്യസാധനങ്ങളുടെ വരവിൽ അനിശ്ചിതത്വം ഉണ്ടാകാനിടയുണ്ട്. ഇത്തരമൊരു സാഹചര്യം കണക്കിലെടുത്തുകൊണ്ട് ഭക്ഷ്യസാധനങ്ങളുടെ ആഭ്യന്തര ഉല്പാദനം പരമാവധി വർദ്ധിപ്പിക്കുന്നതിനും പ്രാദേശിക ഭക്ഷ്യ വ്യവസ്ഥയെ ശക്തിപ്പെടുത്തുന്നതിനും സംസ്ഥാന സർക്കാർ ആവിഷ്കരിച്ച ബൃഹത്തായ ഭക്ഷ്യോൽപ്പാദന പദ്ധതിയാണ് “സുഭിക്ഷ കേരളം”.

“ഹരിത കേരളം”പദ്ധതിയുടെ വിപുലീകൃതവും കൂടുതൽ സമഗ്രതയുള്ളതുമായ കാർഷിക വികസന പരിപാടിയായി സുഭിക്ഷകേരളം മാറുകയാണ്. ഭക്ഷ്യസാധനങ്ങളുടെ ഉല്പാദനം പ്രാദേശികമായി വർദ്ധിപ്പിക്കുന്നതിനും വിവിധ വകുപ്പുകളുടെ സഹായത്തോടെയും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിലുമാണ് സുഭിക്ഷ കേരളം പദ്ധതി നടപ്പാക്കുന്നത്. കൃഷി, മൃഗസംരക്ഷണം, ക്ഷീരവികസനം, ഫിഷറീസ്, ജലവിഭവം, വ്യവസായം, സഹകരണം എന്നീ വകുപ്പുകളുടെ പദ്ധതിസഹായം സുഭിക്ഷകേരളം പദ്ധതിയുടെ നിർവ്വഹണത്തിൽ ഉറപ്പാക്കാൻ സംസ്ഥാന സർക്കാരിന് കഴിഞ്ഞു എന്നതാണ് ഏറ്റവും ശ്രദ്ധേയമായ നേട്ടം. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതിവിഹിതത്തിൽ നിന്നും ഉല്പാദനമേഖലയിൽ വകയിരുത്തുന്ന 914 കോടി രൂപയ്ക്കു പുറമെ കൃഷിവകുപ്പിന്റെ 1449 കോടിയും മൃഗസംരക്ഷണ വകുപ്പിന്റെ 118 കോടിയും ക്ഷീ

രവികസന വകുപ്പിന്റെ 215 കോടിയും മൽസ്യ വികസന വകുപ്പിന്റെ 278 കോടി രൂപയും ഉൾപ്പെടെ 3600 കോടിയിലധികം വരുന്ന പദ്ധതിസഹായം സുഭിക്ഷ കേരളം പദ്ധതിക്കായി വിനിയോഗിക്കുന്നതിനാണ് സംസ്ഥാന സർക്കാർ തീരുമാനിച്ചിട്ടുള്ളത്. ഇതോടൊപ്പംതന്നെ സഹകരണ സ്ഥാപനങ്ങളുടെ വായ്പാ സഹായവും നബാർഡ് ഉൾപ്പെടെയുള്ള വികസന ഏജൻസികളുടെ സഹായവും സുഭിക്ഷ കേരളം പദ്ധതിക്കായി പ്രയോജനപ്പെടുത്തണമെന്നാണ് സംസ്ഥാന സർക്കാർ തീരുമാനം. അതോടൊപ്പം തന്നെ മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി, കുടുംബശ്രീ എന്നിവയുടെ പ്രവർത്തനങ്ങൾ സുഭിക്ഷ കേരളം പദ്ധതിയുമായി സംയോജിപ്പിച്ചുകൊണ്ട് മുന്നോട്ട് കൊണ്ടുപോകണമെന്നാണ് സംസ്ഥാന സർക്കാർ തീരുമാനമെടുത്തിട്ടുള്ളത്. കേരള ചരിത്രത്തിൽ മുമ്പൊരിക്കലും കൈവരിക്കാൻ കഴിയാത്ത വിവിധ വകുപ്പുകളുടെ സംയോജിതവും ഏകോപിതവുമായ ഇത്തരം ഒരു ഇടപെടൽ കേരളത്തിന്റെ പ്രാദേശിക സാമ്പത്തിക വികസനത്തിലും ആഭ്യന്തര ഉല്പാദന വളർച്ചയിലും പുതിയൊരു കുതിപ്പിന് വഴി തെളിയിക്കുമെന്നുറപ്പാണ്.

ജനകീയാസൂത്രണ പ്രസ്ഥാനം വളർത്തിയെടുത്ത ജനകീയ പങ്കാളിത്തത്തിന്റെയും സമഗ്രവും സംയോജിതവുമായ വികസന ഇടപെടലുകളുടെയും സർഗ്ഗാത്മകത പ്രയോജനപ്പെടുത്തി കാർഷിക വികസനത്തിനും ഭക്ഷ്യോല്പാദന വർദ്ധനവിനും പ്രാദേശിക ഭക്ഷ്യ വ്യവസ്ഥ ശക്തിപ്പെടുത്തുന്നതിനും സുഭിക്ഷ കേരളത്തിലൂടെ കേരളത്തിലെ തദ്ദേശഭരണസ്ഥാപനങ്ങൾ നടപ്പാക്കുന്ന പ്രവർത്തനങ്ങൾ രാജ്യത്തിനാകെ പുതിയൊരു അനുഭവപാഠം നൽകുകയാണ്. വലിയ തോതിലുള്ള പൊതുനിക്ഷേപം കാർഷികമേഖലയിലും അനുബന്ധമേഖലകളിലും ഇതിലൂടെഉറപ്പാക്കാൻ കഴിയും. സ്വാഭാവികമായും അതനുസരിച്ച് ഉയർന്ന സ്വകാര്യ നിക്ഷേപവും കാർഷിക-അനുബന്ധ മേഖലകളിൽ ഉറപ്പുവരുത്തുന്നതിനും കഴിയുമെന്നുറപ്പാണ്. കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനും ഭക്ഷ്യോൽപ്പാദനത്തിൽ ഇന്ന് നിലനിൽക്കുന്ന പരാശ്രിതത്വം വലിയൊരളവിൽ കുറച്ചുകൊണ്ട് ജനങ്ങളുടെ വരുമാന വളർച്ചയും പ്രാദേശിക സമ്പദ് വ്യവസ്ഥയെ ശക്തിപ്പെടുത്തുന്നതിനും ശ്രദ്ധേയമായ മുന്നേറ്റം നടത്താൻ കേരളത്തിലെ തദ്ദേശ ഭരണസ്ഥാപനങ്ങൾക്ക് സുഭിക്ഷ കേരളം പദ്ധതിയിലൂടെ കഴിയും.

കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനും ഭക്ഷ്യോൽപ്പാദനത്തിൽ ഇന്ന് നിലനിൽക്കുന്ന പരാശ്രിതത്വം വലിയൊരളവിൽ കുറച്ചുകൊണ്ട് ജനങ്ങളുടെ വരുമാന വളർച്ചയും പ്രാദേശിക സമ്പദ് വ്യവസ്ഥയെ ശക്തിപ്പെടുത്തുന്നതിനും ശ്രദ്ധേയമായ മുന്നേറ്റം നടത്താൻ കേരളത്തിലെ തദ്ദേശ ഭരണസ്ഥാപനങ്ങൾക്ക് സുഭിക്ഷ കേരളം പദ്ധതിയിലൂടെ കഴിയും.

അധികാരവികേന്ദ്രീകരണം ശക്തിപ്പെടുത്തുന്നതിനും തദ്ദേശഭരണസ്ഥാപനങ്ങളിൽ അർപ്പിതമായ ചുമതലകളും ഉത്തരവാദിത്വങ്ങളും കാര്യക്ഷമമായും ഫലപ്രദമായും നിർവ്വഹിക്കുന്നതിനും സംസ്ഥാന ഗവൺമെന്റിന്റെ നിരന്തരമായ പിന്തുണയും സഹായങ്ങളും എത്രമാത്രം പ്രാധാന്യമേറിയതാണ് എന്നും കഴിഞ്ഞ അഞ്ച് വർഷക്കാലത്തെ അനുഭവങ്ങൾ തെളിയിക്കപ്പെട്ടു. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് അധികാരങ്ങളും വിഭവശേഷിയും കൈമാറുക എന്നതുകൊണ്ടുമാത്രം അധികാരവികേന്ദ്രീകരണം അർത്ഥപൂർണ്ണമാകണമെന്നില്ല. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് കൈമാറിയ അധികാരങ്ങളും വികസനപരമായ ഉത്തരവാദിത്വങ്ങളും ഫലപ്രദമായി വിനിയോഗിക്കുന്നതിനും പ്രാദേശിക വികസന ലക്ഷ്യങ്ങൾ കൈവരിക്കുന്നതിനും സംസ്ഥാന ഗവൺമെന്റിന്റെയും വിവിധ വകുപ്പുകളുടെയും സഹായങ്ങളും പരിരക്ഷയും എത്രമാത്രം പ്രാധാന്യമേറിയതാണെന്ന് കഴിഞ്ഞ അഞ്ച് വർഷക്കാലം കൊണ്ട് സംസ്ഥാന സർക്കാർ തെളിയിക്കുകയുണ്ടായി. തദ്ദേശഭരണസ്ഥാപനങ്ങൾക്ക് കാർഷിക വികസനത്തിനും ഭക്ഷ്യോൽപ്പാദന വർദ്ധനവിനും പ്രാദേശിക ഭക്ഷ്യവ്യവസ്ഥ ശക്തിപ്പെടുത്തുന്നതിനും ഈ രംഗത്ത് വിസ്മയകരമായ നേട്ടങ്ങൾ കൈവരിക്കുന്നതിന് കഴിഞ്ഞതും സംസ്ഥാന സർക്കാരിന്റെ പിന്തുണയും സഹായവും ലഭിച്ചതുകൊണ്ടുമാത്രമാണ്. ഹരിതകേരളം മിഷന്റെയും പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെയും ആർദ്രം മിഷന്റെയും ലൈഫ് പദ്ധതിയുടെയും വിജയകരമായ നടത്തിപ്പും അഭിമാനകരമായ നേട്ടങ്ങളും സംസ്ഥാന സർക്കാരിന്റെയും തദ്ദേശഭരണസ്ഥാപനങ്ങളുടെയും സംയോജിതമായ വികസന ഇടപെടലുകളുടെ മഹത്തായ പാഠങ്ങളാണ് രാജ്യത്തിന് സംഭാവന നൽകുന്നത്. □

ലേഖകൻ ലോക്കൽ ഗവൺമെന്റ് കമ്മീഷൻ അംഗമാണ്

പ്രാദേശിക കാര്യശേഷി വികസനം കാൽനൂറ്റാണ്ട് പിന്നിടുമ്പോൾ

■ **ഡോ. ജോയ് ഇളമൺ**

1996 ൽ ജനകീയാസൂത്രണം പ്രഖ്യാപിക്കപ്പെട്ടപ്പോൾ തന്നെ കേരളമെമ്പാടും പങ്കാളിത്തത്തിൽ അധിഷ്ഠിതമായ വികേന്ദ്രീകൃത ആസൂത്രണ ക്യാമ്പയിൻ കൂടി ആരംഭിച്ചു. ശക്തമായ ഒരു ജനകീയ പ്രസ്ഥാനത്തിന്റെ തുടക്കമായിരുന്നു അത്. എല്ലാ തരത്തിലുമുള്ള കാര്യശേഷി വികസനത്തിനായിരുന്നു ഊന്നൽ.

പ്രാദേശിക വികസന രംഗത്ത് വമ്പിച്ച മാറ്റത്തിന് തുടക്കം കുറിച്ചു എന്നതാണല്ലോ ജനകീയാസൂത്രണത്തിന്റെ ഏറ്റവും പ്രധാനപ്പെട്ട നേട്ടം എന്ന് നാം പറയുക. എന്നാൽ അതിനുമപ്പുറം ജനകീയാസൂത്രണത്തിലൂടെ ആർജ്ജിച്ച പ്രാദേശിക കാര്യശേഷിയാണ് ഏറെ പ്രധാനം. പ്രാദേശിക ഭരണവും വികസന ആസൂത്രണവും തുടർന്നുള്ള നിർവ്വവഹണവുമെല്ലാം ഏറ്റെടുക്കാൻ പ്രാദേശിക തലത്തിൽ കഴിവില്ല എന്ന നിലപാടിലാണല്ലോ അധികാര വികേന്ദ്രീകരണം അര നൂറ്റാണ്ടു വൈകിയത്. എന്നാൽ അത് ഇന്ന് കേരളത്തിലെങ്കിലും ഒരു പഴങ്കഥ മാത്രം.

ജനകീയാസൂത്രണം ആരംഭിക്കുമ്പോൾ പലരും ചോദിച്ച ചില ചോദ്യങ്ങളുണ്ട്. ഞാൻ തന്നെ മുൻ ലേഖനങ്ങളിൽ അത് സൂചിപ്പിച്ചിട്ടുമുണ്ട്. അധികാരവികേന്ദ്രീകരണം പെട്ടെന്നു നടപ്പിലാക്കാവുന്ന ഒരു കാര്യമല്ല. ചില അടിസ്ഥാന മാറ്റങ്ങൾ ഏർപ്പെടുത്തി മാത്രമേ അധികാര വികേന്ദ്രീകരണത്തിനു തുനിയാവൂ.

നിയമങ്ങളും ചട്ടങ്ങളും രൂപപ്പെടുത്തണം. ആവശ്യമായ മനുഷ്യവിഭവശേഷി ഏർപ്പെടുത്തണം. താഴെത്തട്ടിൽ കാര്യമായ കാര്യശേഷി വികസിപ്പിച്ചെടുക്കണം. പക്ഷെ ഇവയൊക്കെ ആയതിനു ശേഷം വികേന്ദ്രീകരണം എന്നാണെങ്കിൽ അതിനുമുൻപത്തെ അര നൂറ്റാണ്ടു കാലത്തെ ചരിത്രത്തിൽ നിന്നും നാം ഒന്നും പഠിച്ചില്ല എന്ന് പറയേണ്ടി വരും. അധികാര വികേന്ദ്രീകരണം പോലെ ഒരു വിപ്ലവകരമായ മാറ്റത്തിന് ഭരണകൂടം തയ്യാറാകണം. വേറിട്ട പരിപാടികളിൽ താത്പര്യം ഉണ്ടാകണം. ഒരു വിഭാഗത്തിൽ താത്പര്യം ഉണ്ടാകുമ്പോൾ അതിനേക്കാൾ കരുത്തോടെ എതിർപ്പുകൾ ഉണ്ടായേക്കാം. മാത്രവുമല്ല അധികാര വികേന്ദ്രീകരണം തന്നിടം വരെ അല്ലെങ്കിൽ ആ ഒരു തലം വരെ എന്ന ചിന്തയ്ക്കാണ് പ്രാബല്യം. ആത്യന്തികമായി ജനങ്ങളിലും അവരുടെ കാര്യശേഷിയിലും വിശ്വാസമില്ലാത്ത ഭരണസംവിധാനം നിലനിൽക്കുന്നിടത്തോളം ഈ പ്രശ്നവും തുടരും. അങ്ങനെ വരുമ്പോൾ മേൽ സൂചിപ്പിച്ച കാര്യങ്ങൾ ഒരുക്കുവാൻ സാധ്യമാകാതെ വന്നേക്കാം.

പതിറ്റാണ്ടുകളായി നിലനിൽക്കുന്ന സംവിധാനങ്ങളിൽ വരുത്തേണ്ട ഏതൊരു മൗലികമായ മാറ്റവും ശ്രമകരമാണ്. അത്തരം മാറ്റങ്ങൾ വ്യക്തമായ ധാരണയോടെയും ആസൂത്രണത്തിലൂടെയും അടിയന്തിരം എന്ന രീതിയിൽ നടപ്പിലാക്കേണ്ടതാണ്. അതുകൊണ്ടാണ് വേറിട്ട മറ്റൊരു മാർഗ്ഗം ജനകീയാസൂത്രണത്തിൽ സ്വീകരിക്കേണ്ടി വന്നത് അത് 'ബിഗ് ബാങ്ങ്' എന്ന സമീപന രീതിയായിരുന്നു. അതായത് ജനകീയാസൂത്രണം ഒറ്റയടിക്ക് നടപ്പിലാക്കുക എന്ന തന്ത്രം. അത്തരമൊരു ചിന്തക്കടിസ്ഥാനം ഇതായിരുന്നു. ഇങ്ങനെ നടപ്പിലാക്കിയാൽ പദ്ധതിയുമായി മുന്നോട്ടുപോകുമ്പോൾ മേൽ സൂചിപ്പിച്ച സംഘടനാ സംവിധാനങ്ങൾ എല്ലാം ഒരുക്കുവാൻ ബന്ധപ്പെട്ടവർ തയ്യാറാകേണ്ടി വരും. അല്ലെങ്കിൽ തയ്യാറാക്കാൻ നിർബന്ധിതരാകേണ്ടി വരും. അത് അങ്ങനെ തയ്യാറാക്കുവാൻ, മെച്ചപ്പെട്ട അവസ്ഥയിൽ അതിനെ നിലനിർത്തുവാൻ സൂക്ഷ്മതല സംവിധാനങ്ങൾ വരെ അവർക്ക് മെച്ചപ്പെടുത്തേണ്ടതായി വരും. കാര്യശേഷി വികസനം എന്നാൽ കേവലം പരിശീലനം അല്ല എന്ന തിരിച്ചറിവ് നമുക്കുണ്ടാകേണ്ടിയിരിക്കുന്നു. പ്രവർത്തിക്കാൻ ആവശ്യമായ എല്ലാ സംവിധാനങ്ങളും, പരിശീലനമടക്കം ഒരുക്കുക എന്നതാണ് കാര്യശേഷി വികസനം കൊണ്ട് ഉദ്ദേശിക്കുന്നത്. അത്തരമൊരു കാര്യശേഷി വികസനത്തിലൂടെ മാത്രമേ അധികാരവികേന്ദ്രീകരണം ശക്തമാക്കാനാവൂ എന്നതാണ് യാഥാർത്ഥ്യം. ഇക്കാര്യം മുൻകൂട്ടി കണ്ടിരുന്നു എന്നതാണ് ജനകീയാസൂത്രണത്തിന്റെ ഒരു വിജയ രഹസ്യം. ശക്തമായ രാഷ്ട്രീയ ഇച്ഛാശക്തിയുടെ വിജയം.

1996 ൽ ജനകീയാസൂത്രണം പ്രഖ്യാപിക്കപ്പെട്ടപ്പോൾ തന്നെ കേരളമെമ്പാടും പങ്കാളിത്തത്തിൽ അധിഷ്ഠിതമായ വികേന്ദ്രീകൃത ആസൂത്രണ ക്യാമ്പയിൻ കൂടി ആരംഭിച്ചു. ശക്തമായ ഒരു ജനകീയ പ്രസ്ഥാനത്തിന്റെ തുടക്കമായിരുന്നു അത്. എല്ലാ തരത്തിലുമുള്ള കാര്യശേഷി വികസനത്തിനായിരുന്നു ഊന്നൽ.

'എല്ലാ തരത്തിലുമുള്ള കാര്യശേഷി വികസനം' എന്നെഴുതിയതിനു കാരണമുണ്ട്. മുൻപ് സൂചിപ്പിച്ചതുപോലെ പലപ്പോഴും കാര്യശേഷി വികസനം കേവലം പരിശീലനങ്ങൾ എന്ന നിലയിലാണ് കണക്കാക്കാറുള്ളത്. സ്ഥാപനങ്ങൾക്കാവശ്യമായ സംവിധാനങ്ങൾ, വ്യക്തമായ പ്രക്രിയകൾ, മാനവവിഭവശേഷി, പരിശീലനം എന്നിവയെല്ലാം ചേർന്നതാണ് കാര്യശേഷി വികസനം. ഇതെല്ലാമായിരുന്നുവല്ലോ ജനകീയാസൂത്രണ ക്യാമ്പയിനിന്റെ പ്രധാനപ്പെട്ട പ്രവർത്തന ഘടകങ്ങളും. കാര്യശേഷി വികസിപ്പിച്ചു എന്നത് മാത്രമല്ല, കാര്യശേഷി വികസനം സംബന്ധിച്ച് ഇതുവരെ കാണാത്ത രീതിശാസ്ത്രവും വികസിപ്പിക്കപ്പെട്ടു. ലോകത്തൊരിടത്തും അട്ടത്തെങ്ങുമുണ്ടാകാത്ത അത്ര ബൃഹത്തും വിപുലവുമായ കാര്യശേഷി

ജനകീയാസൂത്രണത്തിൽ പരിശീലനങ്ങൾക്കു നൽകിയ ഊന്നൽ ശ്രദ്ധേയമാണ്. അതിനു മുൻപ് നടന്നു വന്നിരുന്ന പരിശീലനങ്ങളിൽ നിന്നും ഏറെ വ്യത്യസ്തമായിരുന്നു ജനകീയാസൂത്രണ പരിശീലനങ്ങൾ. ഇത്രയും വിപുലമായ എല്ലാ പ്രദേശങ്ങളിലും ഒരേ സമയം ഒരു പോലെ നടപ്പിലാക്കുന്ന പരിശീലന പരിപാടി കാര്യശേഷി വികസന ചരിത്രത്തിലെ നാഴികക്കല്ലുകളിൽ ഒന്നാണ്.

വികസന പരിപാടിക്കാണ് ജനകീയാസൂത്രണം നേതൃത്വം നൽകിയത്.

പെട്ടെന്നൊരുദിനം കാര്യശേഷി വികസനം ആരംഭിച്ചു എന്ന് കരുതരുത്. ജനകീയാസൂത്രണത്തിനു മുൻപ് നടന്ന ഒട്ടേറെ പ്രവർത്തനങ്ങളിൽ നിന്നുള്ള അനുഭവ പാഠങ്ങൾ ആണ് നമ്മെ ജനകീയാസൂത്രണത്തിൽ എത്തിച്ചത്. ഭൂപരിഷ്കരണം പങ്കാളിത്ത ജനാധിപത്യത്തിന് അനുയോജ്യമായ കാലാവസ്ഥയുണ്ടാക്കി. അതിൽ നിന്നാണ് സാക്ഷരത, ഉയർന്ന വിദ്യാഭ്യാസനിലവാരം, രാഷ്ട്രീയ ബോധത്തിലൂന്നിയ സന്നദ്ധ പ്രവർത്തന സാധ്യത ഇവയെല്ലാം രൂപീകരിക്കപ്പെട്ടത്. പ്രാദേശിക കാര്യശേഷി വികസനത്തിന്റെ ഉദാത്ത മാതൃകകളായിരുന്നുവല്ലോ സാക്ഷരതാ പ്രസ്ഥാനവും പങ്കാളിത്ത വിഭവ ഭൂപട നിർമ്മാണവും.

ജനകീയാസൂത്രണത്തിൽ പരിശീലനങ്ങൾക്കു നൽകിയ ഊന്നൽ ശ്രദ്ധേയമാണ്. അതിനു മുൻപ് നടന്നു വന്നിരുന്ന പരിശീലനങ്ങളിൽ നിന്നും ഏറെ വ്യത്യസ്തമായിരുന്നു ജനകീയാസൂത്രണ പരിശീലനങ്ങൾ. ഇത്രയും വിപുലമായ, ഇത്രയധികം ആളുകളിൽ എത്തുന്ന, എല്ലാ പ്രദേശങ്ങളിലും ഒരേ സമയം ഒരു പോലെ നടപ്പിലാക്കുന്ന പരിശീലന പരിപാടി കാര്യശേഷി വികസന ചരിത്രത്തിലെ നാഴികക്കല്ലുകളിൽ ഒന്നാണ്. വികേന്ദ്രീകൃത ജനാധിപത്യത്തെക്കുറിച്ചും ആസൂത്രണത്തെ കുറിച്ചും വികസനത്തെ കുറിച്ചും തുടങ്ങി സമസ്ത വികസന മേഖലകളും കൈകാര്യം ചെയ്ത പരിശീലന പരിപാടി മുമ്പെങ്ങും ഉണ്ടായിക്കാണില്ല. സംസ്ഥാന തലത്തിലും ജില്ലാതലത്തിലും ബ്ലോക്കുതലത്തിലും പഞ്ചായത്തുതലത്തിലും മുതൽ ചില ഘട്ടങ്ങളിൽ വാർഡുകളിൽ അടക്കം പരിശീലനങ്ങൾ. ഇതിനാവശ്യമായ പരിശീലകരുടെ വൻനിര തന്നെ സൃഷ്ടിക്കപ്പെട്ടു. വൈദഗ്ധ്യത്തോടൊപ്പം സാധാരണ ജനങ്ങളോട് ഇഴുകി ചേരാനും അവരുടെ ആവശ്യങ്ങൾക്കനുസരിച്ച് പഠന രീതികൾ കൈകാര്യം ചെയ്യാനും കഴിവുള്ള സന്നദ്ധ പ്രവർത്തകരായിരുന്നു അവരെല്ലാം. സംശയങ്ങൾ അപ്പപ്പോൾ ദൂരീകരിക്കപ്പെട്ടു. നിർദ്ദേശങ്ങൾ, ആവശ്യങ്ങൾ എന്നിവ മുകൾതട്ടുകളിലേക്ക് കൈമാറ്റം ചെയ്തു. സംസ്ഥാന തലത്തിൽ ഏർപ്പെടുത്തിയ കോർഡിനേഷൻ കമ്മിറ്റി അതിനനുസരിച്ച് സംവിധാനങ്ങളിൽ വരുത്തേണ്ട മാറ്റങ്ങൾ ഉറപ്പു വരുത്തി. അങ്ങനെ പരിശീലനങ്ങളിലൂടെ കാര്യശേഷി വികസനത്തിലെ മറ്റു ഘടകങ്ങളും കൈകാര്യം ചെയ്തു.

ക്യാമ്പയിന് ശേഷമെന്ത് എന്നതിനുള്ള ഉത്തരവും ഈ ഘട്ടത്തിൽ കണ്ടെത്തി. സെൻ കമ്മിറ്റിയുടെ ശുപാർശയുടെ അടിസ്ഥാനത്തിൽ കിലയെ കാര്യശേഷി വികസനത്തിനായുള്ള നോഡൽ ഏജൻസി ആയി പ്രഖ്യാപിച്ചു. ഈ മാറ്റത്തിന് സഹായകരമായി കപ്പാസിറ്റി ഡവലപ്പ്മെന്റ് ഫോർ ഡീസെൻട്രലൈസേഷൻ ഇൻ കേരള (CapDecK) പ്രൊജക്റ്റ് ആരംഭിച്ചു. ക്യാമ്പയിനിൽ നിന്നും സ്ഥാപനവത്കരണത്തിലേക്കുള്ള യാത്രയായിരുന്നു ഈ ഘട്ടം. കിലയുടെ നേതൃത്വത്തിലുള്ള പരിശീലനങ്ങൾക്കൊപ്പം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ സംവിധാനം ചിട്ടപ്പെടുത്തുവാനുള്ള നടപടികളും അതിന്റെ ഭാഗമായിരുന്നു. ഒരു പക്ഷെ ഒരു സർക്കാരിന്റെ കാലയളവിൽ തന്നെ സമൂലമായ അടിസ്ഥാന മാറ്റങ്ങൾ ആവിഷ്കരിച്ച് നടപ്പാക്കുകയും അതിനാവശ്യമായ കാര്യശേഷി വികസനം അടക്കമുള്ള കാര്യങ്ങളുടെ സ്ഥാപനവത്കരണം ഉറപ്പാക്കുകയും ചെയ്യുക എന്നത് കേരള ഭരണ ചരിത്രത്തിലെ അപൂർവ്വമായ ഏടാണ്. തുടർന്നുള്ള കാര്യശേഷി വികസന പ്രവർത്തനങ്ങളുടെ ചുക്കാൻ പിടിച്ചത് കില ആയിരുന്നു. അതോടൊപ്പം കിലയുടെയും കാര്യശേഷി വളർന്നു. രാജ്യത്തെമ്പാടും വിദേശത്തും അറിയപ്പെടുന്ന സ്ഥാപനമായി കില മാറി.

മുൻ ലേഖനങ്ങളിൽ പലരും ചൂണ്ടിക്കാണിച്ചിട്ടുള്ളത് പോലെ പ്രാദേശിക വികസനത്തിന്റെ ഒരു ഘട്ടം നാം പൂർത്തീകരിച്ചു. എന്നാൽ ഇനിയും ഒട്ടേറെ പ്രശ്നങ്ങൾ കൈകാര്യം ചെയ്യാനുണ്ട്. ന്യൂനതകൾ ഏറെയുണ്ട്. ഒപ്പം പുതിയ കാലത്തിനനുസൃതമായ വികസന പ്രശ്നങ്ങളും ആവശ്യങ്ങളും ഉണ്ട്. ഒരു പുതിയ കേരള സൃഷ്ടിക്കായുള്ള നവകേരള കർമ്മപദ്ധതിക്കനുസൃതമായ രീതിയിൽ നവകേരളത്തിനായി ജനകീയാസൂത്രണം പ്രഖ്യാപിക്കപ്പെട്ടു. ജനകീയാസൂത്രണത്തിന്റെ രണ്ടാം ഘട്ടത്തിലും നൂതനമായ ഒട്ടേറെ പരിപാടികളുമായി മുന്നോട്ടു നീങ്ങുകയാണ് കില. അതിനാവശ്യമായ പരിശീലന രീതിശാസ്ത്രം വികസിപ്പിക്കേണ്ടതുണ്ടായിരുന്നു. പുതിയ വിഷയങ്ങൾ ഏറെയുണ്ട്. ദുരന്തനിവാരണം, കാലാവസ്ഥാ വ്യതിയാനം, ജൈവവൈവിധ്യം, ലിംഗനീതി, ബാലസൗഹൃദം, ഭിന്നശേഷി സൗഹൃദം, വയോജന സൗഹൃദം തുടങ്ങി ഒട്ടനവധി വിഷയങ്ങളിൽ കില കാര്യശേഷി വികസന പരിപാടികൾ ആസൂത്രണം ചെയ്തു നടപ്പിലാക്കി വരുന്നു. സേവന ഗുണമേന്മ ഉറപ്പാക്കാനുള്ള ഐ. എസ്. ഓ. സർട്ടിഫിക്കേഷൻ യജ്ഞത്തിൽ മുന്നണിയിലാണ് കില ഇന്ന്. കൊവിഡ് കാലത്തിന്റെ സാഹചര്യത്തിൽ നൂറോളം ഓൺലൈൻ കോഴ്സുകളുമായി മറ്റു സംസ്ഥാനങ്ങൾക്ക് മാതൃകയായി കില മുന്നിലുണ്ട്.

കാര്യശേഷി വികസനത്തിൽ ഇതിനുമപ്പുറം നമ്മുടെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ മുന്നോട്ടു പോയി എന്നാണ 2018 ലെ പ്രളയം അതിജീവിക്കാൻ അവർ നടത്തിയ ശ്രമങ്ങളും കൊവിഡ് പ്രതിരോധ പ്രവർത്തനങ്ങളും നമ്മോടു പറയുന്നത്. പരിശീലനങ്ങളിലൂടെയും മറ്റുമുള്ള കാര്യശേഷി വികസനത്തിനൊപ്പം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ സ്വന്തം നിലയിൽ അവരുടെ കാര്യശേഷി വികസിപ്പിച്ചു എന്നാണ് അത് സൂചിപ്പിക്കുന്നത്. ജനകീയാസൂത്രണത്തിന്റെ ആരംഭകാലത്തിൽ നിന്നും പ്രാദേശിക തലത്തിൽ ഇന്ന് കാണുന്ന വികസനവും ഭരണക്രമവും സേവനങ്ങളും എല്ലാം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ആർജ്ജിച്ച കാര്യശേഷിയുടെ മികച്ച ഉദാഹരണങ്ങളാണ്. തീർച്ചയായും 1996 ൽ ആരംഭിച്ച ജനകീയാസൂത്രണ പ്രസ്ഥാനത്തിന്റെ ഏറ്റവും വലിയ നേട്ടവും താഴെത്തട്ടിൽ വികസിച്ചു വന്ന കാര്യശേഷി തന്നെ എന്ന് നിസംശയം പറയാം. ☐

ലേഖകൻ കില ഡയറക്ടർ ജനറലാണ്.

ദേശീയ ബിൽഡിംഗ് കോഡ്, മോഡൽ ബിൽഡിംഗ് ബൈലോ, സർക്കാർ നയങ്ങൾ, സമൂഹത്തിലെ പ്രത്യേക വിഭാഗങ്ങൾക്ക് നൽകേണ്ടുന്ന പരിഗണനകൾ, സുരക്ഷ, വിവിധ അഭിപ്രായങ്ങൾ, മുതലായവയ്ക്കു പരമാവധി പരിഗണന നൽകി 2019-ൽ പരിഷ്കരിച്ച പഞ്ചായത്ത്, മുനിസിപ്പൽ കെട്ടിട നിർമ്മാണ ചട്ടങ്ങൾ കൂടുതൽ ഇളവുകൾ നൽകി 2020-ൽ വീണ്ടും ഭേദഗതി ചെയ്തു.

കെട്ടിടനിർമ്മാണ ചട്ടങ്ങളിൽ ഭേദഗതി

നിർമ്മാണ അനുമതിക്ക് ഇനി കൂടുതൽ ഇളവുകൾ

■ **ജിജി ജോർജ്ജ്**

സ്വന്തം പുരയിടത്തിൽ നിർമ്മാണം നടത്തുമ്പോൾ, അത് ഉപയോഗിക്കുന്ന ആൾക്കു സൗകര്യപ്രദം ആയിരിക്കുകയും എന്നാൽ ചുറ്റുപാടുമുള്ളവർക്കു ദോഷകരവും പൊതു വികസന സൗകര്യങ്ങൾക്കു തടസ്സം സൃഷ്ടിക്കുന്നതും ആകരുത് എന്ന വിശാല കാഴ്ചപ്പാടിന്റെ അടിസ്ഥാനത്തിലാണ് കെട്ടിട നിർമ്മാണ ചട്ടങ്ങൾ രൂപീകരിക്കുന്നത്. Kerala Building Rule (KBR) – 1968 ആണ് സംസ്ഥാനത്ത് ആദ്യമായി രൂപീകരിച്ച കെട്ടിട നിർമ്മാണ ചട്ടം. ഇത് സംസ്ഥാനത്തെ നഗര പ്രദേശങ്ങൾക്കു വേണ്ടി മാത്രമായിരുന്നു. അക്കാലയളവിൽ പഞ്ചായത്ത് പ്രദേശങ്ങളിൽ കെട്ടിട നിർമ്മാണ ചട്ടം ബാധകമല്ലായിരുന്നു. ഈ ചട്ടങ്ങൾ 1984 ൽ പരിഷ്കരിച്ച് KBR-84, നിലവിൽ വന്നു. KBR-84 നിലവിലുണ്ടായിരുന്ന കാലയളവിൽ ഫീസ് ഈടാക്കി ചട്ടങ്ങളിൽ നിന്ന് ഇളവ് നൽകുന്നതിനുള്ള അധികാരം സർക്കാരിനുണ്ടായിരുന്നു. കേരള മുനിസിപ്പാലിറ്റി ആക്ടിലെ ഭേദഗതിയെ തുടർന്ന് കെട്ടിട നിർമ്മാണ ചട്ടങ്ങളിൽ നിന്ന് ഇളവ് നൽകുന്ന രീതി സർക്കാർ നിർത്തലാക്കിയതിനെ തുടർന്ന് പിന്നീട് KBR-84 പരിഷ്കരിച്ചത് 1999 ലാണ്. KBR-84 ന് പകരം Kerala Municipality Buildings Rules (KMBR)-1999 നിലവിൽ വന്നു. കെട്ടിട നിർമ്മാണ ചട്ടങ്ങളിൽ നിന്ന് ഇളവ് ഇല്ല എന്ന പശ്ചാത്തലത്തിൽ KBR-84 ചട്ടങ്ങളെ കഴിവതും ലഘൂകരിച്ചുകൊണ്ടാണ് പുതുതായി KMBR-1999 നിലവിൽ വന്നത്. നഗര പ്രദേശങ്ങളിലും ചില സ്പെഷ്യൽ ഗ്രേഡ് ഗ്രാമപഞ്ചായത്തുകളിലും KMBR-1999 ബാധകമായിരുന്നു. കേരളത്തിന്റെ വിസ്തൃതിയുടെ സിംഹഭാഗവും വരുന്ന ഗ്രാമപഞ്ചായത്തുകളിൽ അപ്പോഴും കെട്ടിട നിർമ്മാണ ചട്ടങ്ങൾ നിലവിലില്ലായിരുന്നു. കേരളത്തിലെ ഗ്രാമപഞ്ചായത്തുകളിലേക്കും കെട്ടിട നിർമ്മാണ ചട്ടം ബാധകമാക്കിയത് 2007 ലാണ്. അന്ന് നിലവിലുണ്ടായിരുന്ന KMBR – 1999 ഗ്രാമപഞ്ചായത്തുകളിലേക്കും ബാധകമാക്കുകയാണുണ്ടായത്. 2011 ലാണ് ഗ്രാമപഞ്ചായത്തുകൾക്കായി പ്രത്യേകം കെട്ടിട നിർമ്മാണ ചട്ടം രൂപീകരിച്ചതും ബാധകമാക്കിയതും. അങ്ങനെ Kerala Panchayat Building rule – 2011 നിലവിൽ വന്നു.

സുരക്ഷ, സ്വകാര്യത, സൗകര്യം, സുസ്ഥിരത, ആരോഗ്യകരമായ ജീവിതം, എന്നിവ കണക്കിലെടുത്തുള്ള സന്തുലിതമായ കാഴ്ചപ്പാടാണ് സമഗ്രമായ ചട്ടങ്ങളുടെ അടിസ്ഥാനം. കെട്ടിട നിർമ്മാണ ചട്ടങ്ങൾ ഒരിക്കലും rigid ആയിരിക്കാൻ പാടില്ല. നിർമ്മാണ മേഖലയിലും, നിർമ്മാണ രീതികളിലും, വികസന കാഴ്ചപ്പാടിലും സാങ്കേതികവിദ്യയിലും നാൾക്കുനാൾ ഉണ്ടായിക്കൊണ്ടിരിക്കുന്ന മാറ്റങ്ങൾ കണക്കിലെടുത്തുകൊണ്ട് ചട്ടങ്ങൾ കാലാനുസൃതമായി പരിഷ്കരിക്കേണ്ടതുണ്ട്. നിലവിലുണ്ടായിരുന്ന ചട്ടങ്ങളിലെ അപാകതകൾ എന്തെങ്കിലുമുണ്ടെങ്കിൽ അവ പരിഹരിക്കുക എന്നതും ഇങ്ങനെ പുതിയ കെട്ടിട നിർമ്മാണ ചട്ടങ്ങൾ രൂപീകരിക്കുമ്പോൾ പരിഗണിക്കേണ്ട വിഷയമാണ്.

ദേശീയ തലത്തിലെ ബിൽഡിങ്ങ്കോഡ്, മോഡൽ ബിൽഡിങ്ങ് ബൈലോ, സർക്കാരിന്റെ നയങ്ങൾ, സമൂഹത്തിലെ പ്രത്യേക വിഭാഗങ്ങൾക്ക് നൽകേണ്ടുന്ന പരിഗണനകൾ സംബന്ധിച്ച മാർഗ്ഗനിർദ്ദേശങ്ങൾ, സുരക്ഷ സംബന്ധിച്ച മാർഗ്ഗനിർദ്ദേശങ്ങൾ, വിവിധ തൽപരകക്ഷികളുടെ അഭിപ്രായങ്ങൾ, മുതലായവയും പരമാവധി പരിഗണന നൽകിയാണ് കെട്ടിടനിർമ്മാണ ചട്ടങ്ങൾ പരിഷ്കരിച്ചിരിക്കുന്നത്. ഇതെല്ലാം കണക്കിലെടുത്തുകൊണ്ട് കെട്ടിട നിർമ്മാണ ചട്ടങ്ങളെ പരിഷ്കരിക്കുകയും കേരള മുനിസിപ്പാലിറ്റി കെട്ടിടനനിർമ്മാണ ചട്ടങ്ങൾ 2019 (KMBR-2019), കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങൾ, 2019 (KPBR-2019) എന്നിവ നിലവിൽ വരുകയും ചെയ്തു. ഈ ചട്ടങ്ങളിൽ 2020 സെപ്റ്റംബർ 24ന് വീണ്ടും ഭേദഗതി വരുത്തി (Amendment) സർക്കാർ ഉത്തരവായിരുന്നു. ഭേദഗതിയെക്കുറിച്ചു ചുവടെ പ്രത്യേകം പരാമർശിക്കുന്നുണ്ട്.

KMBR -2019, KPBR-2019

മുൻപ് നിലവിലുണ്ടായിരുന്ന ചട്ടങ്ങളെ കാലാനുസൃതമായി പരിഷ്കരിക്കാനും വ്യത്യസ്ത രീതിയിൽ വ്യാഖ്യാനങ്ങൾക്കിടവരാത്ത രീതിയിൽ ചട്ടങ്ങളെ സമഗ്രമാക്കാനും, KMBR / KPBR – 2019 ലൂടെ ശ്രമിച്ചിട്ടുണ്ട്. ചട്ടങ്ങളുടെ കമ്പ്യൂട്ടർവത്ക്കരണത്തിന് സഹായിക്കുക, പരിസ്ഥിതി സംരക്ഷിച്ചു കൊണ്ടുള്ള നിർമ്മാണം, ആരോഗ്യകരവും സുരക്ഷിതവുമായ ആവാസ സാഹചര്യങ്ങൾ ഉറപ്പാക്കുന്ന ചട്ടങ്ങൾ നിലനിർത്തുക എന്നിങ്ങനെയുള്ള പരിഗണനകളുടെ കൂടി അടിസ്ഥാനത്തിലാണ് പുതിയ ചട്ടങ്ങൾ രൂപികരിച്ചിട്ടുള്ളത്.

പുതിയ കെട്ടിടനിർമ്മാണ ചട്ടത്തിലൂടെ, ചട്ടങ്ങൾ സംബന്ധിച്ച് കൂടുതൽ വ്യക്തത വന്നിരിക്കുന്നതിനാൽ, ഉദ്യോഗസ്ഥ തലത്തിലെ വ്യത്യസ്ത വ്യാഖ്യാനങ്ങൾ ഒഴിവാകുകയും, കൂടുതൽ വേഗത്തിൽ കെട്ടിട നിർമ്മാണ ഫയലുകളിൽ തീർപ്പാകുകയും ചെയ്യും. ചട്ടങ്ങൾക്ക് വിധേയമായി അപേക്ഷ സമർപ്പിച്ച് 60 ദിവസത്തിനുള്ളിൽ, തീരുമാനമാകുന്നില്ലെങ്കിൽ, ആയത് Deemed Permit ആയി മാറും എന്ന് ചട്ടത്തിൽ വ്യക്തമാക്കിയിരിക്കുന്നു. Deemed Occupancy ക്ക് ഉള്ള വ്യവസ്ഥയും ചട്ടത്തിൽ പുതുതായി ഉൾപ്പെടുത്തിയിട്ടുണ്ട് .

ഗ്രാമപ്രദേശങ്ങളിലെ ചെറിയ നിർമ്മാണങ്ങൾക്കു ധാരാളം ഇളവുകൾ പുതിയ കെട്ടിട നിർമ്മാണ ചട്ടത്തിൽ ഉൾപ്പെടുത്തിയിരിക്കുന്നു. 6 മീറ്റർ വീതിയിൽ താഴെയുള്ള ഗ്രാമീണ റോഡുകളിൽ (Unnotified road) നിന്നും, ഏക വാസഗൃഹങ്ങൾക്കു 2 മീറ്റർ മാത്രം അകലം നൽകിയാൽ മതി. മുൻപ് ഇത് 3 മീറ്ററായിരുന്നു. ഇങ്ങനെയുള്ള നിർമ്മാണങ്ങൾക്കു വശങ്ങളിൽ നൽകേണ്ട സെറ്റ് ബാക്ക് 1.2 മീറ്ററിൽ നിന്നും 1.0 മീറ്ററായി കുറച്ചു.

പുതിയ ചട്ടങ്ങളുടെ പ്രധാന പ്രത്യേകതകൾ

മുമ്പുണ്ടായിരുന്ന 161 ചട്ടങ്ങൾക്കു പകരം, സമാന വിഷയങ്ങളെ സംബന്ധിച്ച ചട്ടങ്ങൾ ഏകീകരിച്ചും ലഘൂകരിച്ചും , പുതിയ ചട്ടങ്ങളിൽ 109 എണ്ണം ആയി ചുരുക്കിയിട്ടുണ്ട്.

- പുതിയ മുനിസിപ്പാലിറ്റി കെട്ടിട നിർമ്മാണ ചട്ടങ്ങളിലും പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങളിലും ഒരേ കാര്യത്തെ സംബന്ധിച്ച ചട്ടങ്ങൾക്കു ഒരേ ചട്ടനമ്പർ നൽകിയിരിക്കുന്നു.
- നിലവിലെ കെട്ടിട നിർമ്മാണ ചട്ടങ്ങളിൽ, സെറ്റ് ബാക്ക് റൂളുകൾ ഓരോ ഗണത്തിൽപ്പെടുന്ന കെട്ടിടങ്ങൾക്കും പ്രത്യേകം റൂളുകളായി നൽകിയിരുന്നു. പുതുക്കിയ റൂളിൽ സെറ്റ് ബാക്കുകൾ എല്ലാം ഒരു ചട്ടത്തിന്റെ (ചട്ടം 26) ഭാഗമാക്കിയിരിക്കുന്നു.
- കൂടുതൽ വ്യക്തത വരുത്തുന്നതിനായി, നിയമപരമായി കെട്ടിടത്തിനു വേണ്ടുന്ന എല്ലാ അനുമതികളും, എൻ.ഒ.സി.യും ഒറ്റ റൂളിന്റെ (റൂൾ 5) പരിധിയിൽ കൊണ്ടുവന്നിരിക്കുന്നു.
- പഴയ ചട്ടം അനുസരിച്ച്, റോഡിനോട് ചേർന്നുള്ള പുരയിടത്തിൽ കെട്ടിട നിർമ്മാണം നടത്തുമ്പോൾ, കെട്ടിടത്തിന്റെ ഉയരം കണക്കാക്കുന്നത് റോഡിന്റെ ശരാശരി നിരപ്പിൽ നിന്നും അല്ലാത്ത പക്ഷം പുരയിടത്തിന്റെ ശരാശരി നിരപ്പിൽ നിന്നുമാണ്. പുതിയ റൂളിൽ ഇത് എല്ലായ്പ്പോഴും പുരയിടത്തിന്റെ ശരാശരി നിരപ്പിൽ നിന്നും എന്നാക്കിയിരിക്കുന്നു. ചട്ടം 2(1).
- നിലവിലെ ചട്ടത്തിൽ FSI, കവറേജ്, ഇവയുടെ weighted average കണക്കാക്കുന്നതിനുള്ള എളുപ്പത്തിനായി formula നൽകിയിരിക്കുന്നു.
- വിവിധ ഉപയോഗങ്ങളെ ഒറ്റകെട്ടിടത്തിൽ അനുവദിക്കുന്ന തരത്തിൽ ഒരു പുതിയ തരം കെട്ടിട ഗണം (Multiplex Complex) ചട്ടത്തിൽ ഉൾപ്പെടുത്തിയിരിക്കുന്നു.
- Urban Forestry, Green Building, ECBC എന്നിവ പുതുതായി ഉൾപ്പെടുത്തിയിരിക്കുന്നു (ചട്ടം 5, 76(3), 2(1)).
- കെട്ടിട നിർമ്മാണ ശേഷം, അനുവദനീയ പ്ലാനിൽ നിന്നുള്ള വ്യതിയാനം ഒഴിവാക്കുന്നതിനായി Post Occupancy Audit ചട്ടത്തിൽ ഉൾപ്പെടുത്തിയിരിക്കുന്നു (ചട്ടം 21). കൂടാതെ Occupancy നല്കുമ്പോൾ ഒരു Completion Plan അംഗീകരിച്ചു നൽകുകയും വേണം. ആയതിനാൽ occupancy കിട്ടിയതിനുശേഷം അനധികൃത നിർമ്മാണം നടത്തിയാൽ പെട്ടെന്നു കണ്ടുപിടിക്കാൻ സാധിക്കും.
- കെട്ടിടങ്ങളിലെ മാലിന്യനിർമ്മാർജ്ജന സംവിധാനത്തിനായി പ്രത്യേകം ചട്ടങ്ങൾ ഉൾപ്പെടുത്തിയിരിക്കുന്നു (ചട്ടം 79).
- പുതിയ കെട്ടിടങ്ങൾക്കു ചുറ്റും മരങ്ങൾ വച്ചുപിടിപ്പിക്കുന്നത് പ്രോത്സാഹിപ്പിക്കുന്ന തരത്തിൽ പുതിയ ചട്ടം ഉൾപ്പെടുത്തിയിരിക്കുന്നു (ചട്ടം 76(3)).
- ലേ ഔട്ട്, യൂസേജ് ഓഫ് പ്ലോട്ട് എന്നിവ പരിശോധിക്കുമ്പോൾ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ ചട്ടമായി ഉൾപ്പെടുത്തിയിരിക്കുന്നു (ചട്ടം 5(6)).
- നിലവിലെ ചട്ടത്തിനു വിവിധ സ്ഥലങ്ങളിൽ പറഞ്ഞിരിക്കുന്ന Stair cases, Fire escape stair cases എന്നിവ ഒറ്റ ചട്ടത്തിൽ കൊണ്ടുവന്നു (ചട്ടം 35).
- Large Scale Development നുള്ള സ്ഥല വിസ്തീർണ്ണ പരിധി 2 ഹെക്ടറിൽ നിന്നും 1 ഹെക്ടറായി കുറച്ചു. (അദ്ധ്യായം IX). വലിയ രീതിയിലുള്ള മൂലധന നിക്ഷേപം ഉണ്ടാകുന്നതിനു ഇതു ഗുണകരമാകും.
- പെർമിറ്റ് കാലാവധി 5 വർഷമായി ഉയർത്തി. (ചട്ടം 15) ആയതു കൊണ്ട് permit renew ചെയ്യാതെ തന്നെ കെട്ടിടത്തിന്റെ നിർമ്മാണം പൂർത്തികരിക്കുവാൻ സാധിക്കും.
- വാഹന പാർക്കിംഗിനുള്ള മാനദണ്ഡങ്ങളിൽ വ്യക്തത വരുത്തി (Slope of ramp, width of drive way height etc.) ചട്ടം (29).
- കെട്ടിട നിർമ്മാണ അപേക്ഷ സമർപ്പിക്കുന്നതിൽ കെട്ടിട ഉടമ, Developer, Registered Licensee എന്നിവർക്കുള്ള ഉത്തരവാദിത്തത്തിൽ വ്യക്തത വരുത്തി. (ചട്ടം 17, 18)

- ഉയരം കൂടിയ കെട്ടിടങ്ങൾക്കു (16 m) ഒഴികെയുള്ള കെട്ടിടങ്ങൾക്ക് ചട്ടപ്രകാരം അവശ്യം വേണ്ട വഴിയുടെ വീതിയിൽ സോപാധികമായി സെക്രട്ടറിയ്ക്ക് 20 cm വരെ tolerance നൽകാമെന്ന് പുതിയ ചട്ടത്തിൽ വ്യവസ്ഥ ചെയ്തിരിക്കുന്നു. (ചട്ടം 28)
- വിവിധ വകുപ്പുകളിൽ നിന്നും അനുമതി വേണ്ടുന്ന അവസരത്തിൽ, ആയതിന് ബന്ധപ്പെട്ട വകുപ്പിൽ അപേക്ഷകന് നേരിട്ട് അപേക്ഷ സമർപ്പിക്കാമെന്ന വ്യവസ്ഥ കൊണ്ടുവന്നു. മുൻപ് അതാത് തദ്ദേശഭരണ സെക്രട്ടറി മുഖേന മാത്രമേ ഇതിന് അപേക്ഷിക്കാൻ സാധിക്കുമായിരുന്നുള്ളൂ.
- കെട്ടിട നിർമ്മാണ സമയത്തുവരാവുന്ന ചെറിയ മാറ്റങ്ങളുടെ ഫലമായി, ചട്ടലംഘനം വന്നിട്ടുണ്ടെങ്കിൽ, ആയത് നിർമ്മാണത്തിനു ശേഷം ചില നിബന്ധനകൾക്കു വിധേയമായി ഫീസ് അടച്ച് ഇളവ് നേടാം എന്ന വ്യവസ്ഥ പുതുതായികൊണ്ടുവന്നു.
- 6 മീറ്ററിൽ താഴെ വീതിയുള്ള unnotified road ന്റെ അതിരിൽ നിന്നും കെട്ടിടത്തിലേക്കുള്ള കുറഞ്ഞ അകലം 2 മീറ്റർ മതി എന്ന് നിജപ്പെടുത്തിയിരിക്കുന്നു. മുൻപ് ഉള്ള ചട്ട പ്രകാരം, ഏതു സ്ട്രീറ്റിൽ നിന്നും, 3 മീറ്റർ കുറഞ്ഞ അകലം നൽകിയിരിക്കണമായിരുന്നു. (ചട്ടം 23(2)).
- ടൗൺ പ്ലാനിംഗ് സ്കീമിൽ നിർദ്ദേശിച്ചിരിക്കുന്ന റോഡ് വീതി കണക്കിലെടുക്കാതെ മൊത്തം പ്ലോട്ടിന് FSI ഉം കവറേജും കണക്കാക്കാമെന്ന് വ്യക്തത വരുത്തിയിരിക്കുന്നു. (ചട്ടം 27(1))

കെട്ടിട നിർമ്മാണ ചട്ടങ്ങളിൽ സാധാരണ ഉണ്ടാകുന്ന സംശയങ്ങളും അവയ്ക്കുള്ള മറുപടിയും ഉൾപ്പെടുത്തി FAQ തയ്യാറാക്കാൻ സർക്കാർ ആവശ്യപ്പെട്ടിരിക്കുകയാണ്. കൂടാതെ ഒരു അപേക്ഷകൻ തന്റെ പ്ലോട്ടിൽ ഒരു ഗണത്തിൽപ്പെടുന്ന നിർമ്മാണത്തിന് ഉദ്ദേശിക്കുന്ന അവസരത്തിൽ, ഏതൊക്കെ ചട്ടങ്ങൾ ബാധകമാകും എന്ന് എളുപ്പത്തിൽ മനസ്സിലാക്കാൻ ഒരു Mobile app തയ്യാറാക്കാനും സർക്കാർ ആവശ്യപ്പെട്ടിരിക്കുന്നു. ഇവ രണ്ടും തയ്യാറാക്കപ്പെട്ട്, പൊതു ഉപയോഗത്തിനായി ലഭ്യമാകുമ്പോൾ കെട്ടിട നിർമ്മാണ ചട്ടങ്ങൾ സംബന്ധിച്ചുള്ള ഒട്ടു മിക്ക സംശയങ്ങളും ദൂരീകരിക്കുന്നതാണ്.

KMBR-2019ലും KPBR – 2019ലും 24.09.2020 ന് പ്രാബല്യത്തിൽ വന്ന ഭേദഗതികൾ

കെട്ടിട നിർമ്മാണ ചട്ടങ്ങളിൽ (KMBR / KPBR – 2019) 24.09.2020 ന് പ്രാബല്യത്തിൽ വന്ന ഭേദഗതിയിലെ പ്രധാനപ്പെട്ടവ താഴെ വ്യക്തമാക്കുന്നു.

- പോഡിയം രീതിയിലെ നിർമ്മാണ (ചട്ടം 26(4) ലെ ഭേദഗതി) ത്തിനുള്ള അനുമതി.

  കെട്ടിട നിർമ്മാണ ചട്ടങ്ങൾ പ്രകാരം ഒരു കെട്ടിടത്തിന്റെ ഉയരത്തിന് ആനുപാതികമായി ചുറ്റും നൽകേണ്ട തുറസ്സായ സ്ഥലം (സെറ്റ് ബാക്ക്) വർദ്ധിപ്പിക്കണം. കെട്ടിടത്തിൽ നിന്നും പുറത്തേക്കു തള്ളി നിൽക്കുന്നതും, ശരാശരി ഭൂനിരപ്പിൽ നിന്നും 16 മീറ്റർ ഉയരപരിധിക്കുള്ളിൽ ഉള്ളതുമായ കെട്ടിട ഭാഗത്തെയാണ് പോഡിയം എന്നതുകൊണ്ട് അർത്ഥമാക്കുന്നത്. പോഡിയം ഉൾപ്പെടുന്ന ഒരു കെട്ടിടത്തിന്റെ കാര്യത്തിൽ ഉയരത്തിന് അനുസരിച്ച് ചട്ടപ്രകാരം നൽകേണ്ട സെറ്റ് ബാക്ക് രണ്ടു ലെവലുകളായി വിഭജിച്ച് നൽകാവുന്നതാണ്. പോഡിയത്തിന്റെ ഉയരത്തിനനുസരിച്ച് ചട്ട പ്രകാരമുള്ള സെറ്റ് ബാക്ക് ഭൂനിരപ്പിലും കെട്ടിടത്തിന്റെ ബാക്കി ഉയരത്തിനുള്ളത് പോഡിയത്തിന്റെ ഏറ്റവും മുകളിലെ ലെവലിലും നൽകാം. എന്നിരുന്നാലും പോഡിയത്തിന്റെ ഉയരത്തിനായി ഭൂനിരപ്പിൽ നൽകേണ്ട കുറഞ്ഞ സെറ്റ് ബാക്ക്, 16 മീറ്റർ വരെയുള്ള കെട്ടിടങ്ങൾക്ക് 2.5 മീറ്ററും അതി ൽ കൂടുതൽ ഉയരമുള്ള കെട്ടിടങ്ങൾക്ക് 3.5 മീറ്ററുമായി നിജപ്പെടുത്തിയിട്ടുണ്ട്.
- ആവശ്യമായ വഴിയുടെ വീതി കുറച്ചു (ചട്ടം 28(1)

  ഒരു കെട്ടിടത്തിന്റെ വിസ്തൃതി / തരം എന്നിവയ്ക്കനുസരിച്ചാണ് ആവശ്യമായ വഴിയുടെ വീതി നിശ്ചയിക്കുന്നത്. ഇങ്ങനെ ആവശ്യമായ വഴിയുടെ വീതി ഭേദഗതി പ്രകാരം കുറച്ചിട്ടുണ്ട്. ഉദാഹരണത്തിന് 18000 ച.മീ വരെ വിസ്തൃതിയുള്ള ആശുപത്രി നിർമ്മാണത്തിന് ഇപ്പോൾ 7 മീറ്റർ വഴി വീതി മതി മുൻപ് ഇത് 10 മീറ്റർ വേണമായിരുന്നു.
- കോഴി / പശു വളർത്തുന്ന ഷെഡുകൾക്കു അനുമതി വേണ്ട. (ചട്ടം 8(XIV))

  20 പശു / 50 ആട് / 1000 കോഴി എന്നിവ വളർത്തുന്നതിനുള്ള ഷെഡുകൾക്ക് പഞ്ചായത്തിന്റെ അനുമതി ആവശ്യമില്ല എന്ന ഭേദഗതി കൊണ്ടുവന്നിരിക്കുന്നു.
- FSI കണക്കുകൂട്ടുന്നത് ഫ്ലോർ ഏരിയയുടെ അടിസ്ഥാനത്തിലാക്കി. (ചട്ടം 2 (aqa)).

  ഒരു കെട്ടിടത്തിനകത്തു നൽകുന്ന പാർക്കിംഗ്, ലിഫ്റ്റ്, ബാൽക്കണിയുടെ 50% വിസ്തൃതി, Electric Room, Battery Room, solar Plant, Room for air conditioning Plant എന്നിവയുടെ വിസ്തൃതി കുറച്ചുകൊണ്ട് കെട്ടിടത്തിന്റെ ഫ്ലോർ ഏരിയ കണക്കാക്കി FSI കണക്കാക്കാമെന്ന് ഭേദഗതികൊണ്ടുവന്നിരിക്കുന്നു.
- പൊതു ആവശ്യത്തിന് സ്ഥലം വിട്ടുകൊടുത്താലും ബാക്കി സ്ഥലത്ത് Original Plot ന് ലഭിക്കാവുന്ന ആനുകൂല്യങ്ങൾ നിലനിർത്തിയിരിക്കുന്നു. (ചട്ടം 3(e)).

  ഏതെങ്കിലും പൊതു ആവശ്യത്തിന് (റോഡ് വികസനം, മാർക്കറ്റ് നിർമ്മാണം, പൊതു കളി സ്ഥലം / പാർക്ക്, Waste disposal, പാവപ്പെട്ടവർക്കുള്ള വീട് നിർമ്മാണം, പാർക്കിംഗ് മുതലായവ) സ്ഥലം വിട്ടു കൊടുത്താലും, ബാക്കിയുള്ള സ്ഥലത്ത് Original plot ന് ലഭ്യമാകുന്ന FSI ലഭ്യമാകും. നടത്താവുന്ന നിർമ്മാണ വിസ്തൃതിയിൽ, സ്ഥലം വിട്ടുകൊടുത്തു എന്ന കാരണത്താൽ കുറവു സംഭവിക്കുന്നില്ല എന്നർത്ഥം.
- അനുമതി ലഭിച്ച നിർമ്മാണ സ്ഥലത്തു നിന്നും റോഡ് വീതിയ്ക്കായി സ്ഥലം എടുക്കുന്നതുമൂലം, നിർമ്മാണം പൂർത്തീകരിക്കുന്ന അവസരത്തിൽ കുറവു വരുന്ന സെറ്റ് ബാക്ക് ഒരു ചട്ട ലംഘനമായി കണക്കാക്കേണ്ടതില്ല എന്ന ചട്ടം 20(3) ൽ വ്യക്തമാക്കുന്നു.
- കെട്ടിട നിർമ്മാണ വേസ്റ്റ് സുരക്ഷിതമായി സംസ്കരിക്കുന്നതിനുള്ള ഉത്തരവാദിത്തം, കെട്ടിട ഉടമസ്ഥനു ബാധകമാക്കി (ചട്ടം 79).

കെട്ടിട നിർമ്മാണ മേഖലയിലെ തൊഴിൽ അവസരസാധ്യതകളും സംസ്ഥാനത്തിന്റെ സമ്പദ്ഘടനയിൽ ഈ മേഖലയുടെ പ്രാധാന്യവും കണക്കിലെടുക്കുമ്പോൾ കെട്ടിട നിർമ്മാണ മേഖലയിലെ വർദ്ധിതമായ മുതൽ മുടക്കിനും പൊതുജനങ്ങൾക്ക് കാര്യക്ഷമവും കൂടുതൽ സൗകര്യപ്രദവുമായ സേവനങ്ങൾ ലഭ്യമാക്കുന്നതിനും പുതിയ കെട്ടിട നിർമ്മാണ ചട്ടങ്ങൾ ഇടയാക്കുമെന്ന് പ്രത്യാശിക്കുന്നു. □

ലേഖകൻ നഗര-ഗ്രാമാസൂത്രണ വകുപ്പിൽ ചീഫ് ടൗൺ പ്ലാനറാണ്.

തദ്ദേശഭരണ സ്ഥാപനങ്ങളുടെ അദ്ധ്യക്ഷ - ഉപാദ്ധ്യക്ഷന്മാരെ എങ്ങനെ തിരഞ്ഞെടുക്കാം?

■ കെ.ടി. ജോർജ്

തദ്ദേശഭരണ സ്ഥാപനങ്ങളിലേയ്ക്ക് തിരഞ്ഞെടുക്കപ്പെടുന്ന അംഗങ്ങളുടെ പേരുകൾ സംസ്ഥാന തിരഞ്ഞെടുപ്പ കമ്മീഷൻ പ്രസിദ്ധീകരിക്കുന്ന തീയതി മുതൽ മൂന്നു ആഴ്ചയ്ക്കുള്ളിൽ മേൽപ്പറഞ്ഞ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ അദ്ധ്യക്ഷൻമാരെയും ഉപാദ്ധ്യക്ഷൻമാരെയും തിരഞ്ഞെടുക്കേണ്ടതും അതിനുള്ള യോഗം സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ നിശ്ചയിക്കുന്ന ദിവസം കൂടേണ്ടതുമാണ്.

2020 ഡിസംബർ 8,10,14 എന്നീ തീയതികളിൽ സംസ്ഥാനത്തെ 941 ഗ്രാമ പഞ്ചായത്തുകൾ, 152 ബ്ലോക്ക് പഞ്ചായത്തുകൾ, 14 ജില്ലാ പഞ്ചായത്തുകൾ, 86 മുനിസിപ്പാലിറ്റികൾ, 6 മുനിസിപ്പൽ കോർപ്പറേഷനുകൾ എന്നിവയിലേക്കു നടത്തുന്ന തിരഞ്ഞെടുപ്പിൽ വിജയിക്കുന്ന ഓരോ അംഗവും തങ്ങളുടെ സ്ഥാനം ഏറ്റെടുക്കുന്നതിനു മുമ്പായി 1994 ലെ കേരള പഞ്ചായത്ത് രാജ് ആക്ട്, 1994 ലെ കേരള മുനിസിപ്പാലിറ്റി ആക്ട് എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം സത്യ പ്രതിജ്ഞയോ ദൃഢപ്രതിജ്ഞയോ ചെയ്യേണ്ടതുണ്ട്. കൂടാതെ ഇപ്രകാരം തിരഞ്ഞെടുക്കപ്പെടുന്ന അംഗങ്ങളുടെ പേരുകൾ സംസ്ഥാന തിരഞ്ഞെടുപ്പ കമ്മീഷൻ പ്രസിദ്ധീകരിക്കുന്ന തീയതി മുതൽ മൂന്നു ആഴ്ചയ്ക്കുള്ളിൽ മേൽപ്പറഞ്ഞ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ അദ്ധ്യക്ഷൻമാരെയും ഉപാദ്ധ്യക്ഷൻമാരെയും തിരഞ്ഞെടുക്കേണ്ടതും അതിനുള്ള യോഗം സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ നിശ്ചയിക്കുന്ന ദിവസം

കൂടേണ്ടതുമാണ്. അംഗങ്ങളുടെ സത്യപ്രതിജ്ഞ, അദ്ധ്യക്ഷൻമാരുടെയും ഉപാദ്ധ്യക്ഷൻമാരുടെയും തിരഞ്ഞെടുപ്പ് എന്നിവയെക്കുറിച്ച് അവശ്യം അറിഞ്ഞിരിക്കേണ്ടതായ കാര്യങ്ങളാണ് ലേഖകൻ ഇവിടെ പ്രതിപാദിക്കുന്നത്.

അംഗങ്ങൾ/ കൗൺസിലർ എന്നിവരുടെ സത്യപ്രതിജ്ഞ

കേരള പഞ്ചായത്ത് രാജ് ആക്ട് 152-ാം വകുപ്പ് കേരള മുനിസിപ്പാലിറ്റി ആക്ട് 143-ാം വകുപ്പ് എന്നിവ അനുസരിച്ച് ഓരോ തിരഞ്ഞെടുപ്പിനുശേഷം, പഞ്ചായത്തിന്റെ അഥവാ മുനിസിപ്പാലിറ്റിയുടെ ആദ്യയോഗം വിളിച്ച് കൂട്ടുന്നതിലേക്കായി പഞ്ചായത്തംഗമായോ മുൻസിപ്പൽ കൗൺസിലറായോ തിരഞ്ഞെടുക്കപ്പെട്ടവരിൽ കഴിയുന്നതും പ്രായം കൂടിയ ഒരാളെ സർക്കാർ നാമനിർദ്ദേശം ചെയ്യേണ്ടതും അദ്ദേഹം ഈ ആവശ്യാർത്ഥം നാമനിർദ്ദേശം ചെയ്യുന്ന സർക്കാർ ഉദ്യോഗസ്ഥന്റെ മുമ്പാകെ സത്യപ്രതിജ്ഞ/ ദൃഢപ്രതിജ്ഞ ചെയ്യേണ്ടതുമാണ്. തിരഞ്ഞെടുക്കപ്പെട്ട മറ്റെല്ലാ അംഗങ്ങളും അങ്ങനെ നാമനിർദ്ദേശം ചെയ്യപ്പെട്ട അംഗത്തിന് മുമ്പാകെ സത്യപ്രതിജ്ഞ ചെയ്യേണ്ടതാണ്. ഇപ്രകാരം സത്യപ്രതിജ്ഞയോ ദൃഢപ്രതിജ്ഞയോ ചെയ്തിട്ടില്ലാത്ത തിരഞ്ഞെടുക്കപ്പെട്ട ഒരു അംഗം പഞ്ചായത്തിന്റെയോ മുനിസിപ്പാലിറ്റിയുടെയോ യോഗത്തിൽ പങ്കെടുക്കുവാനോ വോട്ട് ചെയ്യുവാനോ പാടില്ലാത്തതുമാണ്. മാത്രമല്ല, ഒരാൾ തിരഞ്ഞെടുക്കപ്പെട്ടതായി പ്രഖ്യാപിക്കപ്പെട്ട തീയതി മുതൽ മുപ്പത് ദിവസത്തിനുള്ളിൽ മതിയായ കാരണങ്ങളില്ലാതെ സത്യപ്രതിജ്ഞയോ ദൃഢപ്രതിജ്ഞയോ ചെയ്യാത്തപക്ഷം അയാളുടെ സ്ഥാനം സ്വമേധയാ ഒഴിയുന്നതായി സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ പ്രഖ്യാപിക്കുന്നതാണ്.

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലേക്കുള്ള അദ്ധ്യക്ഷ/ ഉപാദ്ധ്യക്ഷ തിരഞ്ഞെടുപ്പ്

പഞ്ചായത്തിന് പ്രസിഡന്റ്, വൈസ് പ്രസിഡന്റ് സ്ഥാനങ്ങളും മുനിസിപ്പാലിറ്റിക്ക് ചെയർപേഴ്സൺ, ഡെപ്യൂട്ടി ചെയർപേഴ്സൺ സ്ഥാനങ്ങളും മുനിസിപ്പൽ കോർപ്പറേഷന് മേയർ, ഡെപ്യൂട്ടി മേയർ എന്നീ സ്ഥാനങ്ങളും ഉണ്ടായിരിക്കുന്നതും പഞ്ചായത്ത് പ്രസിഡന്റ്, മുനിസിപ്പൽ ചെയർപേഴ്സൺ, മുനിസിപ്പൽ കോർപ്പറേഷൻ മേയർ എന്നിവർ അവരുടെ അതതു തദ്ദേശസ്വയംഭരണ സ്ഥാപനത്തിലെ മുഴുവൻസമയ കാര്യനിർവ്വഹണ അധികാരസ്ഥർ ആയിരിക്കുന്നതുമാണ്.

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ അദ്ധ്യക്ഷന്മാരുടെ നിശ്ചിത ശതമാനം സ്ഥാനങ്ങൾ പട്ടികജാതി പട്ടികവർഗ്ഗ, പട്ടികജാതി വനിത, പട്ടികവർഗ്ഗ വനിത എന്നീ വിഭാഗങ്ങൾക്കായി സംവരണം ചെയ്തിട്ടുണ്ട്. എന്നാൽ ആകെയുള്ള അദ്ധ്യക്ഷസ്ഥാനങ്ങളിൽ പട്ടികജാതി-പട്ടികവർഗ്ഗ വനിത ഉൾപ്പെടെ 50 ശതമാനം സ്ത്രീകൾക്ക് മാത്രമായി സംവരണം ചെയ്തിട്ടുണ്ട്. ഭരണഘടനയിലെ 15(4), 16(4) എന്നീ അനുച്ഛേദങ്ങളിലെ 50% സംവരണത്തിലധികമാകാൻ പാടില്ലെന്ന തത്വങ്ങൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ സ്ഥാനങ്ങൾക്ക് ബാധകമല്ല. (Biju P.S v. State Election Commission, 2010 ICO1273 : 2009(2)KHC 839)

തിരഞ്ഞെടുപ്പിനുള്ള യോഗം വിളിച്ചുചേർക്കൽ

1995 ലെ കേരള പഞ്ചായത്ത് രാജ് (പ്രസിഡന്റിന്റെയും വൈസ് പ്രസിഡന്റിന്റെയും തിരഞ്ഞെടുപ്പ്) ചട്ടങ്ങൾ, 1995-ലെ കേരള മുനിസിപ്പാലിറ്റി (ചെയർപേഴ്സന്റെയും ഡെപ്യൂട്ടി ചെയർപേഴ്സന്റെയും തിരഞ്ഞെടുപ്പ്)

പഞ്ചായത്തിന് പ്രസിഡന്റ്, വൈസ് പ്രസിഡന്റ് സ്ഥാനങ്ങളും മുനിസിപ്പാലിറ്റിക്ക് ചെയർപേഴ്സൺ, ഡെപ്യൂട്ടി ചെയർപേഴ്സൺ സ്ഥാനങ്ങളും മുനിസിപ്പൽ കോർപ്പറേഷന് മേയർ, ഡെപ്യൂട്ടി മേയർ എന്നീ സ്ഥാനങ്ങളും ഉണ്ടായിരിക്കുന്നതും പഞ്ചായത്ത് പ്രസിഡന്റ്, മുനിസിപ്പൽ ചെയർപേഴ്സൺ, മുനിസിപ്പൽ കോർപ്പറേഷൻ മേയർ എന്നിവർ അവരുടെ അതതു തദ്ദേശസ്വയം ഭരണ സ്ഥാപനത്തിലെ മുഴുവൻസമയ കാര്യനിർവ്വഹണ അധികാരസ്ഥർ ആയിരിക്കുന്നതുമാണ്.

ചട്ടങ്ങൾ എന്നിവയിലാണ് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ അദ്ധ്യക്ഷൻമാരുടെയും ഉപാദ്ധ്യക്ഷൻമാരുടെയും തിരഞ്ഞെടുപ്പിനെ സംബന്ധിക്കുന്ന ചട്ടങ്ങൾ ചേർത്തിട്ടുള്ളത്. അദ്ധ്യക്ഷ-ഉപാദ്ധ്യക്ഷ സ്ഥാനങ്ങളിലേക്ക് തിരഞ്ഞെടുപ്പിനുള്ള യോഗം സർക്കാർ അധികാരപ്പെടുത്തിയിട്ടുള്ള വരണാധികാരി വിളിച്ച് ചേർക്കേണ്ടതാണ്. യോഗം നടത്തുന്ന തീയതി, സമയം, സ്ഥലം എന്നിവ കാണിക്കുന്ന നോട്ടീസ് അംഗങ്ങൾക്ക് കുറഞ്ഞത് യോഗ തീയതിക്ക് ഏഴ് പൂർണ്ണദിവസങ്ങൾക്ക് മുമ്പായെങ്കിലും നൽകേണ്ടതും അത്തരം നോട്ടീസിന്റെ ഒരു പകർപ്പ് ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ നോട്ടീസ് ബോർഡിൽ പ്രദർശിപ്പിക്കേണ്ടതുമാണ്. എന്നാൽ ഒരു പൊതുതിരഞ്ഞെടുപ്പിന് ശേഷം ആദ്യമായി നടത്തുന്ന തിരഞ്ഞെടുപ്പ് യോഗത്തിനുള്ള നോട്ടീസ് മൂന്നു പൂർണ്ണ ദിവസങ്ങൾക്ക് മുമ്പ് നൽകിയാൽ മതിയാകും. പൂർണ്ണ ദിവസങ്ങൾ കണക്കാക്കുമ്പോൾ ഞായറാഴ്ചയും മറ്റ് അവധി ദിവസങ്ങളും ഉൾപ്പെടുന്നതും എന്നാൽ യോഗ തീയതിയും നോട്ടീസ് നൽകിയ തീയതിയും ഒഴിവാക്കേണ്ടതുമാണ്.

ഹാജർ മിനിട്ട്സ് എന്നിവ രേഖപ്പെടുത്തൽ

യോഗത്തിൽ പങ്കെടുക്കുന്നവരുടെ ഹാജരും യോഗത്തിന്റെ മിനിട്ട്സും രേഖപ്പെടുത്തുന്നതിന് വരണാധികാരി ഒരു രജിസ്റ്റർ സൂക്ഷിക്കേണ്ടതും യോഗത്തിന് ഹാജരാകുന്ന ഓരോ അംഗവും യോഗത്തിനെത്തിയ സമയം രേഖപ്പെടുത്തി അതിൽ ഒപ്പുവയ്ക്കേണ്ടതുമാണ്.

യോഗത്തിന്റെ ക്വാറം :- തിരഞ്ഞെടുപ്പ് യോഗത്തിനുള്ള ക്വാറം തദ്ദേശസ്വയംഭരണ സ്ഥാപനത്തിലെ വോട്ടവകാശമുള്ള അംഗങ്ങളുടെ/കൗൺസിലർമാരുടെ പകുതി എണ്ണം ആയിരിക്കേണ്ടതും ഇത്രയും എണ്ണം അംഗങ്ങൾ ഹാജരായില്ലെങ്കിൽ യോഗം തൊട്ടടുത്ത പ്രവൃത്തിദിവസം ഇതേസമയത്ത് കൂടുന്നതിനായി മാറ്റി വയ്ക്കേണ്ടതും അപ്രകാരം കൂടുന്ന യോഗത്തിൽ ക്വാറം നോക്കാതെ തന്നെ തിരഞ്ഞെടുപ്പ് നടത്തേണ്ടതുമാണ്. ഏതെങ്കിലും കേസുകളിൽ അംഗത്തിനു യോഗത്തിൽ പങ്കെടുക്കാം എന്നാൽ വോട്ടവകാശം ഉണ്ടായിരിക്കുകയില്ല എന്ന കോടതി നിർദ്ദേശം ഉണ്ടെങ്കിൽ ആ അംഗത്തിന്റെ യോഗത്തിലുള്ള സാന്നിധ്യം ക്വാറം കണക്കാക്കുവാനായി എടുക്കുവാൻ പാടുള്ളതല്ല.

സ്ഥാനാർത്ഥിയെ ഒരാൾ നാമനിർദ്ദേശം ചെയ്യേണ്ടതും മറ്റൊരാൾ പിൻതാങ്ങേണ്ടതുമാണ്. എന്നാൽ നാമനിർദ്ദേശം ചെയ്യപ്പെട്ട ആൾ യോഗത്തിൽ ഹാജരില്ലാത്തപക്ഷം അങ്ങനെ സ്ഥാനാർത്ഥിയാകുന്നതിനുള്ള സമ്മതപത്രം അദ്ദേഹം ഹാജരാക്കേണ്ടതാണ്. എന്നാൽ ഒരാൾക്ക് ഒന്നിൽ കൂടുതൽ പേരുകൾ നിർദ്ദേശിക്കുവാനോ ഒന്നിലധികം ആളുകളെ പിൻതാങ്ങുവാനോ പാടില്ല. സ്ത്രീകൾക്കും പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗങ്ങൾക്കും സംവരണം ചെയ്തിട്ടുള്ള സ്ഥാനങ്ങളിലേക്ക് മത്സരിക്കുന്ന ഒരംഗത്തിനെ മറ്റൊരു അംഗം സ്ഥാനാർത്ഥിയായി നാമനിർദ്ദേശം ചെയ്യുകയോ പിൻതാങ്ങുകയോ ചെയ്യേണ്ടതില്ല. ഇപ്രകാരം യഥാവിധി നാമനിർദ്ദേശം ചെയ്യപ്പെട്ട സ്ഥാനാർത്ഥികളുടെ പേരുകളും അവരെ യഥാക്രമം നിർദ്ദേശിച്ചവരുടെയും പിൻതാങ്ങിയവരുടെ പേരുകളും വരണാധികാരി യോഗത്തിൽ പ്രഖ്യാപിക്കേണ്ടതാണ് .

വോട്ടുകൾ രേഖപ്പെടുത്തേണ്ട രീതിയും, വോട്ടെണ്ണലും ഫലപ്രഖ്യാപനവും

അദ്ധ്യക്ഷൻ / ഉപാദ്ധ്യക്ഷന്റെ സ്ഥാനത്തേക്ക് നാമനിർദ്ദേശം ചെയ്യപ്പെട്ട സ്ഥാനാർത്ഥി ഒരാൾ മാത്രമേയുള്ളൂവെങ്കിൽ വോട്ടെടുപ്പ് നടത്തേണ്ടതില്ലാത്തതും പ്രസ്തുത സ്ഥാനാർത്ഥി അതത് സംഗതി പോലെ തിരഞ്ഞെടുക്കപ്പെട്ടതായി വരണാധികാരി പ്രഖ്യാപിക്കേണ്ടതുമാണ്. എന്നാൽ ഒരു സ്ഥാനത്തേക്ക് ഒന്നിലധികം സ്ഥാനാർത്ഥികൾ ഉണ്ടെങ്കിൽ അതത് സംഗതി പോലെ പഞ്ചായത്ത്, മുനിസിപ്പാലിറ്റി ചട്ടങ്ങൾ യഥാക്രമം ചട്ടം 9,8 എന്നിവ പ്രകാരം വോട്ട് ചെയ്യുവാൻ ആഗ്രഹിക്കുന്ന ഓരോ അംഗത്തിനും വരണാധികാരി ഫാറം 1 ലുള്ള ഒരു ബാലറ്റ് പേപ്പർ നൽകേണ്ടതും ബാലറ്റ് പേപ്പറിൽ മത്സരിക്കുന്ന എല്ലാ സ്ഥാനാർത്ഥികളുടെയും പേരുകളും അതിന്റെ മറുപുറത്ത് വരണാധികാരിയുടെ മുദ്രയും പൂർണ്ണമായ ഒപ്പും ഉണ്ടായിരിക്കേണ്ടതുമാണ്. ഓരോ അംഗവും ബാലറ്റ് പേപ്പർ കിട്ടിയാലുടൻ താൻ വോട്ട് ചെയ്യുവാൻ ഉദ്ദേശിക്കുന്ന സ്ഥാനാർത്ഥിയുടെ പേരിനു നേരെ 'X' എന്ന അടയാളം രേഖപ്പെടുത്തേണ്ടതും ബാലറ്റ് പേപ്പറിന്റെ പുറകുവശത്തു അയാളുടെ പേരെഴുതി ഒപ്പിട്ട് വരണാധികാരിയെ ഏൽപ്പിക്കേണ്ടതുമാണ്. 'X' അടയാളം ഇല്ലാത്തതോ പേരെഴുതി ഒപ്പിടാത്തതോ ആയ ബാലറ്റ് പേപ്പറുകൾ അസാധുവാണ്. ഒരു കേസിൽ ഒരു അംഗം വോട്ട് രേഖപ്പെടുത്തി വരണാധികാരിക്ക് നൽകുവാൻ മറ്റൊരു അംഗത്തിന് നൽകിയ ബാലറ്റ് പേപ്പർ വരണാധികാരിക്ക് ലഭിക്കാതിരിക്കുകയും ചെയ്ത സംഗതിയിൽ ലഭ്യമായ രേഖപ്പെടുത്തിയ വോട്ടുകൾ എണ്ണി ഫലം പ്രഖ്യാപിക്കുവാൻ നിർദ്ദേശിക്കുകയുണ്ടായി. (Abu Kunjumuhammed v. Returning Officer, 2009 ICO 2927:2009(2)KLJ 569) ആയതിനാൽ വോട്ട് ചെയ്യുന്ന ഓരോ അംഗത്തിന്റെയും കടമയാണ് വോട്ട് ചെയ്ത് ബാലറ്റ് പേപ്പർ വരണാധികാരിയെ ഏൽപ്പിക്കേണ്ടത്.

വോട്ടെണ്ണൽ

വോട്ടെടുപ്പ് പൂർത്തിയായതിനുശേഷം വരണാധികാരി അംഗങ്ങളുടെ സാന്നിധ്യത്തിൽ ബാലറ്റ് പേപ്പറുകൾ എണ്ണേണ്ടതും ഓരോ അംഗവും ഏതു സ്ഥാനാർത്ഥിക്കാണ് വോട്ട് രേഖപ്പെടുത്തിയത് എന്ന് പ്രഖ്യാപിക്കുകയും തുടർന്ന് ഓരോ സ്ഥാനാർത്ഥിക്കും കിട്ടിയ വോട്ടുകൾ എണ്ണേണ്ടതുമാണ്. മത്സരിക്കുന്ന സ്ഥാനാർത്ഥികൾ രണ്ട് മാത്രമേ ഉള്ളൂവെങ്കിൽ വരണാധികാരി കൂടുതൽ സാധുവായ വോട്ടുകൾ നേടിയ ആൾ തിരഞ്ഞെടുക്കപ്പെട്ടതായി പ്രഖ്യാപിക്കേണ്ടതും രണ്ടു സ്ഥാനാർത്ഥികൾക്കും സാധുവായ വോട്ടുകൾ തുല്യമായി വരുന്ന സന്ദർഭത്തിൽ

അദ്ധ്യക്ഷ / ഉപാദ്ധ്യക്ഷ തിരഞ്ഞെടുപ്പ് യോഗത്തിനുള്ള ക്വാറം തദ്ദേശസ്വയംഭരണ സ്ഥാപനത്തിലെ വോട്ടവകാശമുള്ള അംഗങ്ങളുടെ/കൗൺസിലർമാരുടെ പകുതി എണ്ണം ആയിരിക്കേണ്ടതും ഇത്രയും എണ്ണം അംഗങ്ങൾ ഹാജരായില്ലെങ്കിൽ യോഗം തൊട്ടടുത്ത പ്രവൃത്തിദിവസം ഇതേസമയത്ത് കൂടുന്നതിനായി മാറ്റി വയ്ക്കേണ്ടതും അപ്രകാരം കൂടുന്ന യോഗത്തിൽ ക്വാറം നോക്കാതെ തന്നെ തിരഞ്ഞെടുപ്പ് നടത്തേണ്ടതുമാണ്.

യോഗത്തിൽ വച്ച് നറുക്കെടുപ്പ് നടത്തേണ്ടതും ആരുടെ പേരാണോ ആദ്യം നറുക്കെടുക്കപ്പെടുന്നത് അയാൾ തിരഞ്ഞെടുക്കപ്പെട്ടതായി വരണാധികാരി പ്രഖ്യാപിക്കേണ്ടതുമാണ്. എന്നാൽ മത്സരിക്കുന്ന സ്ഥാനാർത്ഥികൾ രണ്ടിലധികം ഉണ്ടായിരിക്കുന്ന സംഗതിയിൽ ഒരു സ്ഥാനാർത്ഥിക്ക് മറ്റെല്ലാ സ്ഥാനാർത്ഥികൾക്കും കൂടി കിട്ടിയിട്ടുള്ള മൊത്തം വോട്ടിനേക്കാൾ കൂടുതൽ വോട്ടുകൾ കിട്ടിയിട്ടുള്ള പക്ഷം അപ്രകാരം കൂടുതൽ വോട്ടുകൾ ലഭിച്ച ആൾ തിരഞ്ഞെടുക്കപ്പെട്ടതായി പ്രഖ്യാപിക്കേണ്ടതാണ്. ഒരു കേസിൽ ഒരു സ്ഥാനാർത്ഥിക്ക് 12 വോട്ടുകളും മറ്റൊരു സ്ഥാനാർത്ഥിക്ക് 11 വോട്ടുകളും മൂന്നാമത്തെ സ്ഥാനാർത്ഥിക്ക് 3 വോട്ടുകളും ലഭിച്ച തിരഞ്ഞെടുപ്പിൽ വരണാധികാരി 12 വോട്ട് ലഭിച്ച സ്ഥാനാർത്ഥി വിജയിച്ചതായി പ്രഖ്യാപിച്ചു. മറ്റ രണ്ടു സ്ഥാനാർത്ഥികൾക്ക് മൊത്തം 14 വോട്ടുകൾ ലഭിച്ച സാഹചര്യത്തിൽ 12 വോട്ടുകൾ ലഭിച്ച സ്ഥാനാർത്ഥി തിരഞ്ഞെടുക്കപ്പെട്ടതായി പ്രഖ്യാപിച്ച വരണാധികാരിയുടെ നടപടി തെറ്റാണ്. (T M Rasheed v. State of Kerala, 2019 ICO 2676 : 2019(4) KLT 891). അങ്ങനെയുള്ള സാഹചര്യത്തിൽ മൂന്നു വോട്ടുകൾ ലഭിച്ച സ്ഥാനാർത്ഥിയെ ഒഴിവാക്കി രണ്ടാംഘട്ട വോട്ടെടുപ്പ് 12, 11 എന്നീ വോട്ടുകൾ മാത്രം ലഭിച്ച സ്ഥാനാർത്ഥികളുടെ പേരുകൾ മാത്രം ബാലറ്റ് പേപ്പറിൽ രേഖപ്പെടുത്തി നൽകിക്കൊണ്ട് രണ്ടാംഘട്ട വോട്ടെടുപ്പ് നടത്തേണ്ടതായിരുന്നു. ഒഴിവാക്കിയ സ്ഥാനാർത്ഥി ഉൾപ്പെടെ എല്ലാവർക്കും പ്രസ്തുത രണ്ടാംഘട്ട വോട്ടെടുപ്പിൽ വോട്ട് ചെയ്യാവുന്നതാണ്. അതായത് മത്സരിക്കുന്ന സ്ഥാനാർത്ഥികൾ രണ്ടിലധികം ഉണ്ടായിരിക്കുകയും ആദ്യത്തെ വോട്ടെടുപ്പിൽ ഒരു സ്ഥാനാർത്ഥിക്ക് മറ്റെല്ലാ സ്ഥാനാർത്ഥികൾക്കും കൂടി ലഭിച്ചിട്ടുള്ള മൊത്തം വോട്ടിനെക്കാൾ കൂടുതൽ വോട്ടുകൾ കിട്ടാതിരിക്കുകയും ചെയ്യുന്ന പക്ഷം ഏറ്റവും കുറച്ച് എണ്ണം വോട്ടുകൾ ലഭിച്ച സ്ഥാനാർത്ഥിയെ തിരഞ്ഞെടുപ്പിൽ നിന്നും ഒഴിവാക്കേണ്ടതും അങ്ങനെ ഒരു സ്ഥാനാർത്ഥിക്കും ശേഷിക്കുന്ന സ്ഥാനാർത്ഥിയെക്കാളോ അല്ലെങ്കിൽ ശേഷിക്കുന്ന സ്ഥാനാർത്ഥികൾക്ക് ലഭിച്ച മൊത്തം വോട്ടിനെക്കാളോ കൂടുതൽ സാധുവായ വോട്ടുകൾ ലഭിക്കുന്നതുവരെ ഓരോ വോട്ടെടുപ്പിലും ഏറ്റവും കുറച്ച് വോട്ടുകൾ ലഭിക്കുന്ന സ്ഥാനാർത്ഥിയെ തിരഞ്ഞെടുപ്പിൽ നിന്നും ഒഴിവാക്കി കൊണ്ട് വോട്ടെടുപ്പ് തുടരേണ്ടതും അങ്ങനെ കൂടുതൽ വോട്ട് ലഭിക്കുന്ന സ്ഥാനാർത്ഥി തിരഞ്ഞെടുക്കപ്പെട്ടതായി പ്രഖ്യാപിക്കേണ്ടതുമാണ്.

ഒരു വോട്ടെടുപ്പിൽ രണ്ടോ അതിലധികമോ സ്ഥാനാർത്ഥികൾക്ക് തുല്യ വോട്ടുകൾ ലഭിക്കുകയും അതിൽ ഒരാളെ ഒഴിവാക്കുകയും ചെയ്യേണ്ടിവരുമ്പോൾ തുല്യമായ വോട്ടുകൾ ലഭിച്ച സ്ഥാനാർത്ഥികളിൽ ആരെ ഒഴിവാക്കണമെന്ന് വരണാധികാരി നറുക്കെടുപ്പ് നടത്തേണ്ടതും ആരുടെ പേരാണോ ആദ്യം നറുക്കെടുക്കപ്പെടുന്നത് ആ സ്ഥാനാർത്ഥിയെ ഒഴിവാക്കേണ്ടതുമാണ്. ഉദാഹരണത്തിന് ഒരു മുനിസിപ്പാലിറ്റിയുടെ ഡെപ്യൂട്ടി ചെയർപേഴ്സൺ തിരഞ്ഞെടുപ്പിന് സ്ഥാനാർത്ഥി കൾക്ക് ലഭിച്ച വോട്ടുകൾ, A- 15 വോട്ടുകൾ B -8 വോട്ടുകൾ C -3 വോട്ടുകൾ D-6 വോട്ടുകൾ എന്ന പ്രകാരമാണ്. ഇതിൽ A എന്ന സ്ഥാനാർത്ഥി വിജയിച്ചതായി പ്രഖ്യാപിക്കാൻ കഴിയില്ല. കാരണം മറ്റെല്ലാ സ്ഥാനാർത്ഥികൾക്കും കൂടി ലഭിച്ച വോട്ടുകളെക്കാൾ അധികം വോട്ടുകൾ Aയ്ക്ക് ലഭിച്ചില്ല. അതിനാൽ C എന്ന സ്ഥാനാർത്ഥിയെ ഒഴിവാക്കി രണ്ടാം ഘട്ട വോട്ടെടുപ്പ് നടത്തേണ്ടതാണ്. അതിൽ ഒരു സ്ഥാനാർത്ഥിക്ക് മറ്റ് രണ്ട് സ്ഥാനാർത്ഥികൾക്ക് ലഭിച്ച മൊത്തം വോട്ടിനേക്കാൾ കൂടുതൽ വോട്ടുകൾ ലഭിക്കുന്ന സംഗതിയിൽ പ്രസ്തുത സ്ഥാനാർത്ഥി തിരഞ്ഞെടുക്കപ്പെട്ടതായി പ്രഖ്യാപിക്കേണ്ടതും അപ്രകാരം കൂടുതൽ വോട്ടുകൾ ലഭിച്ചിട്ടില്ലെങ്കിൽ ഏറ്റവും കുറവ് വോട്ടുകൾ ലഭിച്ച സ്ഥാനാർത്ഥിയെ ഒഴിവാക്കി മൂന്നാം ഘട്ട വോട്ടെടുപ്പ് നടത്തേണ്ടതും ഓരോ ഘട്ട വോട്ടെടുപ്പിലും വിവിധ നിറത്തിലുള്ള ബാലറ്റ് പേപ്പറുകൾ നൽകേണ്ടതുമാണ്.

ഉദാഹരണത്തിന് ഒരു ഗ്രാമപഞ്ചായത്തിലെ പ്രസിഡന്റ് സ്ഥാനത്തേക്കുള്ള തിരഞ്ഞെടുപ്പിൽ സ്ഥാനാർത്ഥികൾക്ക് 8, 5, 5 എന്ന ക്രമത്തിൽ വോട്ടുകൾ ലഭിച്ചു. ഈ സംഗതിയിൽ 8 വോട്ടുകൾ ലഭിച്ച സ്ഥാനാർത്ഥിയെ വിജയിച്ചതായി പ്രഖ്യാപിക്കാൻ കഴിയുകയില്ല. അഞ്ച് വോട്ടുകൾ ലഭിച്ച സ്ഥാനാർത്ഥികളിൽ ഒരാളെ ഒഴിവാക്കേണ്ടതാണ്. അതിന് ആരെ ഒഴിവാക്കണമെന്നതിന് നറുക്കെടുപ്പ് നടത്തേണ്ടതും ആരുടെ പേരാണോ ആദ്യം നറുക്കെടുക്കപ്പെടുന്നത് ആ സ്ഥാനാർത്ഥിയെ ഒഴിവാക്കി രണ്ടാംഘട്ട വോട്ടെടുപ്പ് നടത്തേണ്ടതുമാണ്. രണ്ടിൽ കൂടുതൽ സ്ഥാനാർത്ഥികൾ വരുന്ന സംഗതിയിലാണ് മേൽപ്പറഞ്ഞ പ്രകാരം ഒഴിവാക്കി നറുക്കെടുപ്പ നടത്തേണ്ടത് എന്ന കാര്യം പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്. എന്നാൽ രണ്ട് സ്ഥാനാർത്ഥികൾ മാത്രമുള്ള സാഹചര്യത്തിൽ അവർക്ക് തുല്യ വോട്ടുകൾ ലഭിക്കുന്ന സംഗതിയിൽ ആരുടെ പേരാണോ ആദ്യം നറുക്കെടുക്കപ്പെടുന്നത് അവർ വിജയിച്ചതായി പ്രഖ്യാപിക്കേണ്ടതാണ്. അല്ലാതെ നറുക്കെടുക്കപ്പെട്ട സ്ഥാനാർത്ഥിയെ ഒഴിവാക്കുക അല്ല ചെയ്യേണ്ടത്. (Shailamma Issac v. Returning Officer,2014 ICO 43 : 2014 (1) KLT 208 : 2014(1) KLJ 513)

അദ്ധ്യക്ഷ-ഉപാദ്ധ്യക്ഷ തിരഞ്ഞെടുപ്പിലെ തർക്കങ്ങൾ അതതു തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ആസ്ഥാനം സ്ഥിതിചെയ്യുന്ന സ്ഥലത്ത് അധികാരപരിധിയുള്ള മുനിസിഫ്/ ജില്ലാ കോടതി മുമ്പാകെ പ്രസ്തുത തദ്ദേശസ്വയംഭരണ സ്ഥാപനത്തിലെ ഏതൊരു അംഗത്തിനും/ കൗൺസിലർക്കും തീർപ്പിനായി ഒരു ഹർജി ഫയൽ ചെയ്യാവുന്നതാണ്.

അദ്ധ്യക്ഷ-ഉപാദ്ധ്യക്ഷ തിരഞ്ഞെടുപ്പിലെ തർക്കങ്ങൾ ഗ്രാമപഞ്ചായത്തിന്റെ കാര്യത്തിൽ പഞ്ചായത്തിന്റെ ആസ്ഥാനം സ്ഥിതിചെയ്യുന്ന സ്ഥലത്ത് അധികാരപരിധിയുള്ള മുനിസിഫ് കോടതിയിലും, ബ്ലോക്ക് പഞ്ചായത്ത്, ജില്ലാ പഞ്ചായത്ത്, മുനിസിപ്പാലിറ്റി എന്നിവയുടെ കാര്യത്തിൽ അവയുടെ ആസ്ഥാനം സ്ഥിതിചെയ്യുന്ന സ്ഥലത്ത് അധികാരപരിധിയുള്ള ജില്ലാ കോടതി മുമ്പാകെയും പ്രസ്തുത തദ്ദേശസ്വയംഭരണ സ്ഥാപനത്തിലെ ഏതൊരു അംഗത്തിനും/ കൗൺസിലർക്കും തീർപ്പിനായി ഒരു ഹർജി ഫയൽ ചെയ്യാവുന്നതാണ്. ഇപ്രകാരമുള്ള അദ്ധ്യക്ഷ/ഉപാദ്ധ്യക്ഷ തിരഞ്ഞെടുപ്പ് സംബന്ധിച്ച തർക്കത്തിൻമേൽ പ്രസ്തുത തദ്ദേശ സ്വയംഭരണ സ്ഥാപനത്തിലെ ഒരു അംഗം/ കൗൺസിലർക്ക് മാത്രമേ ഹർജി ഫയൽ ചെയ്യാൻ കഴിയുകയുള്ളൂ (Thomas K Peelianickal v. State Election Commission, 2020 ICO 892 : 2020(4) KLT 697). □

ലേഖകൻ ലോക്കൽ ഗവൺമെന്റ് കമ്മീഷനിലെ ലീഗൽ കൺസൾട്ടന്റാണ്.

ഈസ് ഓഫ് ഗുഡ് ഗവേർണൻസ് ILGMS എന്ന ഉപാധിയിലൂടെ

■ വിനോദ് കുമാർ കൊടക്കൽ

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ പൗരസേവന സംവിധാനത്തിന് ഏറ്റവും അനിവാര്യമായിട്ടുള്ള നടപടിക്രമങ്ങളിലും തീരുമാനമെടുക്കലിലും ഉള്ള സുതാര്യതയും സമയക്ലിപ്തതയും ഉറപ്പാക്കുന്നതിനൊപ്പം ഭരണ സംവിധാനത്തിന് ചടുലതയും പ്രതികരണാത്മകതയും ഉറപ്പാക്കലും കൂടി ലക്ഷ്യമിട്ടു കൊണ്ടുള്ള ഭരണപരിവർത്തന ഉദ്യമത്തിന്റെ പുതിയ ഘട്ടമാണ് ഗ്രാമപഞ്ചായത്തുകൾ ഉൾപ്പെടെ ഏത് പൗരകേന്ദ്രീകൃത സ്ഥാപന സംവിധാനത്തിനും ഉപയുക്തമായ ഇന്റഗ്രേറ്റഡ് ലോക്കൽ ഗവേർണൻസ് മാനേജ്മെന്റ് സിസ്റ്റം (ILGMS) എന്നതിലൂടെ തദ്ദേശസ്വയംഭരണ വകുപ്പ് ആവിഷ്കരിച്ചിട്ടുള്ളത്.

അധികാര വികേന്ദ്രീകരണത്തിലും പ്രാദേശിക ഭരണ രംഗത്തും രാജ്യത്ത് തന്നെ മാതൃകയായിക്കൊണ്ട് കേരളത്തിലെ പ്രാദേശിക സർക്കാരുകളുടെ മുന്നേറ്റം കാൽ നൂറ്റാണ്ട് പിന്നിടുകയാണ്. കഴിഞ്ഞ ഇരുപത്തിയഞ്ചു വർഷ കാലയളവിൽ നമ്മുടെ സംസ്ഥാനം കൈവരിച്ച നേട്ടങ്ങളിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ വഹിച്ച പങ്ക് പ്രഥമഗണനീയമാണ്. തദ്ദേശഭരണ സ്ഥാപനങ്ങളിലെ പൗരസേവന സംവിധാനത്തിന് ഏറ്റവും അനിവാര്യമായിട്ടുള്ള നടപടിക്രമങ്ങളിലും തീരുമാനമെടുക്കലിലും ഉള്ള സുതാര്യതയും സമയക്ലിപ്തതയും ഏറെ മെച്ചപ്പെട്ടിട്ടുണ്ടെങ്കിലും ഇനിയും മുന്നേറേണ്ടതുണ്ട്. പ്രാദേശിക സാമ്പത്തിക വികസനം കൂടി ലക്ഷ്യമിട്ടു കൊണ്ടുള്ള ഈസ് ഓഫ് ഡൂയിങ് എന്ന നയത്തിലൂടെ സംരംഭക പ്രോത്സാഹനം സംസ്ഥാനം ലക്ഷ്യമിടുകയും പൗരജീവിത ക്രമീകരണം ഗ്രാമപഞ്ചായത്തുകളുടെ ചുമതലയുമാവുമ്പോൾ ഈസ് ഓഫ് ഗുഡ് ഗവേർണൻസ് അനിവാര്യമാകുന്നു.

തദ്ദേശ ആസൂത്രണത്തിന് ജനകീയമായ ഒരു രീതിശാസ്ത്രം വികസിപ്പിക്കലും തദ്ദേശീയ ആസൂത്രണ നിർവഹണ പ്രവർത്തനങ്ങളിൽ വിപുലമായ ജനപങ്കാളിത്തം ഉറപ്പാക്കലും തദ്ദേശീയ ജനാധിപത്യ സംവിധാനങ്ങളെ ശക്തിപ്പെടുത്തലും സമ്പത്തിന്റെ വികേന്ദ്രീകരണം ഉറപ്പാക്കലും ഭരണവും സേവനവും പൗര കേന്ദ്രീകൃതമാക്കലും ജനകീയാസൂത്രണത്തിന്റെ പ്രധാന ലക്ഷ്യങ്ങൾ ആയിരുന്നു. ജനകീയാസൂത്രണത്തിന്റെ രണ്ടാം ഘട്ടത്തിൽ, പതിനൊന്നാം പഞ്ചവത്സര പദ്ധതി കാലത്തു തദ്ദേശ സ്ഥാപനങ്ങളിലൂടെ നൽകുന്ന സേവനങ്ങളുടെ നിലവാരം ഉയർത്തലും ഭരണ പ്രവർത്തനങ്ങളെ ജനസൗഹാർദ്ദമാക്കലും പ്രധാന അജണ്ടയായി തന്നെ മാറി. പതിനൊന്നാം പഞ്ചവത്സര പദ്ധതി ആസൂത്രണ മാർഗ്ഗരേഖയിൽ സദ്ഭരണവും (Good Governance) മികച്ച സേവനപ്രദാനവും അനിവാര്യമാണെന്ന് നിഷ്കർഷിച്ചു. ഇതോടെ സേവനങ്ങൾ മെച്ചപ്പെടുത്താനുള്ള സംവിധാനങ്ങൾക്കായുള്ള ഏറെ ശ്രമങ്ങൾ തദ്ദേശഭരണ സ്ഥാപനങ്ങൾ, പ്രത്യേകിച്ചും ഗ്രാമ പഞ്ചായത്തുകൾ നടത്തുകയുണ്ടായി.

ജനങ്ങളുമായി എറ്റവും അടുത്ത് ഇടപെടൽ നടത്തുന്ന പ്രാദേശിക സർക്കാർ സംവിധാനമാണ് ഗ്രാമ പഞ്ചായത്തുകൾ. ജനസൗഹൃദ സ്ഥാപനം എന്ന വിശാല ആശയത്തിൽ ഊന്നിക്കൊണ്ട് സേവനപ്രദാന നിലവാരം മെച്ചപ്പെടുത്താൻ 2009 ൽ ഭരണ പരിവർത്തന ഉദ്യമമെന്ന നിലയിൽ ഫ്രണ്ട് ഓഫീസ് സംവിധാനമെന്ന ആശയം രൂപീകരിച്ചു. കിലയുടെയും പഞ്ചായത്ത് വകുപ്പിന്റെയും നേതൃത്വത്തിൽ വയനാട് ജില്ലയിലെ ഗ്രാമപഞ്ചായത്തുകളിൽ മാതൃകാപരമായി നടപ്പിലാക്കിയ ഫ്രണ്ട് ഓഫീസ് സംവിധാനം തുടർന്ന് സംസ്ഥാനത്തെ എല്ലാ ഗ്രാമപഞ്ചായത്തുകളിലും ഏർപ്പെടുത്തി. ഓഫീസ് മാനേജ്മെന്റ് സംവിധാനത്തിൽ തന്നെ പരിഷ്കരണം കൊണ്ട് വന്ന ഫ്രണ്ട് ഓഫീസ് സംവിധാനം വിപ്ലവകരമായ മാറ്റമാണ് ഗ്രാമപഞ്ചായത്തുകളുടെ സേവന പ്രദാനതയിൽ വരുത്തിയത്. തപാലുകൾ ഫ്രണ്ട് ഓഫീസ് മുഖാന്തരം സ്വീകരിക്കുവാനും ആരും ആവശ്യപ്പെടാതെ തന്നെ കൈപ്പറ്റ രസീത് നൽകുകയും ചെയ്യുന്ന രീതി അതോടെ നിലവിൽ വന്നു. ഫ്രണ്ട് ഓഫീസ് സംവിധാനം നടപ്പിലാക്കുക വഴി സേവനങ്ങൾക്ക് കൂടുതൽ കൃത്യതയും സുതാര്യതയും ഉറപ്പ് വരുത്താൻ സാധിച്ചു. പിന്നീട് പല സർക്കാർ സംവിധാനങ്ങളും ഫ്രണ്ട് ഓഫീസ് സംവിധാനം ഏർപ്പെടുത്തുകയുണ്ടായി.

ഫ്രണ്ട് ഓഫീസ് സംവിധാനം വഴി വിഭാവനം ചെയ്ത ജനങ്ങൾക്കുള്ള ഭൗതിക സൗകര്യങ്ങൾ ഉറപ്പാക്കാനും വർഷങ്ങളായി തരം തിരിക്കാത്ത റെക്കോർഡുകൾ തരം തിരിച്ച് സൂക്ഷിക്കാൻ റെക്കോർഡ് സംവിധാനമൊരുക്കാനും ജീവനക്കാർക്ക് കൂടുതൽ മെച്ചപ്പെട്ട പ്രവർത്തന അന്തരീക്ഷം ഒരുക്കാനും ഓരോ ഗ്രാമപഞ്ചായത്തിനും നിശ്ചിത മാനദണ്ഡങ്ങൾ ഉറപ്പാക്കാനും ISO സർട്ടിഫിക്കേഷൻ പ്രോജക്ടിലൂടെ സാധിച്ചു. 2019 ൽ ചരിത്രത്തിൽ ആദ്യമായി 939 ഗ്രാമപഞ്ചായത്തുകളും ഐ എസ് ഒ അംഗീകാരം നേടിയെന്ന സുവർണ്ണ നേട്ടം കേരളത്തിന് സ്വന്തമാക്കാൻ കഴിഞ്ഞു.

ഈ സാഹചര്യത്തിലും ഈസ് ഓഫ് ഗവേർണൻസ് എന്ന ലക്ഷ്യത്തിലെത്തുന്നതിൽ ഗ്രാമപഞ്ചായത്തുകൾ വിവിധ പരിമിതികൾ നേരിടുന്നുണ്ട്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ പൗര സേവന സംവിധാനത്തിന് ഏറ്റവും അനിവാര്യമായിട്ടുള്ള നടപടിക്രമങ്ങളിലും തീരുമാനമെടുക്കലിലും ഉള്ള സുതാര്യതയും സമയക്ലിപ്തതയും ഉറപ്പാക്കുന്നതിനൊപ്പം ഭരണസംവിധാനത്തിന് ചടുലതയും പ്രതികരണാത്മകതയും ഉറപ്പാക്കലും കൂടി ലക്ഷ്യമിട്ട് കൊണ്ടുള്ള ഭരണ പരിവർത്തന ഉദ്യമത്തിന്റെ പുതിയ ഘട്ടമാണ് ഗ്രാമപഞ്ചായത്തുകൾ ഉൾപ്പെടെ ഏത് പൗരകേന്ദ്രീകൃത സ്ഥാപന സംവിധാനത്തിനും ഉപയുക്തമായ ഇന്റഗ്രേറ്റഡ് ലോക്കൽ ഗവേർണൻസ് മാനേജ്മെന്റ് സിസ്റ്റം (ILGMS) എന്നതിലൂടെ തദ്ദേശസ്വയംഭരണ വകുപ്പ് ആവിഷ്കരിച്ചിട്ടുള്ളത്. നിലവിലെ ഭരണ നടപടികൾ അതേപടി ഇലക്ട്രോണിക് സംവിധാനത്തിൽ പകർത്തുന്ന ആദ്യകാല രീതിയ്ക്ക് പകരം ഇന്റലിജന്റായി ചിന്തിക്കുകയും സമ്പ്രദായ നവീകരണത്തി (Process reengineering)ന്റെ ശാസ്ത്രീയതകൾ ഉൾക്കൊള്ളിച്ചുകൊണ്ടുമുള്ള വികസന സമീപനമാണ് ഇതിലുള്ളത്. കേരളത്തിലെ ഗ്രാമപഞ്ചായത്തുകളിലെ ഭരണ സംവിധാനത്തിനും സേവനപ്രദാനതയ്ക്കും പുതിയ മാനങ്ങൾ നൽകുന്ന, ഇ-ഗവേർണൻസിൽ അധിഷ്ഠിതമായ ഒരു ജനപക്ഷ ബദൽ രൂപപ്പെടുത്തുവാനുമുള്ള ഉപാധി കൂടിയാണ് ILGMS.

പ്രത്യേകതകൾ

ILGMS (Integrated Local Governance Management) ന്റെ പ്രധാന പ്രത്യേകതകൾ താഴെപ്പറയും പ്രകാരം പട്ടികപ്പെടുത്തുന്നു.

- ഗ്രാമ പഞ്ചായത്തുകളിൽ നിന്നും ലഭ്യമാകുന്ന 200 ൽ അധികം സേവനങ്ങൾക്കുള്ള അപേക്ഷകളും പരാതികളും അപ്പീലുകളും നിർദ്ദേശങ്ങളും ഓൺലൈൻ ആയി അയയ്ക്കുന്നതിനുള്ള സൗകര്യം. സോഫ്റ്റ്‌വെയറിൽ രജിസ്റ്റർ ചെയ്യുമ്പോൾ ലഭ്യമാകുന്ന യൂസർ ലോഗിൻ വഴിയോ അക്ഷയ കേന്ദ്രങ്ങൾ മുഖേനയോ പൊതുജനങ്ങൾക്ക് അപേക്ഷകൾ അയയ്ക്കാം.
- ഓരോ അപേക്ഷയും അയയ്ക്കുമ്പോൾ ഉൾക്കൊള്ളിക്കേണ്ടുന്ന രേഖകൾ ഏതൊക്കെയെന്ന വിവരം സോഫ്റ്റ്‌വെയറിൽ തന്നെ ലഭ്യമാകും. അപേക്ഷയോടൊപ്പം ആവശ്യമായ രേഖകളും ഫീസുകളും ഓൺലൈൻ ആയി അയക്കാൻ കഴിയും. അപാകങ്ങൾ ഉള്ള പക്ഷം അതു സംബന്ധിച്ച അറിയിപ്പുകളും ഓൺലൈൻ ആയി തന്നെ ലഭ്യമാകും. അപാകങ്ങളുടെ പരിഹാര നടപടികളും ഓൺലൈനായി തന്നെ അയയ്ക്കുന്നതിനുള്ള സൗകര്യവും ലഭ്യമാണ്.
- അപേക്ഷയുടെ തത്സ്ഥിതി വിവരം ഓൺലൈൻ ആയി പബ്ലിക് പേജ് വഴിയും അറിയാൻ കഴിയും.
- നടപടി പൂർത്തിയാകുമ്പോൾ അത് സംബന്ധിച്ച അറിയിപ്പ് എസ്.എം.എസ്. ആയി അപേക്ഷകന് ലഭിക്കുന്നതാണ്.
- അപേക്ഷയ്ക്കൊപ്പം നൽകിയിട്ടുള്ള ഇമെയിൽ അഡ്രസിലും അപേക്ഷകന്റെ യൂസർ ലോഗിനിലും സേവനങ്ങളും സാക്ഷ്യപത്രങ്ങളും അറിയിപ്പുകളും ലഭ്യമാകും. അക്ഷയ കേന്ദ്രങ്ങൾ മുഖേനയും സേവനങ്ങളും, സാക്ഷ്യപത്രങ്ങളും കൈപ്പറ്റാം.
- ഓൺലൈൻ അപേക്ഷ നൽകാൻ സാധിക്കാത്തവർക്കായി ഫ്രണ്ട് ഓഫീസ് സേവനം തുടർന്നും ലഭിക്കും.
- ഫ്രണ്ട് ഓഫീസിൽ ലഭിക്കുന്ന അപേക്ഷയിൽ ഏതെങ്കിലും അപാകം ഉള്ള പക്ഷം അപേക്ഷ ലഭിച്ചതിനുള്ള രസീതിനൊപ്പം പരിഹരിക്കേണ്ട അപാകങ്ങൾ സംബന്ധിച്ച കത്തും നൽകുന്ന രീതിയിലാണ് സോഫ്റ്റ്‌വെയർ തയ്യാറാക്കിയിരിക്കുന്നത്.
- ലഭിക്കുന്ന അപേക്ഷകളുടെ മുൻഗണനാക്രമത്തിലായിരിക്കും അവ കൈകാര്യം ചെയ്യുക.
- ഗ്രാമപഞ്ചായത്തിലെ ഓരോ സീറ്റിനും ഓരോ ഫയലും ലഭിച്ച് എത്ര സമയത്തിനകം അത് കൈകാര്യം ചെയ്യണമെന്ന വിവരം അതുപോലെ ലഭിക്കും. ഇതിനായി ഓരോ സീറ്റിലും ഓരോ സ്വഭാവത്തിലുമുള്ള ഫയലുകൾക്ക് എടുക്കാ

വയനാട് ജില്ലയിലെ ഗ്രാമപഞ്ചായത്തുകളിൽ മാതൃകാപരമായി നടപ്പിലാക്കിയ ഫ്രണ്ട് ഓഫീസ് സംവിധാനം തുടർന്ന് സംസ്ഥാനത്തെ എല്ലാ ഗ്രാമപഞ്ചായത്തുകളിലും ഏർപ്പെടുത്തി. ഓഫീസ് മാനേജ്മെന്റ് സംവിധാനത്തിൽ തന്നെ പരിഷ്കരണം കൊണ്ട് വന്ന ഫ്രണ്ട് ഓഫീസ് സംവിധാനം വിപ്ലവകരമായ മാറ്റമാണ് ഗ്രാമപഞ്ചായത്തുകളുടെ സേവന പ്രദാനതയിൽ വരുത്തിയത്.

വുന്ന പരാമാവധി സമയം സോഫ്റ്റ്വെയറിൽ ഗ്ലോബൽ മാസ്റ്റർ നിശ്ചയിച്ച നൽകിയിട്ടുണ്ട്.

- വൈകിയ ഫയലുകളെ സംബന്ധിച്ച വിവരങ്ങൾ അതത് ജീവനക്കാർക്കും മേലധികാരികൾക്കും യഥാസമയം ലഭ്യമാകുന്നതാണ്. ഇത് വഴി ഫയൽ മോണിറ്ററിങ് കാര്യക്ഷമമാക്കുന്നതിനു സാധിക്കുന്നു.
- ഒരോ ഫയലും സഞ്ചരിക്കുന്ന ഓരോ സീറ്റിലും ആ ഫയലിന്റെ വിഷയവുമായി ബന്ധപ്പെട്ട് ആ സീറ്റിൽ പരിശോധിക്കേണ്ടവ എന്തെന്ന് ഗ്ലോബൽ മാസ്റ്റർ മുഖേന ചോദ്യ രൂപത്തിൽ നൽകിയിരിക്കുന്നതിനാലും അതിനു മറുപടി കൊടുക്കുന്ന സമയത്ത് ആയത് ഓട്ടോ നോട്ട് ആയി ഫയലിൽ വരുമെന്നതിനാലും ഫയലിൽ തെറ്റായ തീരുമാനങ്ങൾ ഉണ്ടാവുന്നത് പരമാവധി കുറയ്ക്കാനും ഫയൽ വേഗത വർദ്ധിപ്പിക്കാനും സഹായിക്കുന്നു.
- ILGMS ജീവനക്കാരുടെ ജോലി ഭാരം കുറയ്ക്കുകയും കാര്യക്ഷമത വർദ്ധിപ്പിക്കുകയും സേവനങ്ങൾ സമയബന്ധിതമായി നൽകുന്നതിനു സാഹചര്യമൊരുക്കുകയും ചെയ്യുന്നു.
- ഗ്രാമപഞ്ചായത്തിന്റെയോ അതിന്റെ ഉദ്യോഗസ്ഥരുടെയോ ശ്രദ്ധയിൽപ്പെടുത്തേണ്ട എന്തും ഏതും ഏതു സമയത്തും നൽകാൻ പൊതു സമൂഹത്തിന് കഴിയുന്നു.
- ഗ്രാമസഭ പരിഗണിക്കേണ്ടതുൾപ്പെടെയുള്ള വികസന – ക്ഷേമ നിർദ്ദേശങ്ങൾ രേഖപ്പെടുത്താൻ കഴിയുകയും തുടർനടപടിയും യുക്തിഭദ്രമായ പ്രതികരണവും ഉറപ്പാക്കുകയും ചെയ്യുന്നു.
- കൂട്ടായ തീരുമാനമെടുക്കൽ പ്രക്രിയയിലൂടെ രൂപപ്പെടുന്ന ഓരോ തീരുമാനത്തിനും തുടർ നടപടി ഉറപ്പാകുന്നു.

പരിമിതികൾ മറികടക്കുന്നു

നിലവിലെ ഭരണ നിർവ്വഹണ സംവിധാനത്തിലെ നിരവധി പരിമിതികൾ ഈ ഇ-ഗവേർണൻസ് ഉപാധി നന്നായി രൂപപ്പെടുത്തുന്നതിലൂടെ മറികടക്കാനാവും. ചിലത് പരിശോധിക്കാം.

- **ഒരേ വിഷയത്തിലുള്ളവയ്ക്കു തന്നെ മുൻഗണനാ ക്രമം പാലിക്കാനാവാത്ത സാഹചര്യം :** First In First Out എന്ന ലോക്ക് വഴി ഒരു വിഷയത്തിലുള്ള ഫയലുകൾ മുൻഗണനാ ക്രമത്തിൽ തന്നെ കൈകാര്യം ചെയ്യപ്പെടുന്നു എന്നുറപ്പാക്കുന്നു. നിയമവും നയവും അനുവദിക്കുന്ന മറികടക്കലിന് സൗകര്യം നൽകുന്നുണ്ടെങ്കിലും അതിന്റെ കാരണം കൃത്യമായി ഫയലിൽ രേഖപ്പെടുത്തുമെന്നതിനാൽ അത് സോഷ്യൽ ഓഡിറ്റിനടക്കം വിധേയമാകുന്നതാണ്.

- **പ്രധാനമെന്ന് പരിഗണിക്കപ്പെടുന്ന വിഷയങ്ങൾക്കിടയിൽ അതല്ലാത്തവ എന്നും അവഗണിക്കപ്പെടുക, സർക്കാരിനോ ഗ്രാമപഞ്ചായത്തു കളുടെ ഫെസിലിറ്റേറ്റർ ആയ വകുപ്പ് സംവിധാനത്തിനും വിവിധ സാങ്കേ തിക ഏജൻസികൾക്കും ആവശ്യമായ വിവരങ്ങളും റിപ്പോർട്ടുകളും സമയബന്ധിതമായി ലഭ്യമാകാതിരിക്കുക:** ഓരോ സീറ്റും കൈകാര്യം ചെയ്യേണ്ട ഓരോ ഫയലും ആ ഫയലിലെ ഒരോ തവണത്തെയും നിശ്ചയിക്കപ്പെട്ട സമയത്തിൽ (Threshold Time) ബാക്കിയുള്ളതിനനുസരിച്ചാണ് പട്ടികപ്പെടുത്തുക എന്നതിനാൽ ഏതൊരു ഫയലും അവഗണിക്കാൻ സാധിക്കുകയില്ല.
- **സംവിധാനം തന്നെ സ്വയം നിർവ്വഹിക്കേണ്ട വിഷയങ്ങൾ പലതും എന്നും മാറ്റി വയ്ക്കപ്പെടുകയോ പരിഗണിക്കപ്പെടാതിരിക്കയോ ചെയ്യുക:** ഓഫീസിനകത്തു നിന്നോ പുറത്തു നിന്നോ അല്ലെങ്കിൽ വിഷയാധിഷ്ഠിത സാറ്റലൈറ്റ് മോഡ്യൂളിൽ നിന്നോ ഇതനുസരിച്ചുള്ള ഒരു inward സൃഷ്ടിക്കപ്പെട്ടാൽ തുടർ നടപടി നിർബന്ധിതമാകുന്നു.
- **സേവനങ്ങൾക്കായുള്ള അപേക്ഷകൾ പൂർണ്ണമാണെന്നും നിർബന്ധമായും ആവശ്യമായ അനുബന്ധ രേഖകൾ ഉണ്ടെന്നും ഉറപ്പാക്കാത്തതിനാൽ സമയബന്ധിത സേവനം ലഭിക്കാതിരിക്കുക. അപാകങ്ങൾ അറിയിക്കുന്നതിനു വേണ്ടി മാത്രം മനുഷ്യാധ്വാനവും പണവും ചെലവഴിക്കേണ്ടി വരിക:** ഗ്ലോബൽ മാസ്റ്ററിന്റെ ഭാഗമായി ചേർക്കുന്ന ഫങ്ഷണൽ ചെക്ക് ലിസ്റ്റ്, അപേക്ഷാ ഫീസ് വിവരങ്ങൾ, ജനറൽ ചെക്ക് ലിസ്റ്റ് എന്നിവ അപേക്ഷയുടെ പൂർണ്ണത ഉറപ്പാക്കുന്നതിനൊപ്പം ഇതനുസരിച്ച് അപാകങ്ങളുണ്ടെങ്കിൽ അത് പട്ടികപ്പെടുത്തിയ കത്ത് (deficiency letter) കൂടി കൈപ്പറ്റ് രസീതിനൊപ്പം ഫ്രണ്ട് ഓഫീസിൽ നിന്നും ലഭിക്കുന്നു. അപേക്ഷയിലെ എല്ലാ വിവരങ്ങളും ഫ്രണ്ട് ഓഫീസിൽ വെച്ച് തന്നെ ചേർക്കപ്പെടുന്നു എന്നതിനാൽ അപാകതയുള്ള സാധ്യത പരമാവധി കുറയ്ക്കുകയും

സേവനപ്രദാനത്തിന്റെ കാര്യക്ഷമതയും ഫലപ്രാപ്തിയും വർധിപ്പിക്കാനും സാധിക്കുന്നു. ഓൺലൈൻ അപേക്ഷകളും ഇതുറപ്പാക്കിക്കൊണ്ട് മാത്രമേ നൽകാനാവൂ.

- **സേവന നിബന്ധനകൾ ഓരോ സ്ഥാപനത്തിലും വ്യത്യസ്തമായിരിക്കുക. വിഷയ ബാഹുല്യം നിമിത്തവും പരിശീലനക്കുറവിനാലും മറ്റു കാരണങ്ങളാലും ജീവനക്കാർക്ക് നടപടികളിൽ വ്യക്തതയില്ലാതിരിക്കുക. ഒരേ വിഷയത്തിൽ തന്നെ നടപടിക്രമങ്ങളിൽ ചുമതലപ്പെട്ടവർക്ക് വ്യത്യസ്ത ധാരണകളുണ്ടാവുക, നിയമാനുസൃത ഏകീകൃത തീരുമാനങ്ങൾക്ക് പകരം വ്യത്യസ്ത തീരുമാനങ്ങൾ ഉണ്ടാവുകയോ തീരുമാനങ്ങൾ തന്നെ ഇല്ലാതിരിക്കുകയോ ചെയ്യുക:** ഓരോ ഫയലും സഞ്ചരിക്കുന്ന ഓരോ സീറ്റിലും ആ ഫയലിന്റെ വിഷയവുമായി ബന്ധപ്പെട്ട് പരിശോധിക്കേണ്ടവ എന്തെന്ന ചോദ്യരൂപത്തിലും ഫങ്ഷണൽ ചെക്ക്‌ലിസ്റ്റും പരമാവധി സേവന പ്രദാന സമയപരിധിയുമൊക്കെ ഗ്ലോബൽ മാസ്റ്റർ മുഖേന നൽകിയിരിക്കുന്നതിനാൽ ഈ പരിമിതി മറികടക്കാനാവുന്നു.
- **ഫയൽ കാണാതാവൽ, തിരച്ചിൽ, ഉൾപ്പെടെയുള്ള മാന്വൽ സംവിധാനത്തിലെ പരിമിതികൾ, ഫയൽ ട്രാക്കിങ്ങും മോണിറ്ററിങ്ങും പ്രയാസകരമാവുക:** സംയോജിത ഇ ഗവേണൻസ് ഉപാധിയിലൂടെ ഈ പരിമിതികൾ മറികടക്കാനാവുന്നു. പൊതു സമൂഹത്തിനടക്കം ലഭിക്കുന്ന ഫയൽ സേർച്ച്, ഏതു ഔദ്യോഗിക ലോഗിനിലും ലഭിക്കുന്ന ഫയൽ എക്സ്ട്രാക്ട് എന്നിവ കൂടുതൽ സൗകര്യം ലഭ്യമാക്കുന്നു.
- **ഫയൽ ഇല്ലാതെ തന്നെ, തീരുമാനത്തിലെത്തിയതെങ്ങിനെ എന്നൊന്നും രേഖപ്പെടുത്താതെ തന്നെ തീരുമാനങ്ങളും നടപടികളുമുണ്ടാവുക:** നിലവിലുള്ള വിവിധ സോഫ്റ്റ്‌വെയറുകളില് അതോരോന്നും കൈകാര്യം ചെയ്യുന്നവർ അവരവരുടെ പ്രവർത്തനം നടത്തി ഡാറ്റാ ബേസും അതിന്റെ റിപ്പോർട്ടുകളും ലഭ്യമാക്കുമ്പോൾ ആ തീരുമാനത്തിലെത്തിയതെങ്ങനെ എന്നുള്ള രേഖപ്പെടുത്തലുകൾ ലഭിക്കില്ല എന്ന പരിമിതി വിവിധ പ്രത്യേകതകളുള്ള ഫയൽ രീതി അടിസ്ഥാനമാക്കിയുള്ള വർക്ക് ഫ്ലോ മാനേജ്മെന്റ് (WMS) സിസ്റ്റം വഴി മറികടക്കാനാവുന്നു.
- **പ്രതികരണം യുക്തി ഭദ്രമല്ലാതിരിക്കുക അല്ലെങ്കിൽ പ്രതികരണം തന്നെ ഇല്ലാതിരിക്കുക, പഞ്ചായത്ത് അംഗങ്ങൾ ഓരോ സേവന പ്രദാനത്തിലും ഇടപെടേണ്ടി വരിക, സേവന – ഗുണമേന്മ നയം പാലിക്കാനാവാതിരിക്കുക :** ഏത് ഇൻപുട്ടും ഫയലായി മാറും എന്നതിനാലും ഏതൊരു ഫയലിനും പരമാവധി സേവന പ്രദാന സമയപരിധിയും അത് നിർബന്ധമായും കൈകാര്യം ചെയ്യേണ്ടുന്ന റോളുകൾ ഏതെന്നും മുൻകൂട്ടി നിശ്ചയിക്കപ്പെട്ടിട്ടുണ്ട് എന്നതിനാലും ഓരോ റോളും കൈകാര്യം ചെയ്യുന്ന സീറ്റ് നിശ്ചിത ചോദ്യങ്ങളോട് പ്രതികരിക്കണം എന്നതിനാലും വ്യക്തമായ അജണ്ടക്കുറിപ്പുകൾ തയ്യാറാക്കപ്പെടുമെന്നതിനാലും പ്രതികരണമില്ലാത്ത സാഹചര്യമൊഴിവാകുന്നു, നൽകുന്ന പ്രതികരണം നിയമാനുസൃതവും യുക്തിഭദ്രവുമായിരിക്കുകയും ചെയ്യുന്നു.
- നിലവിൽ ഓരോ വിഷയ മേഖലയ്ക്കും പ്രത്യേകം പ്രത്യേകം ആപ്ലിക്കേഷൻ സോഫ്റ്റ്‌വെയറുകളാണ് ഉള്ളത്. ഇതോരോന്നും പരസ്പരം സംയോജിതവുമല്ല, ഓരോന്നിലും പ്രത്യേകം ലോഗിൻ ചെയ്യേണ്ടി വരുന്നു. സംയോജിതമല്ലാത്തതിനാൽ പ്രവർത്തനങ്ങളിൽ മുൻഗണനാക്രമം പാലിക്കാനാവാതെ വരുന്ന സാഹചര്യവുമുണ്ട്. സോഫ്റ്റ്‌വെയർ തന്നെ എല്ലാ വിഷയങ്ങൾക്കും ഇല്ലാത്ത സാഹചര്യവുമുണ്ട് : വിവിധ വിഷയ മേഖല സോഫ്റ്റ്‌വെയറുകൾക്ക് പകരം വർക്ക്ഫ്ലോ മാനേജ്മെന്റ് സിസ്റ്റത്തിലെ ഫയൽ വ്യൂ വിലേക്ക് സംയോജിത സാറ്റലൈറ്റ് മോഡ്യൂളിൽ നിന്ന് ഡാറ്റയും ആക്ടിവിറ്റിയും നൽകുന്ന രീതി ആയതിനാൽ പരിമിതി മറികടക്കാനാവുന്നു. സംയോജിത സാറ്റലൈറ്റ് മോഡ്യൂളുകൾ തയ്യാറാവുന്നതു വരെ നിലവിലുള്ള സോഫ്റ്റ്‌വെയർ ആപ്ലിക്കേഷനുകളിലേക്ക് single sign in facility ലഭിക്കുന്നതുമാണ്.
- **ചെയ്ത ജോലിയുടെ അളവ് കണക്കാക്കാനാവാത്ത അവസ്ഥ, അശാസ്ത്രീയ ജോലി വിഭജനം. എന്നും സമ്മർദ്ദത്തിൽ ജോലി ചെയ്യേണ്ടി വരിക :** ഓഫീസിലെ എല്ലാ ഫയൽ പ്രവർത്തനങ്ങളും ഔട്ട് ഡോർ മൂവ്മെന്റും യോഗങ്ങളിലെ പങ്കാളിത്തവും സോഫ്റ്റ്‌വെയറിൽ രേഖപ്പെടുത്തുന്നതിനാൽ പെർഫോമൻസ് മോണിറ്ററിങ് നടത്താനും ജോലി ഭാരം കൃത്യമായി നിശ്ചയിക്കാനും ശാസ്ത്രീയമായ ജോലി വിഭജനം നടത്താനും സഹായിക്കുന്നു.

> First In First Out എന്ന ലോക്ക് വഴി ഒരു വിഷയത്തിലുള്ള ഫയലുകൾ മുൻഗണനാ ക്രമത്തിൽ തന്നെ കൈകാര്യം ചെയ്യപ്പെടുന്നു എന്നുറപ്പാക്കുന്നു. നിയമവും നയവും അനുവദിക്കുന്ന മറികടക്കലിന് സൗകര്യം നൽകുന്നുണ്ടെങ്കിലും അതിന്റെ കാരണം കൃത്യമായി ഫയലിൽ രേഖപ്പെടുത്തുമെന്നതിനാൽ അത് സോഷ്യൽ ഓഡിറ്റിനടക്കം വിധേയമാകുന്നതാണ്.

ഘടന

ജനാധിപത്യ സംവിധാനവും അതിന്റെ മെഷീനറിയായ ഉദ്യോഗസ്ഥ സംവിധാനവും പരസ്പരം കൂട്ടിയിണക്കിക്കൊണ്ടുള്ള ILGMS സോഫ്റ്റ്‌വെയർ വികസിപ്പിച്ചത് തദ്ദേശസ്വയംഭരണ വകുപ്പിന്റെ തന്നെ കീഴിലുള്ള ഇൻഫർമേഷൻ കേരള മിഷനാണ്. ഇതിനുള്ള കൺസെപ്റ്റ് ഡോക്കുമെന്റ് തയ്യാറാക്കിയത് കർമ്മോത്സുകരായ ഒരു സംഘം പഞ്ചായത്ത് വകുപ്പ് ജീവനക്കാരാണ്. ഇആർപി രൂപത്തിൽ ഐകെഎം വികസിപ്പിച്ചിട്ടുള്ള ILGMS ന്റെ ആദ്യ വേർഷനാണ് നിലവിൽ 150 ഗ്രാമ പഞ്ചായത്തുകളിൽ വിന്യസിച്ചിട്ടുള്ളത്. പ്രധാനമായും മൂന്ന് ഭാഗങ്ങളാണ് ഘടനാപരമായി ILGMS നുള്ളത്

1. Workflow Management System (WMS)
2. Meeting Management System (MMS)
3. Satellite Application Modules/ Suites (SAS)

കസ്റ്റമൈസ് ചെയ്തുകൊണ്ട് ഏതു സ്ഥാപനത്തിലും ഉപയോഗിക്കാൻ സാധിക്കുന്ന

ILGMS ന്റെ മേൽപ്പറഞ്ഞ ഘടകങ്ങളെ അതുപയോഗിക്കുന്ന സ്ഥാപനത്തിൽ ഉപയോഗ യോഗ്യമാക്കുന്നത് ഇനിപ്പറയുന്ന വയാണ്.

1. Global Master System (GMS) എന്ന മാസ്റ്റർ ഡാറ്റ
2. Local Settings (LS) എന്ന user settings with role and function mapping.

Workflow Management System (WMS)

ഇതിൽ WMS എന്നത് ഉപയോഗിക്കുന്ന സ്ഥാപനത്തിലെ ഓരോ ചുമതലാ വിഷയത്തിലുള്ള ഒരു input/inward നെ അതു കൈകാര്യം ചെയ്യാൻ ചുമതലപ്പെട്ടവരിലൂടെ കൊണ്ടുപോയി തീരുമാനമെടുക്കാൻ ചുമതലപ്പെട്ടയാൾ തീരുമാനമെടുക്കുന്നതു (Individual decision making) വരെയുള്ള process ഉം ഓരോ റോളും കൈകാര്യം ചെയ്യുന്നവരുടെയും അഭിപ്രായങ്ങളും എടുക്കുന്ന തീരുമാനങ്ങളും രേഖപ്പെടുത്തുകയും ഒപ്പം എടുത്ത തീരുമാനവും അറിയിപ്പുകളും അറിയിക്കുകയും ചെയ്യുന്ന സംവിധാനമാണ്. ഫയൽ ഫ്ലോയും മറ്റ് ഏറെ സൗകര്യങ്ങളും ലഭ്യമാക്കുന്നതിനൊപ്പം MMS, SAS എന്നിവയിലേക്കുള്ള data import and export ന്റെ platform ആയും WMS പ്രവർത്തിക്കുന്നു. ഏറ്റവും മുകളിൽ പൊതു വിവരങ്ങളും ഫയൽ വിവരങ്ങളും, അതിനു താഴെ ഇടതു ഭാഗത്ത് ഇതു വരെയുള്ള നോട്ട്, വലതു ഭാഗത്ത് കറസ്പോണ്ടൻസ് ഫയൽ, തൊട്ട് താഴെ സാറ്റലൈറ്റ് മോഡ്യൂളിൽ നിന്നുള്ള ഡാറ്റ ആക്ടിവിറ്റി ടെംപ്ലേറ്റും നിർബന്ധമായും ചെയ്യേണ്ട പ്രവർത്തനങ്ങൾ ഉറപ്പാക്കുന്ന ചോദ്യാവലിയും അതിനു താഴെ ഓട്ടോ നോട്ട് കൂടാതെ അധികമായി നോട്ട് ചേർക്കാനുള്ള സൗകര്യവും ഇടതു ഭാഗത്ത് മെയിൻ മെനുവും വലതു ഭാഗത്ത് വിവിധ യൂട്ടിലിറ്റി മെനുകളും ഏറ്റവും താഴെ ഫയൽ അയക്കുന്നതിനുള്ള സൗകര്യവും ചേരുന്നതാണ് ഓരോ ഫയൽ വ്യൂവും.

Meeting Management System (MMS)

പ്രാദേശിക സർക്കാരായ ഗ്രാമപഞ്ചായത്തുകളെ സംബന്ധിച്ചിടത്തോളം പഞ്ചായത്ത് യോഗം മുതൽ ബയോ ഡൈവേഴ്സിറ്റി മാനേജ്മെന്റ് യോഗം വരെ നീളുന്ന വിവിധ കൂട്ടായ തീരുമാനമെടുക്കൽ വേദികൾ പരമ പ്രധാനമാണ്. ഇതിനുള്ള വേദിയാണ് MMS.

ILGMS ടീം അംഗങ്ങൾ

ഒരു തീരുമാനമെടുക്കൽ പ്രക്രിയക്ക് അജണ്ട, അജണ്ടക്കുറിപ്പുകൾ എന്നിവയും എടുക്കുന്ന തീരുമാനങ്ങളിൻമേലുള്ള തുടർ നടപടികളും ആവശ്യമാണ്. അജണ്ട, അജണ്ടക്കുറിപ്പുകൾ എന്നിവ MMS ന് ലഭ്യമാക്കുന്നതും തീരുമാനമെടുക്കുന്ന മുറക്ക് ആയത് ഫയലിലെത്തിച്ച് തുടർ നടപടി ഉറപ്പാക്കുന്നതും WMS ആണ്.

Satellite Application Modules/ Suites (SAS)

WMS സംവിധാനത്തിൽക്കൂടി ഓരോ ഫയലും നീങ്ങുമ്പോൾ ആ ഫയൽ നീക്കത്തിൽ ഓപ്പറേറ്റർ മുതൽ അപ്രൂവർ വരെ ഓരോ റോളും വഹിക്കുന്നവർക്ക് ആ ഫയലിൽ അഭിപ്രായങ്ങൾ എഴുതാനും തീരുമാനമെടുക്കാനും ആവശ്യമായ മുൻപേ ശേഖരിച്ച വെച്ചതും ഇപ്പോൾ ലഭിച്ചതുമായ വിവരങ്ങൾ എന്നിവ അതാതു പോലെ ഡാറ്റ ബേസിൽ നിന്നും ലഭ്യമാക്കുന്നതും എടുക്കുന്ന തീരുമാനങ്ങളും പുതിയ വിവരങ്ങളും തിരികെ ഡാറ്റാബേസിലേക്ക് നൽകി കാലികമാക്കുന്നതും SAS സംവിധാനമാണ്. സിറ്റിസൺ യൂസർ ലോഗിനി(My Account)ലും ക്വിക്ക് മെനുവിലും സാക്ഷ്യപത്രങ്ങൾ ലഭ്യമാക്കുന്നതും SAS ആണ്.

Global Master System (GMS)

ഓരോ ഫയലിനും വ്യക്തിത്വം നൽകിക്കൊണ്ട് ILGMS നെ ഉപയോഗയോഗ്യമാക്കുന്നത് അതിന്റെ ഗ്ലോബൽ മാസ്റ്ററാണ്. സ്ഥാപനത്തിന്റെ വിവിധ കൈകാര്യ വിഷയങ്ങൾ വർഗീകരിച്ച് ഓരോന്നിന്റെയും സേവന പ്രദാന സമയം, ഓരോന്നും ഓപ്പറേറ്റർ (O), എൻക്വയറി ഓഫീസർ (E), വെരിഫയർ (V), അപ്രൂവർ (A) എന്നിങ്ങനെ ഏതൊക്കെ റോളിലൂടെ എത്ര തവണ കടന്നു പോകണം, അങ്ങനെ ഓരോ പ്രാവശ്യവും കടന്നു പോകുമ്പോൾ എന്തൊക്കെ പരിശോധിക്കപ്പെട്ടിരിക്കണം, ആകെ സേവന പ്രദാന സമയത്തിൽ ഓരോ റോളിനും ഓരോ തവണയും എത്ര വരെ സമയം അനുവദിക്കാം, ഓരോ അപേക്ഷയോടൊപ്പവും നിർബന്ധമായും ആവശ്യമായ രേഖകളുടെ പട്ടിക, അപേക്ഷ ഫീസും കോർട്ട് ഫീ സ്റ്റാമ്പും ആവശ്യമെങ്കിൽ എത്ര, വരവ് ഡിമാന്റ് ചെയ്യേണ്ടുന്നതും ചെലവ് രേഖപ്പെടുത്തേണ്ടതുമായ അക്കൗണ്ട് ഹെഡുകൾ എന്നിങ്ങനെ അറുപതോളം ഘടകങ്ങൾ നിശ്ചയിക്കുന്ന സംവിധാനമാണ് ഗ്ലോബൽ മാസ്റ്റർ എന്നത്. Major Function (MF), Sub Function (SF), Minor Function (mf) എന്നിങ്ങനെയാണ് കൈകാര്യ വിഷയങ്ങളെ വർഗ്ഗീകരിച്ചിരിക്കുന്നത്. ഗ്രാമപഞ്ചായത്തുകൾക്ക് വേണ്ടി തയ്യാറാക്കിയ ഗ്ലോബൽ മാസ്റ്ററിൽ 47 മേജർ ഫങ്ഷനുകളിലായി 400 ഓളം സബ് ഫങ്ഷനുകൾക്ക് കീഴിൽ 2100 ലധികം മൈനർ ഫങ്ഷനുകൾ നിലവിൽ തയ്യാറാക്കിയിട്ടുണ്ട്. മാർഗ്ഗനിർദ്ദേശങ്ങളിലും മറ്റും കാലികമായുണ്ടാകുന്ന മാറ്റങ്ങൾ അതാത് സമയം പ്രതിഫലിക്കേണ്ടതിനാൽ ഗ്ലോബൽ

ILGMS ശില്പശാല : കില തൃശ്ശൂർ

മാസ്റ്റർ എന്നത് നിരന്തര പ്രവർത്തനം വേണ്ടുന്നതും എന്നും മാറ്റങ്ങൾക്ക് വിധേയവുമാണ്.

സോഫ്റ്റ്‌വെയറിന്റെ അവിഭാജ്യ ഭാഗമായ ഗ്ലോബൽ മാസ്റ്റർ ഘടന രൂപപ്പെടുത്തി വളരെയേറെ അധ്വാനം വേണ്ട അതിന്റെ ഉള്ളടക്കം തയ്യാറാക്കി നൽകുന്നതിനുള്ള പ്രവർത്തനങ്ങൾ നടത്തുന്നത് പഞ്ചായത്ത് ഡയറക്ടർ ചുമതലപ്പെടുത്തിയ പഞ്ചായത്ത് ജീവനക്കാരുടെ ടീം ആണ്. ഇതിനായുള്ള ശില്പശാലകൾ നടത്തുന്നതിനുള്ള മികച്ച പിന്തുണ കില നൽകുകയുണ്ടായി.

Local Settings (LS)

ILGMS ഉപയോഗിക്കുന്ന സ്ഥാപനത്തിൽ എത്ര സെക്ഷനുകൾ, എത്ര സീറ്റുകൾ ഉണ്ടാവണം, ആരൊക്കെയാണ് യൂസേർസ്, ഓരോ മൈനർ ഫങ്ഷനിലെയും ഓരോ റോളും ഏത് സീറ്റ് കൈകാര്യം ചെയ്യണം, ഓരോ സീറ്റും ഏത് യൂസർ കൈകാര്യം ചെയ്യണം എന്നതു മുതൽ പ്രാദേശിക അവധി ദിവസങ്ങൾ, സർക്കാർ നിശ്ചയിച്ചതിനേക്കാളും കുറഞ്ഞ സമയത്തിനുള്ളിൽ സേവനപ്രദാനം നൽകാൻ പൗരാവകാശ രേഖയിൽ തീരുമാനിച്ചിട്ടുണ്ടെങ്കിൽ അക്കാര്യം തുടങ്ങി വിവിധ സെറ്റിങ്ങ്സ് സ്ഥാപന തലത്തിൽ രേഖപ്പെടുത്താനുള്ള സംവിധാനമാണിത്. ജീവനക്കാരുടെ ഉപയോഗ നാമമായി ഉപയോഗിക്കുന്നത് അവരുടെ PEN (Permanent Employee Number) ആണ്. ILGMS വിന്യസിച്ചിട്ടുള്ള ഏത് സ്ഥാപനത്തിലും ഒരേ ഉപയോഗ നാമം തന്നെ ഉപയോഗിക്കാവുന്നതാണ്.

സേവനം വിരൽത്തുമ്പിൽ

ILGMS ലേക്ക് ഫ്രണ്ട് ഓഫീസിൽ കൂടിയല്ലാതെ input/inward കൾ 24x7 സമയവും ഇ ഫയലായി നല്കാൻ സാധിക്കുന്നതാണ്. ഇപ്രകാരം അപേക്ഷ നൽകുമ്പോൾ അതോടൊപ്പം നിർബന്ധമായും നൽകേണ്ട രേഖകളും ലിസ്റ്റ് ചെയ്യുന്നതും അവ അറ്റാച്ച് ചെയ്യാൻ സൈകര്യം ലഭിക്കുന്നതുമാണ്. തന്റെയോ മറ്റൊരാളുടെയോ അക്കൗണ്ട് വഴിയോ അക്ഷയ വഴിയോ അപേക്ഷ നൽകുന്ന വ്യക്തി ഈ കാര്യത്തിനായി ഗ്രാമപഞ്ചായത്ത് ഓഫീസിലേക്ക് നേരിട്ട് പോകേണ്ടതുമില്ല. നൽകിയ അപേക്ഷകളുടെ തൽസ്ഥിതി വിവരം പബ്ലിക് ആയി തന്നെ File Search വഴി അറിയാനും അതിന്റെ പ്രിന്റ് എടുക്കാനും സാധിക്കുന്നതാണ്. കത്തുകളും അറിയിപ്പുകളും സാക്ഷ്യപത്രങ്ങളും അപേക്ഷകന്റെ ഇ മെയിലിലേക്കും മറ്റും ലഭിക്കാനും സംവിധാനമുണ്ട്.

ജനാധിപത്യ സംവിധാനവും അതിന്റെ മെഷീനറിയായ ഉദ്യോഗസ്ഥ സംവിധാനവും പരസ്പരം കൂട്ടിയിണക്കിക്കൊണ്ടുള്ള ILGMS സോഫ്റ്റ്‌വെയർ വികസിപ്പിച്ചത് തദ്ദേശസ്വയംഭരണ വകുപ്പിനു കീഴിലുള്ള ഇൻഫർമേഷൻ കേരള മിഷനാണ്. ഇതിനുള്ള കൺസെപ്റ്റ് ഡോക്കുമെന്റ് തയ്യാറാക്കിയത് കർമ്മോത്സുകരായ ഒരു സംഘം പഞ്ചായത്ത് വകുപ്പ് ജീവനക്കാരാണ്

തദ്ദേശഭരണസ്ഥാപനങ്ങളുടെ വികസന-ക്ഷേമ-ഭരണ നിർവ്വഹണ രംഗത്ത് ഉപയോഗിക്കുന്ന 16 വിവിധ തരം സോഫ്റ്റ്‌വെയറുകൾ തയ്യാറാക്കിയിട്ടുള്ള ഐ.കെ.എം തന്നെയാണ് ILGMS ഉം വികസിപ്പിച്ചിട്ടുള്ളത്. ILGMS സോഫ്റ്റ്‌വെയറിന്റെ പരീക്ഷണാടിസ്ഥാനത്തിലുള്ള പ്രവർത്തനം 2020 മെയ് 20 ന തിരുവനന്തപുരം ജില്ലയിലെ ചെമ്മരുതി ഗ്രാമപഞ്ചായത്തിലാണ് ആരംഭിച്ചത്. പരീക്ഷാടിസ്ഥാനത്തിലുള്ള പ്രവർത്തനത്തിനു ശേഷമാണ് സർക്കാരിന്റെ 100 ദിന കർമ്മ പദ്ധതിയിൽ ഉൾപ്പെടുത്തി എല്ലാ ജില്ലകളിലുമായി 150 ഗ്രാമ പഞ്ചായത്തുകളിൽ കൂടി 2020 ആഗസ്ത് 24 മുതൽ വിന്യസിച്ചിരിക്കുന്നത്. ഗ്രാമ പഞ്ചായത്തുകളുടെ എല്ലാ പ്രവർത്തനങ്ങളും വെബ് അധിഷ്ഠിതമായ ഒരൊറ്റ പ്ലാറ്റ്ഫോമിലേക്ക് മാറ്റുവാൻ സോഫ്റ്റ്‌വെയറിന്റെ വരവോടെ സാധിക്കും. കൊറോണ മഹാമാരിയുടെ കാലത്തു ഇത്തരം ഒരു സോഫ്റ്റ്‌വെയർ പദ്ധതി മാതൃകാപരമാണ്. കേരളത്തിലെ അധികാര വികേന്ദ്രീകരണ പ്രക്രിയ ഇന്ന് കടന്നു പോകുന്നത് നേടിയ നേട്ടങ്ങളെ നിലനിർത്തുന്നതിനും പുതിയ ലക്ഷ്യങ്ങൾ നിർണയിക്കുന്നതിനുമുള്ള രണ്ടാം തലമുറ പരിഷ്കാര ഘട്ടത്തിലൂടെയാണ്. തദ്ദേശഭരണ സംവിധാനത്തിന്റെ ഭരണ തലത്തിലും ആസൂത്രണ തലത്തിലും ഉള്ള ഗുണമേന്മ മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി ആധുനികമായ ജനപക്ഷ ബദൽ മാതൃകകൾ പൗര സേവനരംഗത്ത് സൃഷ്ടിച്ചുകൊണ്ട് ഇ-ഗവേർണൻസിൽ അധിഷ്ഠിതമായ സുതാര്യവും കാര്യക്ഷമവും അഴിമതിരഹിതവും പൗര കേന്ദ്രീകൃതവുമായ പ്രാദേശിക ഭരണ സംവിധാനം രൂപപ്പെടുത്തുക എന്ന ലക്ഷ്യമാണ് ഇന്റഗ്രേറ്റഡ് ലോക്കൽ ഗവേർണൻസ് മാനേജ്മെന്റ് സിസ്റ്റത്തിലൂടെ സാർത്ഥകമാകുന്നത്. ☐

(ലേഖകൻ പഞ്ചായത്ത് അസിസ്റ്റന്റ് ഡയറക്ടറും(കണ്ണൂർ) ILGMS ഗ്ലോബൽ മാസ്റ്റർ നോഡൽ ഓഫീസറുമാണ്)



കൊവിഡ് 19ന്റെ ആരോഗ്യപ്രശ്നങ്ങൾ

■ഡോ. ചിന്ത എസ്.

ചില കൊവിഡ് രോഗികൾക്ക് രോഗലക്ഷണങ്ങൾ നിലനില്ക്കുകയോ രോഗമുക്തിയ്ക്ക് ശേഷം ആഴ്ചകളോ മാസങ്ങളോ കഴിഞ്ഞ് പുതിയ ലക്ഷണങ്ങൾ പ്രകടമാവുകയോ ചെയ്യുന്നതായി കണ്ടുവരുന്നു. നേരിയ രോഗലക്ഷണങ്ങൾ മാത്രം കാണിച്ചവരിലും രോഗലക്ഷണങ്ങൾ ഇല്ലാത്തവരിലും മറ്റ് ദീർഘസ്ഥായി രോഗങ്ങൾ ഇല്ലാത്തവരിലും ഇത്തരത്തിൽ നീണ്ടുനിൽക്കുന്ന ആരോഗ്യപ്രശ്നങ്ങൾ കണ്ടുവരുന്നുണ്ട്. ഇതിനെ 'Long Covid' അല്ലെങ്കിൽ 'Post Covid-19 Syndrome' എന്നപേരിൽ അറിയപ്പെടുന്നു.

കൊവിഡ്19 മഹാമാരി നമ്മെ ബാധിച്ചിട്ട് 10 മാസത്തോളം കഴിയുമ്പോൾ, കേരളത്തിൽ 5 ലക്ഷത്തിലധികം ജനങ്ങളിൽ ടെസ്റ്റ് വഴി രോഗം സ്ഥിരീകരിച്ചിരിക്കുന്നു. അതിൽ 85% രോഗികളും കണക്കുകൾ പ്രകാരം രോഗമുക്തരായിരിക്കുന്നു. 1800 ൽ അധികം മരണങ്ങൾ റിപ്പോർട്ട് ചെയ്യപ്പെട്ടിരിക്കുന്നു. എന്നാൽ ലോകത്തിലെയും ഇന്ത്യയിലെയും തന്നെ മറ്റു പ്രദേശങ്ങളെ അപേക്ഷിച്ച് 0.36% എന്ന വളരെ കുറഞ്ഞ മരണനിരക്കാണ് കേരളത്തിലുള്ളത്. ഓണത്തിന് ശേഷം ഉണ്ടായ കേസുകളുടെ വർദ്ധന കഴിഞ്ഞ കുറച്ച് ആഴ്ചകളായി കുറഞ്ഞുവരുന്നു എന്ന ആശ്വാസവും ഈ ഘട്ടത്തിൽ നമ്മുടെ പ്രതിരോധ പ്രവർത്തനങ്ങൾക്ക് ആത്മവിശ്വാസം പകരുന്നു.

രോഗബാധ കണ്ടെത്തിയവരിൽ 80% ത്തിലധികവും രോഗികൾക്ക് കാര്യമായ രോഗലക്ഷണങ്ങൾ കണ്ടുവരുന്നില്ല. 10-15% രോഗികൾക്ക് ഗൗരവമായ ലക്ഷണങ്ങൾ കാണുകയും ആശുപത്രി പ്രവേശനം ആവശ്യമായി വരികയും ചെയ്യുന്നു. അതീവ ഗുരുതര ആരോഗ്യപ്രശ്നങ്ങളാൽ ക്രിട്ടിക്കൽ കെയർ ആവശ്യം വേണ്ടിവരുന്നത് 5% ത്തിൽ താഴെ രോഗികൾക്കാണ്. രോഗത്തിന്റെ തീവ്രത അനുസരിച്ച് രണ്ട് മുതൽ ആറ് ആഴ്ചയ്ക്കകം രോഗമുക്തി ഉണ്ടാകുന്നു. എന്നാൽ ചില രോഗികൾക്ക് രോഗലക്ഷണങ്ങൾ നിലനില്ക്കുകയോ, രോഗമുക്തിയ്ക്ക് ശേഷം, ആഴ്ചകളോ മാസങ്ങളോ കഴിഞ്ഞ് പുതിയ ലക്ഷണങ്ങൾ

പ്രകടമാവുകയോ ചെയ്യുന്നതായി കണ്ടുവരുന്നു. നേരിയ രോഗലക്ഷണങ്ങൾ മാത്രം കാണിച്ചവരിലും രോഗലക്ഷണങ്ങൾ ഇല്ലാത്തവരിലും മറ്റ് ദീർഘസ്ഥായി രോഗങ്ങൾ ഇല്ലാത്തവരിലും ഇത്തരത്തിൽ നീണ്ടുനിൽക്കുന്ന ആരോഗ്യപ്രശ്നങ്ങൾ കണ്ടുവരുന്നുണ്ട്. ഇതിനെ 'Long Covid' അല്ലെങ്കിൽ 'Post Covid-19 Syndrome' എന്നപേരിൽ അറിയപ്പെടുന്നു. കൊവിഡ് - 19 ന്റെ ആദ്യ ലക്ഷണങ്ങൾ ഉണ്ടായി, മൂന്ന് ആഴ്ചയ്ക്ക് ശേഷവും ആരോഗ്യപ്രശ്നങ്ങൾ പ്രകടമാക്കുന്നതിനെ Post-acute Covid-19 എന്നും മൂന്ന് മാസ (12 ആഴ്ച)ത്തിന് ശേഷവും നിലനില്ക്കുന്ന പ്രശ്നങ്ങളെ Chronic Covid-19 എന്നും വിളിക്കുന്നു. ഇത്തരം രോഗികൾ മറ്റുള്ളവരിലേക്ക് കൊവിഡ് -19 പകർത്തുകയില്ല.

UK Covid Symptom Study, US-ൽ നടത്തിയ ചില പഠനങ്ങൾ, കേരളത്തിൽ മെഡിക്കൽ കോളേജുകളിൽ അഡ്മിറ്റ് ചെയ്ത രോഗികളെ ദീർഘകാലം നിരീക്ഷണം ചെയ്തതിൽ നിന്ന് കിട്ടിയ കണ്ടെത്തലുകൾ, ജർമ്മനി പോലുള്ള രാജ്യങ്ങളിൽ നിന്നുള്ള പഠനങ്ങൾ, ഇവയിൽ നിന്നെല്ലാം മനസ്സിലാക്കാൻ കഴിയുന്നത്, 10% രോഗികളിൽ മൂന്നാഴ്ചയ്ക്ക് ശേഷവും 2%ത്തിൽ താഴെ രോഗികൾക്ക് മാസങ്ങൾക്ക ശേഷവും ആരോഗ്യ പ്രശ്നങ്ങൾ കണ്ടുവരുന്നു എന്നാണ്. യുഎസ്സിലെ ഒരു പഠനപ്രകാരം 35% രോഗികളും, രണ്ട് മൂന്ന് ആഴ്ചകൾക്ക് ശേഷവും പൂർവ്വ ആരോഗ്യ സ്ഥിതി പ്രാപിച്ചിട്ടില്ല. Hypoxia തുടങ്ങിയ രോഗലക്ഷണങ്ങളാൽ, ആശുപത്രിയിൽ പ്രവേശിക്കേണ്ടി വന്നവർ, ഗുരുതര ലക്ഷണങ്ങൾ കാണിച്ചവർ, ഇവർക്കിടയിൽ ദീർഘകാലപ്രശ്നങ്ങളുടെ സാദ്ധ്യത ഇതിലും കൂടുതലാണ്. വളരെ കുറച്ച് പഠനങ്ങൾ മാത്രമേ Long Covid-നെക്കുറിച്ച് പ്രസിദ്ധീകരിച്ചിട്ടുള്ളൂ. കുറെയധികം പഠനങ്ങൾ നടന്നുകൊണ്ടിരിക്കുന്നു. പുതിയ ഒരു രോഗം എന്ന നിലയ്ക്ക് സമയം എടുത്ത് മാത്രമെ ഇതിന്റെ പ്രത്യാഘാതങ്ങളെക്കുറിച്ച് പൂർണ്ണമായ അറിവ് നമുക്ക് നേടുവാൻ കഴിയുകയുള്ളൂ.

കൊവിഡ്-19 ന ശേഷം നിലനില്ക്കുന്ന ആരോഗ്യപ്രശ്നങ്ങളുടെ കാരണങ്ങളെക്കുറിച്ച് വന്ന പ്രാഥമിക നിഗമനങ്ങൾ പ്രകാരം ശരീരത്തിന്റെ പ്രതിരോധ സംവിധാനം വൈറസ് ബാധയെത്തുടർന്ന് താളം തെറ്റി അമിതമായി പ്രവർത്തിക്കുന്നത് മൂലം (Dysregulated Inflammatory Response) പ്രധാനപ്പെട്ട അവയവങ്ങൾ ഒക്കെതന്നെയും ബാധിക്കപ്പെടുന്നു. ചുരുക്കം ചിലർക്ക് വൈറസുകൾ ദീർഘകാലം ശരീരത്തിൽ നിലനില്ക്കുന്നതും പ്രശ്നങ്ങൾക്ക് കാരണമാകാം. രോഗബാധയെ തുടർന്നുണ്ടാകുന്ന മാനസികാഘാതത്താൽ ചിലർക്ക് മാനസിക പ്രശ്നങ്ങൾ ഉണ്ടാവുന്നതായിട്ടും കണ്ടുവരുന്നു. മറ്റ് കൊറോണ വൈറസുകളായ SARS, MERS എന്നിവ ബാധിച്ച രോഗികൾക്കും ഇത്തരത്തിലുള്ള ദീർഘകാല ആരോഗ്യപ്രശ്നങ്ങൾ റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുണ്ട്. രക്താതിമർദ്ദം, അമിതവണ്ണം, മാനസികപ്രശ്നങ്ങൾ ഇവയുള്ളവരിൽ Long Covid കൂടുതൽ കണ്ടുവരുന്നു.

രോഗലക്ഷണങ്ങൾ : Long Covid എങ്ങനെ പ്രകടമാകുന്നു

ദീർഘകാല ലക്ഷണങ്ങൾ പ്രധാനമായും നാല് തരത്തിലാണ് പ്രകടമാകുന്നത്.

1. ഗുരുതര രോഗബാധ ഉണ്ടായവരിൽ പൊതുവെ കണ്ടുവരുന്ന ദീർഘകാല ആരോഗ്യപ്രശ്നങ്ങൾ.
2. വൈറൽ ബാധയ്ക്ക് ശേഷം കണ്ടുവരുന്ന ക്ഷീണവും തളർച്ചയും
3. രോഗം അവയവങ്ങളെ ബാധിക്കുന്നത് പൂർണ്ണമായി സുഖപ്പെടാതെ ദീർഘകാലം പ്രശ്നങ്ങൾ നിലനില്ക്കുന്നത്.
4. ഇടവിട്ട് ലക്ഷണങ്ങൾ കാണിച്ചുകൊണ്ട് രോഗമുക്തി വളരെ പതുക്കെമാത്രം നടക്കുന്നത്.

ഇതിൽ തന്നെ ഭൂരിഭാഗം ആളുകളിലും ക്ഷീണം, ജോലി ചെയ്യുമ്പോൾ ശ്വാസംമുട്ട്, പേശിവേദന, മറവി, ശ്രദ്ധക്കുറവ് തുടങ്ങിയ പ്രശ്നങ്ങളാണ് കണ്ട് വരുന്നത്. എന്നാൽ ചുരുക്കം ചിലർക്ക് അതീവഗുരുതരമായ, ജീവന് ഭീഷണി ഉണ്ടാക്കുന്ന പ്രശ്നങ്ങൾ ഉണ്ടാകുന്നു. രക്തക്കുഴലുകളിൽ രക്തം കട്ട പിടിയ്ക്കുന്നത് വഴി ഹൃദയാഘാതം, പക്ഷാഘാതം, ശ്വാസംമുട്ട് തുടങ്ങിയവയാണ് ഇതിൽ പ്രധാനം. ഓരോ അവയവങ്ങളെയും ബാധിക്കപ്പെടുമ്പോൾ ഉണ്ടാകുന്ന പ്രത്യേക ലക്ഷണങ്ങൾ മനസ്സിലാക്കിയിരിക്കേണ്ടതുണ്ട്. ശ്വാസംമുട്ട്, നെഞ്ചിടിപ്പ്, നെഞ്ചുവേദന, ഒരു കാലിൽ മാത്രം കാണുന്ന നീര്, ബോധക്ഷയം എന്നിവ അപകടകരമായ ലക്ഷണങ്ങളാണ്.

കൊവിഡ്-19 ന ശേഷം നിലനില്ക്കുന്ന ആരോഗ്യപ്രശ്നങ്ങളുടെ കാരണങ്ങളെക്കുറിച്ച് വന്ന പ്രാഥമിക നിഗമനങ്ങൾ പ്രകാരം ശരീരത്തിന്റെ പ്രതിരോധ സംവിധാനം വൈറസ് ബാധയെ തുടർന്ന് താളം തെറ്റി അമിതമായി പ്രവർത്തിക്കുന്നത് മൂലം (Dysregulated Inflammatory Response) പ്രധാനപ്പെട്ട അവയവങ്ങൾ ഒക്കെതന്നെയും ബാധിക്കപ്പെടുന്നു.

ശ്വാസകോശസംബന്ധമായ പ്രശ്നങ്ങൾ

ശ്വാസകോശസംബന്ധമായ പ്രശ്നങ്ങളാണ് അധികം പേരിലും കണ്ടുവരുന്നത്. CoPD- പോലുള്ള ശ്വാസകോശ രോഗങ്ങൾ ഉള്ളവരിൽ ഇത് കൂടുതലായി കാണുന്നു. കൊവിഡ് -19 വൈറസ് മൂലം ഉണ്ടാകുന്ന Pneumonia-യെ തുടർന്ന് ശ്വാസകോശം പൂർവ്വസ്ഥിതി പ്രാപിക്കാതെ, Fibrosis ബാധിച്ച് ശ്വാസംമുട്ടുണ്ടാകുന്നു. ഇത് ചികിത്സ അത്യാവശ്യം എടുക്കേണ്ട രോഗമാണ്. ഇത് കൂടാതെ ശ്വാസകോശത്തിലെ രക്തക്കുഴലുകളിൽ രക്തം കട്ടപിടിച്ച് മരണത്തിലേക്ക് വരെ നയിക്കാവുന്ന അതിഗുരുതരമായ Pulmonary Embolism എന്ന രോഗവും വിരളമായി കണ്ടുവരുന്നു. 40% രോഗികൾക്കും ജോലി ചെയ്യുമ്പോൾ ശ്വാസംമുട്ട് അനുഭവപ്പെടുന്നു.

തലച്ചോറിന്റെയും നാഡിവ്യൂഹത്തിന്റെയും പ്രശ്നങ്ങൾ

മണമില്ലായ്മ, പക്ഷാഘാതം (stroke), മറവി, ശ്രദ്ധക്കുറവ്, ചിന്താശേഷിയിലെ വ്യതിയാനങ്ങൾ, Brain fogging, Neuralgia, ഉറക്കക്കുറവും അനുബന്ധപ്രശ്നങ്ങളും. 30% രോഗികൾക്കും മറവി, ശ്രദ്ധക്കുറവ്, ഉറക്കമില്ലായ്മ ഇവ ഉണ്ടാകുന്നു.

മാനസിക പ്രശ്നങ്ങൾ

ഉത്കണ്ഠ, വിഷാദരോഗം, സമ്മർദ്ദം (Stress) ഉറക്കപ്രശ്നങ്ങൾ.

മാംസപേശികളും അസ്ഥി സംബന്ധവുമായ പ്രശ്നങ്ങൾ

സന്ധിവേദന, സന്ധികളിൽ നീര്, പേശിവേദന.

അമിതമായക്ഷീണം

കൊവിഡ് 19 രോഗബാധയെത്തുടർന്ന് ഏറ്റവും അധികം കണ്ടുവരുന്ന ആരോഗ്യപ്ര

ശ്ഷം അമിതമായ ക്ഷീണം ആണ്. 55% ത്തിലധികം രോഗികൾക്കും ഈ പ്രശ്നം ഉണ്ടാകുന്നു.

ഹൃദയസംബന്ധമായ പ്രശ്നങ്ങൾ

ഹൃദയാഘാതം, ഹൃദയത്തിന്റെ മാംസ പേശികളെ ബാധിക്കുന്ന Myocarditis, Cardiomyopathy ഇവയാണ് കൊവിഡിന് ശേഷം കണ്ടുവരുന്നത്. പലപ്പോഴും പ്രകട മായ രോഗലക്ഷണങ്ങളില്ലാത്തവർ അമിത വ്യായാമം ചെയ്യുമ്പോഴാണ്, കുഴഞ്ഞു വീഴുകയും പിന്നീടുള്ള പരിശോധനകളിൽ അവരുടെ ഹൃദയം ബാധിയ്ക്കപ്പെട്ടിട്ടുണ്ട് എന്ന് മനസ്സിലാകുന്നതും. ജർമനിയിൽ കൊവിഡ് 19 രോഗമുക്തി നേടിയ 100 രോഗികളിൽ Cardiac MRI പരിശോധന നടത്തിയ പ്പോൾ 20% ആളുകളിലും Myocarditis ന്റെ തെളിവുകൾ കണ്ടെത്തി.

Multisystem Inflammatory Syndrome (MIS)

ശരീരത്തിലെ പ്രതിരോധ സംവിധാന ത്തിന്റെ താളം തെറ്റിയുള്ള അമിതപ്രവർത്ത നത്താൽ പ്രധാനപ്പെട്ട അവയവങ്ങൾ ബാധിക്കപ്പെട്ട് രോഗി രക്തസമ്മർദ്ദം കുറഞ്ഞ് അവശനായി ഷോക്കിൽ പ്രവേശി ക്കുന്ന ഗുരുതരമായ സ്ഥിതിവിശേഷം ചുരുക്കം ചില കേസുകളിൽ കണ്ടുവരുന്നു. അടിയന്തിര ചികിത്സ നല്കി ജീവൻ നിലനിർത്തുകയാണ് ഇവിടെ വേണ്ടത്. പൊതുവെ രോഗബാധ ഉണ്ടായി മൂന്നാഴ്ച്ച്ക്ക് ശേഷമാണ് ഇത്തരത്തി ലുള്ള സ്ഥിതി കണ്ടുവരുന്നത്. ഒരു പ്രദേശത്ത് രോഗബാധ തീവ്രമായി, ഒരു മാസത്തിന് ശേഷം ഇത്തരത്തിൽ ഗുരുതരസ്ഥിതിയിൽ രോഗികൾ ആശുപത്രിയിൽ എത്തിയാൽ MIS ആകാനുള്ള സാദ്ധ്യത മുന്നിൽ കണ്ട് വേണം ചികിത്സ നല്കുവാൻ. പലപ്പോഴും 30%ത്തോളം രോഗികളും നേരത്തെ കൊവിഡ് ബാധിതരാണെന്ന് കണ്ടെത്തി യവർ പോലുമായിരിക്കില്ല. കാരണം രോഗ ലക്ഷണങ്ങളില്ലാതെ കൊവിഡ് വന്ന് പോയ വർക്കും ഈ രോഗാവസ്ഥ ഉണ്ടാകാം.

കുട്ടികളിലെ രോഗലക്ഷണങ്ങൾ

മുതിർന്നവരിലെ പോലെതന്നെ കുട്ടിക ളിലും MIS-C ഉണ്ടാകാം. വയറിളക്കം, മനം പുരട്ടൽ, നെഞ്ചുവേദന, വയറുവേദന, കൺഫ്യൂഷൻ തുടങ്ങിയ ലക്ഷണങ്ങൾ കുട്ടി കളിൽ കണ്ടുവരുന്നു. ഗുരുതരമായ പ്രശ്നങ്ങൾ ആഴ്ചകൾക്കു ശേഷമായിരിക്കും പ്രകടമാകു ന്നത്. തൊലിപ്പുറത്തെ തടിപ്പുകൾ, ചെങ്കണ്ണ്, ഷോക്ക്, കഴലവീക്കം, കൈകകാലുകളിൽ നീര് എന്നിവ ഗുരുതര ലക്ഷണങ്ങളാണ്.

രോഗമുക്തി നേടിയാലും, നേരിയ രോഗലക്ഷണങ്ങൾ മാത്രമുള്ളവരാ യിരുന്നാലും ഒന്നുരണ്ടാഴ്ചയോളം മിതമായ വ്യയാമം മാത്രം ചെയ്യുക. പതുക്കെ നടന്നു തുടങ്ങുക, ലക്ഷണ ങ്ങൾ കൂടുന്നുവെങ്കിൽ വിശ്രമിക്കുക. എന്നാൽ ക്ഷീണം, ചുമ, ശ്വാസംമുട്ട്, പനി എന്നിവ നിലനില്ക്കുന്നെങ്കിൽ ആയാസമുള്ള ജോലികൾ ചെയ്യാ തിരിക്കുക. ഇത്തരത്തിലുള്ളവർ വൈദ്യസഹായം തേടുകയും വേണം.

കൊവിഡ് 19 രോഗബാധിതർ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ

രോഗമുക്തി നേടിയാലും, നേരിയ രോഗ ലക്ഷണങ്ങൾ മാത്രമുള്ളവരായിരുന്നാലും ഒന്നുരണ്ടാഴ്ചയോളം മിതമായ വ്യയാമം മാത്രം ചെയ്യുക. പതുക്കെ നടന്നു തുടങ്ങുക, ലക്ഷ ണങ്ങൾ കൂടുന്നുവെങ്കിൽ വിശ്രമിക്കുക. എന്നാൽ ക്ഷീണം, ചുമ, ശ്വാസംമുട്ട്, പനി എന്നിവ നിലനില്ക്കുന്നെങ്കിൽ ആയാസമുള്ള ജോലികൾ ചെയ്യാതിരിക്കുക. ഇത്തരത്തി ലുള്ളവർ വൈദ്യസഹായം തേടുകയും വേണം. വിട്ടുമാറാത്ത ചുമ നിയന്ത്രിക്കാനായി ശ്വസനനിയന്ത്രണ വ്യായാമങ്ങൾ ഫലപ്രദ മാണ്. ആയാസപ്പെടുമ്പോൾ ശ്വാസംമുട്ടുള്ള വർ നെഞ്ചുരോഗവിദഗ്ധരുടെ ചികിത്സതേ ടുകയോ, അടുത്തുള്ള കുടുംബാരോഗ്യ കേന്ദ്ര

ങ്ങളിലെ 'ശ്വാസ്' ക്ലിനിക്കൽ നിന്ന് സേവനമെടുക്കുകയോ ചെയ്യുക. ഇക്കൂട്ടർക്ക് Pulmonary Rehabilitation ആവശ്യമാണ്. ഹൃദയ സംബന്ധമായ പ്രശ്നങ്ങൾ ഉള്ളവർ മൂന്ന് മാസത്തേയ്ക്ക് കഠിനമായ വ്യായാമം ഒഴിവാക്കുക. മാനസികാരോഗ്യ പ്രശ്നങ്ങൾക്ക് 'ദിശ'യുമായി ബന്ധപ്പെട്ട മാനസികാരോഗ്യ ടീമിന്റെ സഹായം തേടാം. ശരിയായ ഭക്ഷണവും, ആവശ്യത്തിനുറക്കവും ആവശ്യമാണ്. ഒരു ദിവസം 7 മണിക്കൂറെങ്കിലും ഉറക്കം ലഭിക്കണം.

രോഗലക്ഷണമുള്ളവർക്ക് Post Covid Clinic കളിൽ നിന്ന് ചികിത്സതേടാം. ശ്വാസതടസ്സം, നെഞ്ചിടിപ്പ്, നെഞ്ച് വേദന, ഒരു കാൽപാദത്തിൽ മാത്രം നീര്, ബോധക്ഷയം തുടങ്ങിയ അപകടലക്ഷണങ്ങൾ 'Red Flag Signs' കണ്ടാൽ അടിയന്തിരമായി ചികിത്സ തേടണം. രോഗലക്ഷണങ്ങൾ എത്രകാലം നീണ്ടുനില്ക്കാം എന്ന കാര്യത്തിൽ കൃത്യമായ അറിവ് കാലക്രമേണയെ നമുക്ക് ലഭിക്കുകയുള്ളൂ. നിലവിലുള്ള പഠനങ്ങൾ പ്രകാരം, ഭൂരിഭാഗം രോഗികളും പതിയെ സുഖം പ്രാപിക്കുന്നതായി കണ്ടുവരുന്നു.

ശ്വസനനിയന്ത്രണ വ്യായാമം

5-10 മിനിട്ട് ദൈർഘ്യമുള്ള പല സെഷനുകളായി ഈ വ്യായാമം വീടുകളിൽ തന്നെ ചെയ്യാം. ഇരുന്നുകൊണ്ട് പതിയെ മൂക്കിലൂടെ ശ്വാസം അകത്തേയ്ക്കും വായിലൂടെ പുറത്തേയ്ക്കും എടുക്കുക. ഇത് ചെയ്യുമ്പോൾ നെഞ്ചും തോളും അയച്ചിട്ട് കൊണ്ട് വയറ് പൊങ്ങി താഴുന്ന വിധമായിരിക്കണം ശ്വസിക്കേണ്ടത്. 1:2 തോതിൽ വേണം ശ്വാസം അകത്തേക്കും പുറത്തേയ്ക്കും എടുക്കുന്നതിന്റെ സമയം ക്രമപ്പെടുത്തുന്നത്.

രോഗചികിത്സ

കൊവിഡാനന്തര ആരോഗ്യപ്രശ്നങ്ങൾക്കായി എല്ലാ സർക്കാർ ആശുപത്രികളിലും Post Covid Clinic -കൾ സജ്ജമാക്കുകയാണ്. ആഴ്ചയിൽ ഒരു നിശ്ചിത ദിവസം, നിശ്ചിതസമയത്തായിരിക്കും ക്ലിനിക്കുകളുടെ പ്രവർത്തനം. ഒരു പ്രദേശത്തെ കൊവിഡ് ബാധിച്ച മുഴുവൻ രോഗികളെയും ആരോഗ്യപ്രവർത്തകർ തുടർ നിരീക്ഷണത്തിൽ വയ്ക്കുന്ന സംവിധാനം രൂപപ്പെടുത്തിയിട്ടുണ്ട്. രോഗലക്ഷണമുള്ളവരും മാസത്തിലൊരിക്കൽ മറ്റ് രോഗമുക്തരും Post Covid Clinic -ന്റെ സേവനങ്ങൾ ഉപയോഗപ്പെടുത്തണം. ഗുരുതരമായ ലക്ഷണങ്ങളുള്ളവരെ ജില്ലാ ആശുപത്രികളിലെയും, മെഡിക്കൽ കോളേജുകളിലെയും Post Covid Clinic -കളിലേക്ക് റഫർ ചെയ്യുന്നതായിരിക്കും. ഇ-സഞ്ജീവനിയും മറ്റു ടെലികൺസൾട്ടേഷൻ സേവനങ്ങളും കൊവിഡാനന്തര ആരോഗ്യപ്രശ്നങ്ങളുടെ പരിഹാരത്തിനായി ലഭ്യമാണ്.

> കൊവിഡാനന്തര ആരോഗ്യപ്രശ്നങ്ങൾക്കായി എല്ലാ സർക്കാർ ആശുപത്രികളിലും Post Covid Clinic -കൾ സജ്ജമാക്കുകയാണ്. ആഴ്ചയിൽ ഒരു നിശ്ചിത ദിവസം, നിശ്ചിതസമയത്തായിരിക്കും ക്ലിനിക്കുകളുടെ പ്രവർത്തനം. ഒരു പ്രദേശത്തെ കൊവിഡ് ബാധിച്ച മുഴുവൻ രോഗികളെയും ആരോഗ്യപ്രവർത്തകർ തുടർ നിരീക്ഷണത്തിൽ വയ്ക്കുന്ന സംവിധാനം രൂപപ്പെടുത്തിയിട്ടുണ്ട്

ശ്വാസകോശത്തിലെ Fibrosis-ന് ചികിത്സയ്ക്കായി മരുന്നുകൾ ലഭ്യമാണ്. കൂടാതെ ഇക്കൂട്ടർക്ക് ശ്വാസകോശ വ്യായാമങ്ങളും ആവശ്യമാണ്. വിട്ടുമാറാത്ത ശ്വാസംമുട്ട്, ആയാസപ്പെടുമ്പോൾ ശ്വാസംമുട്ട് ഉള്ളവർ എന്നിവർ നെഞ്ചുരോഗ വിദഗ്ധരുടെ ചികിത്സ തേടണം. വീട്ടിലായിരിക്കുമ്പോൾ Pulse Oximeter ഉപയോഗിച്ച് Oxygen Saturation പരിശോധിക്കുന്നത് സഹായകമാകും. രക്തം കട്ട പിടിയ്ക്കുന്നത് മൂലമുള്ള ഗുരുതര ആരോഗ്യപ്രശ്നങ്ങൾ തടയാൻ Anticoagulation ചികിത്സ അപകടസാദ്ധ്യത ഉള്ളവർക്ക് ഡോക്ടറുടെ തീരുമാന പ്രകാരം നല്കിവരുന്നു.

Neurologic വേദനയുടെ ചികിത്സയ്ക്കും മാനസികാരോഗ്യപ്രശ്നങ്ങൾക്കും ഡോക്ടറുടെ നിർദ്ദേശപ്രകാരം മരുന്നുകൾ കഴിക്കാം. അമിതമായി നിലനില്ക്കുന്ന ക്ഷീണം, ഇതിന്റെ (Chronic Fatigue Syndrome) ചികിത്സയ്ക്കായി Omega 3 fatty acids, Vitamin D, E എന്നിവ ഉപയോഗിക്കാറുണ്ടെങ്കിലും മതിയായ ശാസ്ത്രീയ തെളിവുകളുടെ കുറവ് ഈ ചികിത്സാമാർഗ്ഗങ്ങൾക്കുണ്ട്.

പ്രതിരോധം തന്നെ പ്രധാനം

രോഗബാധിതരിൽ ഭൂരിഭാഗം ആളുകൾക്കും കാര്യമായ രോഗലക്ഷണങ്ങൾ പ്രകടമാകുന്നില്ലെങ്കിലും, ദീർഘകാലം നിലനില്ക്കുന്ന ആരോഗ്യപ്രശ്നങ്ങൾക്ക് ഈ വൈറസ് ബാധ കാരണമാകുന്നു. മുതിർന്നവർക്കും മറ്റ് രോഗങ്ങളുള്ളവർക്കും ഗുരുതരപ്രശ്നങ്ങൾ ഉണ്ടാവാനുള്ള സാദ്ധ്യതയും കൂടുതലാണ്. അതിനാൽ രോഗം വരാതെ പ്രതിരോധിക്കുക എന്നത് തന്നെ പ്രധാനം. □

ലേഖിക തിരുവനന്തപുരം മെഡിക്കൽ കോളേജിലെ കമ്മ്യൂണിറ്റി മെഡിസിൻ വിഭാഗം അസോസിയേറ്റ് പ്രൊഫസർ ആണ്.

നേട്ടങ്ങളുടെ വിവരശേഖരണത്തിന് വികേന്ദ്രീകൃതാസൂത്രണ റൗണ്ട് സർവ്വേ

■ ഹുസൈൻ എം. മിന്നത്ത്

പ്രാദേശികസർക്കാറുകൾ ഏറ്റെടുത്ത് നടപ്പിലാക്കിയ വിവിധപദ്ധതികളുടെ ഫലപ്രാപ്തിയെയും ഭൗതിക നേട്ടങ്ങളെയും കുറിച്ചുള്ള വിവരശേഖരണ പരിപാടിയാണ് 'വികേന്ദ്രീകൃതാസൂത്രണ റൗണ്ട് സർവ്വേ. സർവ്വേയുടെ ആദ്യറൗണ്ടിൽ 2015-16 മുതൽ 2019-20 വരെയുള്ള കാലഘട്ടത്തിൽ നടപ്പിലാക്കിയ പദ്ധതികളുടെ നേട്ടങ്ങളെ കുറിച്ചുള്ള വിവരങ്ങൾ ശേഖരിച്ച് റിപ്പോർട്ടുകളാക്കി പ്രസിദ്ധീകരിക്കുവാനാണ് ലക്ഷ്യമിടുന്നത്.

അധികാര വികേന്ദ്രീകരണത്തിന്റെ സമാനതകളില്ലാത്ത കേരള മാതൃക കാൽ നൂറ്റാണ്ട് പിന്നിടുകയാണ്. ജനകീയ പദ്ധതി എന്ന നിലയിൽ 1996 ചിങ്ങം 1 ന് ഒമ്പതാം പഞ്ചവത്സര പദ്ധതിയിൽ തുടക്കം കുറിച്ച 'ജനകീയാസൂത്രണം' ഇന്ന് പതിമൂന്നാം പഞ്ചവൽസര പദ്ധതിയുടെ അവസാന വർഷങ്ങളിൽ എത്തിനിൽക്കുമ്പോൾ ഒരു പക്ഷെ ദേശീയ ആഗോളതലത്തിൽ തന്നെ ഇത്രയധികം ചർച്ച ചെയ്യപ്പെട്ട ഒരു വികസന മാതൃക വേറെ ഉണ്ടാകില്ല. വികസന കാര്യങ്ങളിൽ തല്പരരായ ജനങ്ങളുടെ പങ്കാളിത്തവും പിന്തുണയും ഉറപ്പാക്കിക്കൊണ്ട് വികസനം സർവ്വതലസ്പർശമാക്കുക എന്ന ലക്ഷ്യത്തോടെ സംസ്ഥാനത്ത് ആരംഭിച്ച

വികേന്ദ്രീകൃതാസൂത്രണ പ്രക്രിയയിൽ ഭരണഘടനാ പദവിയുള്ള പ്രാദേശിക സർക്കാറുകൾ തികച്ചും ജനതാൽപര്യങ്ങളും പ്രാദേശിക ആവശ്യങ്ങളും പരിഗണിച്ച് കൊണ്ടുള്ള ഒരു വികസന തന്ത്രമാണ് നടപ്പിലാക്കുന്നത്. ഇതിനായി അധികാരങ്ങളും ധനവും ചുമതലകളും സ്ഥാപനങ്ങളും ഉദ്യോഗസ്ഥരും പ്രാദേശിക സർക്കാറുകൾക്ക് വിട്ട് നൽകിക്കൊണ്ട് വികസനവും ജനക്ഷേമവും സംസ്ഥാനത്ത് നടപ്പിലാക്കിയപ്പോൾ അന്നേവരെ ലോകം കണ്ടിട്ടില്ലാത്ത പുതിയൊരു വികസന മാതൃക തന്നെയായിരുന്നു കേരളം സൃഷ്ടിച്ചത്. സംസ്ഥാനത്തെ 941 ഗ്രാമ പഞ്ചായത്തുകളും 152 ബ്ലോക്ക് പഞ്ചായത്തുകളും 87 മുൻസിപ്പാലിറ്റികളും 6 കോർപ്പറേഷനുകളും 14 ജില്ലാ പഞ്ചായത്തുകളും ഉൾപ്പെടെ 1200 തദ്ദേശസ്ഥാപനങ്ങളിലെയും 21900 വാർഡുകളിൽ പൊതുജന പങ്കാളിത്തത്തോടെ വികസനം സാദ്ധ്യമാക്കുക എന്നതിനപ്പുറം ഏറ്റെടുത്ത് നടപ്പാക്കുന്ന പദ്ധതികളുടെ ഗുണനിലവാരം ഉറപ്പ് വരുത്തുവാനും പാർശ്വവൽക്കരിക്കപ്പെട്ടവരെയും ദുർബല വിഭാഗക്കാരെയും വനിതകളേയും ഒക്കെ സമൂഹത്തിന്റെ മുഖ്യധാരയിലേക്ക് കൈപിടിച്ച് ഉയർത്തുന്നതിലും ജനകീയാസൂത്രണം വഹിച്ചിട്ടുള്ള പങ്ക് ഒട്ടും ചെറുതല്ല എന്ന് കഴിഞ്ഞകാല പ്രവർത്തനങ്ങൾ നിരീക്ഷിച്ചാൽ നമുക്ക് മനസ്സിലാക്കാൻ സാധിക്കും. സാമ്പത്തിക, സാമൂഹ്യ, ആരോഗ്യ, വിദ്യഭ്യാസ, മാനവ വികസനമടക്കമുള്ള ഏതൊരു മേഖലയിലും സംസ്ഥാനം നേടിയെടുത്തിട്ടുള്ള നേട്ടങ്ങൾ ദേശീയ ആഗോളതലത്തിൽ ശ്രദ്ധിക്കപ്പെട്ടിട്ടുണ്ടെങ്കിൽ അതിന്റെ പിന്നിലെ ചാലകശക്തി കേരളത്തിൽ നടപ്പിലാക്കിയ വികേന്ദ്രീകൃത ആസൂത്രണമാണെന്ന് നമുക്ക് കാണാൻ കഴിയും. സംസ്ഥാന സർക്കാർ അവരുടെ പദ്ധതിവിഹിതത്തിന്റെ ഏകദേശം 25% തുക പ്രാദേശിക സർക്കാറുകൾക്ക് നൽകുന്നതിന് പുറമേ കെട്ടിട, വിനോദ, തൊഴിൽ തുടങ്ങിയ നികുതിയിനം വഴി ലഭിക്കുന്ന തനത്ഫണ്ടുകളും, കേന്ദ്ര സംസ്ഥാനവിഷ്കൃത പദ്ധതി വിഹിതവും പ്രാദേശിക സർക്കാറുകൾക്ക് വിട്ട് നൽകിയിട്ടുള്ള സ്ഥാപനങ്ങളുടെ മെയിന്റനൻസിനായി നൽകുന്ന ഫണ്ടും ധനകാര്യസ്ഥാപനങ്ങളിൽ നിന്നും കണ്ടെത്തുന്ന വായ്പകൾ വഴിയും മറ്റും ലഭിക്കുന്ന തുകയുപയോഗിച്ച് മൂന്ന് ലക്ഷത്തിൽ അധികം പദ്ധതികളിൽ ശരാശരി 20000 കോടി രൂപ ഓരോ വർഷവും തദ്ദേശസ്ഥാപനങ്ങൾ വിവിധ വികസന പരിപാടികൾക്ക് വകയിരുത്തുന്നുണ്ട് എന്ന് കണക്കുകൾ പറയുമ്പോൾ തന്നെ പ്രാദേശിക വികസനത്തിനപ്പുറം സംസ്ഥാന വികസനത്തിലും പ്രാദേശിക സർക്കാറുകൾ വഹിക്കുന്ന പങ്ക് വളരെ വലുതാണെന്ന് തന്നെ കാണാൻ കഴിയും.

പ്രാദേശിക സർക്കാറുകളുടെ കഴിഞ്ഞകാല പ്രവർത്തനങ്ങൾ നിരീക്ഷിച്ചാൽ വികസന ജനക്ഷേമ പ്രവർത്തനത്തിൽ അവർ നടത്തുന്നതും ഇടപെടാത്തതും ചെന്നെത്താത്തതുമായ മേഖലകൾ ഒന്നും തന്നെയില്ല എന്നു തന്നെ പറയാം. ജനങ്ങളുടെ ജീവനോപാധികൾ മെച്ചപ്പെടുത്തൽ, തൊഴിലില്ലായ്മക്ക് പരിഹാരം, പൊതു വിദ്യഭ്യാസം, പൊതുജനാരോഗ്യം, വനിതാവികസനം, പട്ടികജാതി പട്ടികവർഗ്ഗ വികസനം, വയോജനക്ഷേമം, ശിശുക്ഷേമം, കുടിവെള്ളം, പാർപ്പിടം, ശുചിത്വം, അടിസ്ഥാന സൗകര്യ വികസനം, ഉത്പാദനമേഖല വികസനം, വ്യവസായ വികസനം, സേവന മേഖലകളിലെ ഇടപെടൽ തുടങ്ങി എല്ലാ മേഖലകളിലും മാറിമാറി വരുന്ന സാഹചര്യത്തിനും കാലഘട്ടത്തിനുമനുസരിച്ച് പ്രാദേശിക സർക്കാറുകൾ നടത്തുന്ന ഇടപെടലുകൾ വീക്ഷിച്ചാൽ തങ്ങളുടെ ഉത്തരവാദിത്വങ്ങളും ചുമതലകളും ചലനാത്മകവും അതിവിശാലവും ആകുന്നതായി നമുക്ക് മനസ്സിലാക്കാൻ സാധിക്കും. പ്രളയവും കൊവിഡും ഉൾപ്പെടെ സംസ്ഥാനത്തെ ആകമാനം ബാധിച്ച ഒട്ടനവധി പ്രശ്നങ്ങളിലും ദുരന്തങ്ങളിലുമെല്ലാം പ്രാദേശികപദ്ധതികളും ജനകീയപ്രതിരോധവും സൃഷ്ടിച്ചുകൊണ്ട് പ്രാദേശിക സർക്കാറുകൾ നടത്തിയ ഇടപെടലുകൾ ആഗോള തലത്തിൽ തന്നെ ശ്രദ്ധിക്കപ്പെട്ടിട്ടുള്ളവയുമാണ്.

കാൽ നൂറ്റാണ്ടിന്റെ കരുത്തുമായി ജനകീയാസൂത്രണം രണ്ടാംഘട്ടത്തിൽ പ്രവേശിച്ചിരിക്കുകയാണ്. കഴിഞ്ഞ കാലയളവിൽ പ്രാദേശിക സർക്കാറുകൾ സംസ്ഥാനത്ത് നടപ്പിലാക്കിയ വിവിധപദ്ധതികളുടെ ഫലപ്രാപ്തിയെ കുറിച്ചും നേട്ടങ്ങളെക്കുറിച്ചും ആർക്കും തന്നെ സംശയമില്ല. സാമ്പത്തിക, സാമൂഹിക, മാനവിക മേഖലകളിൽ സംസ്ഥാനം കൈവരിച്ച നേട്ടത്തിന്റെ പിന്നിലെ ചാലകശക്തി ജനകീയാസൂത്രണം തന്നെയാണ്.

ഡിസെൻട്രലൈസേഷൻ റൗണ്ട് സർവ്വേ

പ്രാദേശികമായി ശേഖരിക്കപ്പെട്ടിട്ടുള്ള അടിസ്ഥാന വിവരങ്ങൾ ഉപയോഗിച്ച് കൊണ്ടുള്ള വിവരാധിഷ്ഠിതമായ ആസൂത്രണം പ്രാദേശിക വികസന പദ്ധതി രൂപീകരണത്തിന് ഒഴിച്ച് കൂടാൻ പറ്റാത്ത ഒന്നാണ്. സംസ്ഥാനത്ത് ജനകീയാസൂത്രണം ആരംഭിച്ച് കാൽനൂറ്റാണ്ട് പിന്നിട്ടെങ്കിലും നാളിത് വരെ പ്രാദേശിക സർക്കാറുകൾ നടപ്പാക്കിയ പദ്ധതികളുടെ ഫലപ്രാപ്തിയെയും ഭൗതിക നേട്ടങ്ങളെയും കുറിച്ചുള്ള സ്ഥിതി വിവരകണക്കുകൾ ലഭിക്കുന്നതിന് കൃത്യമായ ഒരു സംവിധാനം നിലവിലില്ല എന്നതാണ് യാഥാർത്ഥ്യം. ഈ വിവരങ്ങൾ പ്രാദേശിക സർക്കാറുകളെ സംബന്ധിച്ചിടത്തോളം തുടർ പദ്ധതി രൂപീകരണത്തിനുള്ള അടിസ്ഥാന വിവരങ്ങൾ തന്നെയാണ്. ഓരോ അഞ്ചു വർഷം കഴിയുമ്പോഴും പുതിയ ഭരണസമിതികൾ അധികാരത്തിൽ എത്തുമ്പോൾ കഴിഞ്ഞകാല ഭരണസമിതികൾ ഏറ്റെടുത്ത് നടത്തിയ പ്രാദേശിക പദ്ധതികൾ സംബന്ധിച്ചും അവയുടെ ഫലപ്രാപ്തിയും ഭൗതിക നേട്ടങ്ങളും സംബന്ധിച്ചും സ്ഥിതിവിവരകണക്കുകൾ ലഭ്യമല്ലാത്തത് പലപ്പോഴും തുടർവികസന പ്രവർത്തനങ്ങളെ കാര്യമായി ബാധിക്കാറുണ്ട്. ഇതിനെല്ലാം ഉപരിയായി പുതിയ കർമ്മപദ്ധതികളും വികസനപരിപാടികളും ആസൂത്രണം ചെയ്യുന്നതിലും ഇത് പലപ്പോഴും പ്രശ്നങ്ങൾ സൃഷ്ടിക്കാറുമുണ്ട്. ഓരോ ഭരണസമിതിയുടെയും കാലത്ത് ഏറ്റെടുത്ത പദ്ധതികളുടെ ഫലപ്രാപ്തിയെ സംബന്ധിച്ചും ഭൗതികനേട്ടത്തെയും സംബന്ധിച്ചുള്ള വിവരങ്ങൾ ലഭ്യമായാൽ അതാത് ഭരണസമിതികളുടെ പ്രവർത്തനങ്ങൾ വിലയിരുത്താനും പോരായ്മകൾ കണ്ടറിയാനും സഹായകമാവും. ഈ സ്ഥിതിവിവര കണക്കുകളിലൂടെ ലഭിക്കുന്ന തിരിച്ചറിവുകളും അനുഭവ പാഠങ്ങളും മാതൃകയാക്കാവുന്ന പദ്ധതികളുടെ വിവരങ്ങളും തുടർന്ന് അധികാരത്തിലെത്തുന്ന പ്രാദേശിക സർക്കാറുകൾക്ക് പുതിയതലത്തിൽ നിന്നും പദ്ധതികളെ നോക്കിക്കാണുവാനും രൂപീകരിക്കാനും നടപ്പിലാക്കാനും വികസനത്തിന് പുതിയ

ദിശതന്നെ നൽകുവാനും സഹായിക്കും. മാത്രവുമല്ല തുടർന്ന് ഏറ്റെടുക്കുന്ന പദ്ധതികളുടെ ഗുണനിലവാരവും ഫലപ്രാപ്തിയും വർദ്ധിപ്പിക്കാൻ ആവശ്യമായ പരിജ്ഞാനവും ലഭിക്കും എന്നത് യാഥാർത്ഥ്യം തന്നെയാണ്.

പ്രാദേശികസർക്കാറുകൾ ഏറ്റെടുത്ത് നടപ്പിലാക്കിയ വിവിധപദ്ധതികളുടെ ഫലപ്രാപ്തിയെയും ഭൗതിക നേട്ടങ്ങളെയും കുറിച്ചുള്ള വിവരശേഖരണ പരിപാടിയാണ് 'വികേന്ദ്രീകൃതാസൂത്രണ റൗണ്ട് സർവ്വേ - (Decentralization Round Survey). ഈ സീരിസിലെ ആദ്യ റൗണ്ട് സർവ്വേ 2020 നവംബറോടെ ആരംഭിക്കാനാണ് സർക്കാർ ഇപ്പോൾ ഉദ്ദേശിക്കുന്നത്. സർവ്വേയുടെ ആദ്യ റൗണ്ടിൽ ഇക്കഴിഞ്ഞ പ്രാദേശിക സർക്കാറിന്റെ അഞ്ച് വർഷക്കാലം അതായത് 2015-16 മുതൽ 2019-20 വരെയുള്ള കാലഘട്ടത്തിൽ അവർ നടപ്പിലാക്കിയ പദ്ധതികളുടെ ഫലപ്രാപ്തിയെ കുറിച്ചും ഭൗതിക നേട്ടങ്ങളെ കുറിച്ചുമുള്ള വിവരങ്ങൾ ശേഖരിച്ച് അവ റിപ്പോർട്ടുകളാക്കി പ്രസിദ്ധീകരിക്കുവാനാണ് ലക്ഷ്യമിടുന്നത്. ഇതിന്റെ തുടർച്ചയെന്നോണം അടുത്ത റൗണ്ട് സീരിസ്സുകളിൽ ഓരോ വർഷവും എപ്രിൽ മെയ് മാസങ്ങളിൽ മുതൽക്ക് മുൻ വർഷത്തെ പദ്ധതി വിവരങ്ങൾ സമയ ബന്ധിതമായി ശേഖരിക്കുകയും പ്രാദേശിക സർക്കാർ ഭരണസമിതിയുടെ അവസാന വർഷം അഞ്ച് വർഷക്കാലത്തെയും വിവരങ്ങൾ ക്രോഡീകരിച്ച് അടുത്ത റൗണ്ട് സീരിസ്സ് റിപ്പോർട്ടായി പ്രസിദ്ധീകരിക്കാനാണ് ഡീസെൻട്രലൈസേഷൻ റൗണ്ട് സർവ്വേയിലൂടെ ഉദ്ദേശിക്കുന്നത്. പ്രാദേശികസർക്കാർ നടപ്പിലാക്കുന്ന പദ്ധതികളുടെ ഫലപ്രാപ്തിയെയും ഭൗതിക നേട്ടങ്ങളെയും കുറിച്ചുള്ള വിപുലമായ വിവരാധിഷ്ഠിത ശേഖരം ഈ റൗണ്ട് സീരിസ്സുകൾ വഴി സൃഷ്ടിച്ചെടുക്കാൻ സാധിച്ചാൽ അത് വലിയൊരു നേട്ടം തന്നെയായിരിക്കും.

സർവ്വേ പ്രവർത്തനങ്ങൾ

ഡീസെൻട്രലൈസേഷൻ റൗണ്ട് സീരിസ്സ് സർവ്വേയുടെ ചോദ്യാവലിക്ക് സംസ്ഥാന ആസൂത്രണ ബോർഡാണ് അന്തിമ രൂപം നൽകുന്നതെങ്കിലും സ്ഥിതിവിവരകണക്കുകൾ ശേഖരിക്കുന്നതും വിശകലനം ചെയ്യേണ്ടതും റൗണ്ട് സീരിസ്സ് റിപ്പോർട്ടുകൾ പ്രസിദ്ധീകരിക്കുന്നതും സാമ്പത്തിക സ്ഥിതിവിവരക്കണക്ക് വകുപ്പിന്റെ ചുമതലയായിരിക്കും. ഇതിനായി ഓരോ പ്രാദേശികസർക്കാറുകളിൽ നിന്നും ഡിജിറ്റൽ രൂപത്തിൽ ലഭിക്കുന്ന വിവരങ്ങളും IKM സോഫ്റ്റ്‌വെയറിൽ നിന്നും ലഭിക്കുന്ന പദ്ധതി ചെലവു സംബന്ധിച്ച വിവരങ്ങളും ഉൾക്കൊള്ളിച്ച് വിവിധറിപ്പോർട്ടുകളും മറ്റും തയ്യാറാക്കുന്നതിനുള്ള ആപ്ലിക്കേഷൻ സോഫ്റ്റ്‌വെയറുകൾ സാമ്പത്തിക സ്ഥിതിവിവര കണക്ക് വകുപ്പ് വികസിപ്പിക്കുന്നതാണ്. പ്രാദേശിക സർക്കാർ സ്ഥാപനങ്ങളിലെ നിർവ്വഹണ ഉദ്യോഗസ്ഥന്മാരാണ് സർവ്വേയുടെ വിവരങ്ങൾ നൽകേണ്ടത്. സർവ്വേ പ്രവർത്തനങ്ങളും അതിന്റെ ഗുണമേന്മയും ജില്ലാ ആസൂത്രണ സമിതികളുടെ നേതൃത്വത്തിൽ മോണിറ്റർ ചെയ്യാനും ഇതിനായി പ്രത്യേകം സബ് കമ്മിറ്റികൾ തന്നെ രൂപീകരിക്കാനും സർക്കാർ നിർദ്ദേശം നൽകുന്നുണ്ട്. സർവ്വേയുമായി ബന്ധപ്പെട്ട പരിശീലന ചുമതല നൽകിയിരിക്കുന്നത് കിലയ്ക്കാണ്.

കാൽ നൂറ്റാണ്ടിന്റെ കരുത്തുമായി ജനകീയാസൂത്രണം രണ്ടാംഘട്ടത്തിൽ പ്രവേശിച്ചിരിക്കുകയാണ്. ചില പോരായ്മകൾ കാണാമെങ്കിലും കഴിഞ്ഞ കാലയളവിൽ പ്രാദേശികസർക്കാറുകൾ സംസ്ഥാനത്ത് നടപ്പിലാക്കിയ വിവിധപദ്ധതികളുടെ ഫലപ്രാപ്തിയെ കുറിച്ചും നേട്ടങ്ങളെക്കുറിച്ചും ആർക്കും തന്നെ സംശയമില്ല. സാമ്പത്തിക, സാമൂഹിക, മാനവിക മേഖലകളിൽ സംസ്ഥാനം കൈവരിച്ച നേട്ടത്തിന്റെ പിന്നിലെ ചാലകശക്തി ജനകീയാസൂത്രണം തന്നെയാണ്. കഴിഞ്ഞകാലങ്ങളിൽ നാം നേടിയെടുത്ത നേട്ടങ്ങളെ സുസ്ഥിരമായും സ്ഥായിയായും നിലനിർത്തിക്കൊണ്ട് കേരളത്തിന്റെ ജനകീയ വികസന മാതൃകയെ പുതിയകാലത്തിന്റെ വെല്ലുവിളികളെ നേരിടാൻ പര്യാപ്തമാക്കുന്നതോടൊപ്പം സമയബന്ധിതമായും കൂടുതൽ ഗുണകരവും ഫലപ്രദവും സർവ്വതല സ്പർശിയായും പദ്ധതിനിർവ്വഹണം സാധ്യമാക്കുന്ന തരത്തിലുള്ള ചില ചുവടുവയ്പ്പുകളും കഴിഞ്ഞകാല ന്യൂനതകൾ പരിഹരിച്ചുകൊണ്ടുള്ള ഒരു മുന്നേറ്റവുമാണ് ലോകം ശ്രദ്ധിച്ച കേരളത്തിന്റെ വികസന മാതൃകയുടെ രണ്ടാം ഘട്ടത്തിൽ നാം ലക്ഷ്യം വെക്കുമ്പോൾ തീർച്ചയായും ഈ ലക്ഷ്യത്തിലേക്ക് എത്താനുള്ള ചില വാതായനങ്ങൾ തിരഞ്ഞെടുപ്പിന് ശേഷം അധികാരത്തിലെത്തുന്ന പുതിയ ഭരണസമിതകൾക്ക് മുന്നിലേക്ക് തുറന്നു കൊടുക്കും ഈ ഡീസെൻട്രലൈസേഷൻ റൗണ്ട് സീരിസ്സ് റിപ്പോർട്ടുകൾ എന്നതന്നെ നമുക്ക് അനുമാനിക്കാം. □

ലേഖകൻ സംസ്ഥാന ആസൂത്രണ ബോർഡിൽ ഡെപ്യൂട്ടി ഡയറക്ടറാണ്.

സർവ്വേ രീതി ശാസ്ത്രം

സർവ്വേയുടെ ആദ്യ റൗണ്ടിൽ ഇക്കഴിഞ്ഞ പ്രാദേശിക സർക്കാറുകൾ കഴിഞ്ഞ അഞ്ച് വർഷക്കാലം (2015-2020) നടപ്പിലാക്കിയ പദ്ധതികളുടെ ഫലപ്രാപ്തിയെ കുറിച്ചും ഭൗതിക നേട്ടങ്ങളെ കുറിച്ചുമുള്ള വിവരങ്ങൾ ശേഖരിച്ച് സീരിസ്സ് റിപ്പോർട്ടാക്കി പ്രസിദ്ധീകരിക്കുവാനാണ് ലക്ഷ്യമിടുന്നത്. ഇതിന്റെ ഭാഗമായി 941 ഗ്രാമ പഞ്ചായത്തുകളിലും 87 മുനിസിപ്പാലിറ്റികളിലും 6 കോർപ്പറേഷനുകളിലുമാണ് ആദ്യ റൗണ്ട് സർവ്വേ നടത്തുന്നത്. പ്രാദേശിക സർക്കാറുകൾക്ക് കൈമാറ്റം ചെയ്ത് നൽകിയിട്ടുള്ള വികസന ഉപവികസന മേഖലയെയും വിഷയങ്ങളെയും ഉൾപ്പെടുത്തി തിരഞ്ഞെടുക്കപ്പെട്ട സൂചികകളുടെ അടിസ്ഥാനത്തിൽ തയ്യാറാക്കിയ ചോദ്യാവലിയിലൂടെയാണ് സർവ്വേനടത്തുന്നത്. ശേഖരിക്കുന്ന വിവരങ്ങൾ പരിശോധിച്ച് സർവ്വേക്കായി തയ്യാറാക്കിയിട്ടുള്ള ഡിജിറ്റൽ പ്ലാറ്റ്ഫോമിലേക്ക് കൈമാറ്റം ചെയ്യേണ്ടതായിട്ടുമുണ്ട്. കൃഷി, മൃഗസരക്ഷണം - ക്ഷീര വികസനം, മൽസ്യ വികസനം, ചെറുകിട വ്യവസായം, വിദ്യഭ്യാസം, ആരോഗ്യം, കുടിവെള്ളം, ശുചിത്വ മാലിന്യ സംസ്കരണം, ഭവനം, വനിതാ ശിശു വികസനം, സാമൂഹ്യനീതി, ഊർജ്ജം, പശ്ചാത്തല വികസനം എന്നീ 12 വിഷയ മേഖലകളിൽ നിന്നുള്ള വിവരങ്ങളും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെ സംബന്ധിക്കുന്ന പൊതുവായ ചില വിവരങ്ങളുമാണ് വികേന്ദ്രീകൃതാസൂത്രണ റൗണ്ട് സർവ്വേ വഴി ശേഖരിക്കുന്നത്. സർവ്വേ പ്രവർത്തനങ്ങൾ 2021 ജനുവരി 5 ന് പൂർത്തീകരിക്കാനാണ് സർക്കാർ നിർദ്ദേശം നൽകിയിരിക്കുന്നത് .

വാർത്തകൾ വിശേഷങ്ങൾ

പാലിയേറ്റീവ് കെയർ നഴ്സുമാരുടെ ഓണറേറിയം വർദ്ധിപ്പിച്ചു

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ സേവനമനുഷ്ഠിക്കുന്ന പാലിയേറ്റീവ് കെയർ നഴ്സുമാരുടെ ഓണറേറിയം വർദ്ധിപ്പിച്ച് ഉത്തരവായി.

സ.ഉ.(സാധാ)നം. 2094/2020/തസ്വഭവ തീയതി. 06.11.2020

റീ ബിൽഡ് കേരള - 492 പ്രവൃത്തികൾക്ക് ഭരണാനുമതി

റീ ബിൽഡ് കേരള ഇനിഷ്യേറ്റീവിന്റെ ഭാഗമായി വകയിരുത്തിയിരിക്കുന്ന 208.04 കോടി രൂപ വിനിയോഗിച്ച് തദ്ദേശസ്വയംഭരണ വകുപ്പിനു കീഴിൽ നടപ്പാക്കുന്ന 492 പ്രവൃത്തികൾക്ക് ഭരണാനുമതി നൽകി ഉത്തരവായി.

സ.ഉ.(കൈ)നം. 170/2020/തസ്വഭവ തീയതി. 04.11.2020

എം ജി എൻ ആർ ഇ ജി എസ് മെറ്റീരിയൽ ഘടകത്തിലെ തുക വിനിയോഗം

മഹാത്മഗാന്ധി ദേശീയ തൊഴിലുറപ്പ് പദ്ധതി ദുർബല വിഭാഗത്തിൽപ്പെടുന്ന ഗുണഭോക്താക്കൾക്ക് വ്യക്തിഗത ആസ്തികൾ നിർമ്മിച്ചു നൽകുമ്പോൾ മെറ്റീരിയൽ ഇനത്തിലെ കേന്ദ്രവിഹിതം ലഭ്യമല്ലാതെ വരുന്ന സാഹചര്യത്തിൽ മെറ്റീരിയൽ ഘടകത്തിലെ തുക ഗ്രാമപഞ്ചായത്തിന്റെ തനത് ഫണ്ടിൽ നിന്നും വിതരണം ചെയ്യുന്നതിനും കേന്ദ്ര വിഹിതം ലഭ്യമാകുന്ന മുറയ്ക്ക് ഗ്രാമപഞ്ചായത്തിന്റെ അക്കൗണ്ടിലേക്ക് റീക്കൂപ്പ് ചെയ്യുവാനും അനുമതി നൽകി ഉത്തരവായി.

സ.ഉ.(സാധാ)നം. 2056/2020/തസ്വഭവ തീയതി. 02.11.2020

ഓഡിറ്റ് സംവിധാനങ്ങൾ അവലോകനം ചെയ്യുന്നതിന് ഏകോപന സമിതി രൂപീകരിച്ചു

തദ്ദേശസ്വയംഭരണസ്ഥാപനങ്ങളുടെ അക്കൗണ്ടിംഗ്/ഓഡിറ്റിംഗ് സംവിധാനങ്ങൾ അവലോകനം ചെയ്യുന്നതിന് ഏകോപന സമിതി രൂപീകരിച്ച് ഉത്തരവായി.

ജി.ഓ.(ആർ ടി)നം.2044/2020/എൽഎസ്ജിഡി തീയതി. 30.10.2020

മരണപ്പെട്ടവരെ പെൻഷൻ ഗുണഭോക്തൃ ലിസ്റ്റിൽ നിന്നും ഒഴിവാക്കണം

മരണപ്പെട്ടവരെയും അനർഹരെയും പെൻഷൻ ഡാറ്റാബേസിൽ നിന്നും ഒഴിവാക്കുന്നതിനുള്ള നടപടികൾ സമയബന്ധിതമായി സ്വീകരിക്കുവാൻ പ്രാദേശിക സർക്കാർ സെക്രട്ടറിമാരെ ചുമതലപ്പെടുത്തി നിർദ്ദേശം പുറപ്പെടുവിച്ചു.

സർക്കുലർ നം. 67/2020/ധന. തീയതി. 05.11.2020

എം ജി എൻ ആർ ഇ ജി എസ് ലേബർ ബഡ്ജറ്റ് രൂപീകരണം നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചു

മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് നിയമത്തിലെ വകുപ്പ് 14(6) പ്രകാരം 2021-22 സാമ്പത്തിക വർഷത്തേക്കുള്ള ലേബർ ബഡ്ജറ്റ് രൂപീകരണവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ ത്രിതല പഞ്ചായത്തുകൾ അടിയന്തരമായി ആരംഭിക്കുവാൻ സർക്കാർ നിർദേശിച്ചു.

സർക്കുലർ നം. 245/ഡി.ഡി.2/2020/ തസ്വഭവ. തീയതി. 04.11.2020

ധനകാര്യ കമ്മിഷൻ ടൈഡ് ഫണ്ട് വിഹിതം പ്രോജക്ടിൽ നിന്നും ഒഴിവാക്കണം

ജലജീവൻ മിഷന്റെ തദ്ദേശഭരണ സ്ഥാപന വിഹിതം നൽകുന്നതിന് ധനകാര്യകമ്മീഷൻ ടൈഡ് ഫണ്ട് വിഹിതം പ്രോജക്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള തദ്ദേശഭരണ സ്ഥാപനങ്ങൾ ഈ വിഹിതം പ്രോജക്ടിൽ നിന്നും ഒഴിവാക്കുന്നതിന് നടപടികൾ സ്വീകരിക്കുവാൻ സർക്കാർ നിർദ്ദേശം പുറപ്പെടുവിച്ചു.

സർക്കുലർ നം. ഡി.എ.1 /278/2020/ തസ്വഭവ. തീയതി. 20.10. 2020

ജനന രജിസ്ട്രേഷൻ പേര് ചേർക്കുന്നതിനുള്ള കാലാവധി ദീർഘിപ്പിച്ചു

23.06.2015 നു മുമ്പുള്ള ജനന രജിസ്ട്രേഷനുകളിൽ കുട്ടികളുടെ പേര് ജനന രജിസ്റ്ററിൽ ചേർക്കുന്നതിന് 23.06.2020 മുതൽ ഒരു വർഷത്തേക്ക് അതായത് 22.6.2021 വരെ അനുമതി നൽകി ഉത്തരവായി.

ഉത്തരവ് നം. PAN/8180/2020-B1(DP) തീയതി. 20.10.2020

തദ്ദേശസ്വയംഭരണവകുപ്പുമായി ബന്ധപ്പെട്ട സർക്കാർ ഉത്തരവുകൾ, സർക്കുലറുകൾ, ഗസറ്റ് വിജ്ഞാപനങ്ങൾ എന്നിവയുടെ പൂർണ്ണരൂപം www.lsgkerala.gov.in, www.dop.lsgkerala.gov.in എന്നീ വെബ്സൈറ്റുകളിൽ ലഭ്യമാണ്.

പച്ചത്തുരുത്തുകൾ പറയുന്നത്

ബി. മനോജ്

ആയിരം പച്ചത്തുരുത്തുകൾ ലക്ഷ്യമിട്ടാരംഭിച്ച പദ്ധതി ലക്ഷ്യവും കൈവരിച്ച് ഏറെ മുന്നിലാണ് ഇപ്പോൾ. കേരളത്തിന്റെ പരിസ്ഥിതി പുനഃസ്ഥാപന പ്രക്രിയയിൽ ഹരിതകേരളം മിഷന്റെ പ്രവർത്തനം രേഖപ്പെടുത്തുന്ന ജൈവ അടയാളങ്ങളാണ് ആയിരത്തി അഞ്ഞൂറിലേറെയുള്ള പച്ചത്തുരുത്തുകൾ.

അഭേദ്യമാണ് മനുഷ്യനും പ്രകൃതിയും തമ്മിലുള്ള ബന്ധം. അതുകൊണ്ടുതന്നെ നമ്മൾ ഏവരേയും കാക്കുന്ന, നമുക്കേവർക്കും തണലും തണുപ്പും നൽകുന്ന, മരങ്ങളെയും മലകളെയും പുഴകളെയും ദുർബലമാക്കുകയല്ല അവയെ സംരക്ഷിക്കുകയാണ് വേണ്ടത്.

പരിസ്ഥിതി പുനഃസ്ഥാപന പ്രവർത്തനങ്ങളിൽ ഹരിതകേരളം മിഷന്റെ സാർത്ഥകമായ ചുവടുവയ്പ്പാണ് സംസ്ഥാനത്ത് ആരംഭിച്ച പച്ചത്തുരുത്തുകൾ. കാലാവസ്ഥാ വ്യതിയാനവും അനുബന്ധ പ്രശ്നങ്ങളും വരാനിരിക്കുന്ന അപകടങ്ങളല്ല, വർത്തമാനകാല യാഥാർത്ഥ്യമാണെന്ന ബോധ്യവും ജീവലോകത്തിന്റെ നിലനില്പിനാധാരമായ പ്രകൃതി വിഭവങ്ങളെ സംരക്ഷിച്ചേ മതിയാവൂ എന്ന ദൃഢനിശ്ചയവുമാണ് ഈ ഉദ്യമത്തിനു പിന്നിൽ.

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ സഹായത്തിൽ, പൊതുസ്ഥലങ്ങളിലുൾപ്പെടെ തരിശുഭൂമി കണ്ടെത്തി തനതായ വൃക്ഷങ്ങളും തദ്ദേശീയമായ സസ്യങ്ങളും ഉൾപ്പെടുത്തി സ്വാഭാവിക ജൈവവൈവിധ്യ തുരുത്തുകൾ സൃഷ്ടിച്ചെടുത്തു സംരക്ഷിക്കുകയാണ് ഈ പച്ചത്തുരുത്തുകളിൽ.

അര സെന്റോ അതിൽ കൂടുതലോ വിസ്തൃതിയുള്ള ഭൂമിയിൽ പച്ചത്തുരുത്തുകൾ സ്ഥാപിച്ചിട്ടുണ്ട്. കാലാവസ്ഥാ വ്യതിയാനത്തിന്റെ ദോഷഫലങ്ങൾ കുറയ്ക്കുന്നതിനും ഹരിതഗൃഹ വാതകങ്ങളുടെ സാന്നിധ്യം കൊണ്ടുണ്ടാകുന്ന ആഗോളതാപനത്തെ ചെറുക്കുന്നതിനും പച്ചത്തുരുത്തുകൾക്ക് നിർണ്ണായക പങ്ക്

വഹിക്കാനാകും. അന്തരീക്ഷത്തിലെ അധിക കാർബണിനെ ആഗിരണം ചെയ്ത് സംഭരിച്ച് സൂക്ഷിക്കുന്ന കാർബൺ കലവറകളായി വർത്തിക്കുന്ന പച്ചത്തുരുത്തുകൾ പ്രാദേശിക ജൈവവൈവിധ്യ സംരക്ഷണവും ഉറപ്പാക്കും.

നഗര - ഗ്രാമ വ്യത്യാസം താരതമ്യേന കുറവായ കേരളത്തിൽ ജൈവവൈവിധ്യ സംരക്ഷണം സാധ്യമാക്കുന്ന ഇടപെടലാണ് പച്ചത്തുരുത്തുകൾ. തൈകൾ നട്ടശേഷം മറന്നുകളയാതെ അവയെ പരിചരിച്ച് നില നിർത്തി സാമൂഹ്യ ഉത്തരവാദിത്വം നിറവേറ്റുന്ന ജനകീയ സംരംഭമാണിത്. കാവുകളുടെയും കണ്ടൽക്കാടുകളുടേയും സംരക്ഷണവുമുണ്ട്. പ്രകൃതിയോടുള്ള കരുതലാണ് പച്ചത്തുരുത്തുകൾ. വികസനവും പരിസ്ഥിതിയും തമ്മിലുള്ള സംഘർഷമല്ല സൗഹാർദ്ദമാണ് പച്ചത്തുരുത്തുകൾ നൽകുന്ന സന്ദേശം.

ആയിരം പച്ചത്തുരുത്തുകൾ ലക്ഷ്യമിട്ടാരംഭിച്ച പദ്ധതി ലക്ഷ്യവും കൈവരിച്ച് ഏറെ മുന്നിലാണ് ഇപ്പോൾ. കേരളത്തിന്റെ പരിസ്ഥിതി പുനഃസ്ഥാപന പ്രക്രിയയിൽ ഹരിതകേരളം മിഷന്റെ പ്രവർത്തനം രേഖപ്പെടുത്തുന്ന ജൈവ അടയാളങ്ങളാണ് 1500 ലേറെയുള്ള പച്ചത്തുരുത്തുകൾ.

ജീവസുകളും അതിജീവനവും

ജൈവ വൈവിധ്യവും പ്രകൃതിയിലെ അനുബന്ധ ഘടകങ്ങളും ചേർന്നതാണല്ലോ പരിസ്ഥിതി. മണ്ണും മരവും മനുഷ്യനുമെല്ലാം തമ്മിലുള്ള പാരമ്പര്യത്തിലൂടെ മാത്രം സാധ്യമാകുന്ന സുസ്ഥിരവും സുരക്ഷിതവുമായ ജീവിതത്തെക്കുറിച്ചുള്ള തിരിച്ചറിവാണ് പാരിസ്ഥിതികാവബോധം. ഒരു പ്രദേശത്ത് ജന്മമെടുക്കുന്ന ജീവികൾക്കും സസ്യങ്ങൾക്കും ആ പ്രദേശത്തിന്റെ പരിസ്ഥിതിക്കും കാലാവസ്ഥയ്ക്കും ഇണങ്ങുന്ന പ്രത്യേകതകളുണ്ടാകും. അവിടെ ചുറ്റുപാടുകൾക്കിണങ്ങാത്ത സസ്യങ്ങളും ജീവികളും കടന്നുവരുന്നതോടെ (അധിനിവേശം) പാരിസ്ഥിതികപ്രശ്നങ്ങൾ ഉടലെടുക്കുന്നു. പരിസര മലിനീകരണ സാധ്യത ഇതോടെ വർദ്ധിക്കുന്നു. ഇതു പ്രതിരോധിക്കാൻ പച്ചത്തുരുത്തുകളിലെ പ്രാദേശിക ജൈവവൈവിധ്യത്തിന് കഴിയും. കാരണം അതത് പ്രദേശങ്ങളിൽ സ്വാഭാവികമായി വളരുന്ന തനത് സസ്യങ്ങളാണ് പച്ചത്തുരുത്തിലെ ജീവസ്സുകൾ.

ഔഷധസസ്യങ്ങളും പലതരത്തിലുള്ള അദ്ഭുത സസ്യങ്ങളുമൊക്കെ വനനശീകരണവും മനുഷ്യന്റെ കടന്നുകയറ്റവും കാരണം നശിച്ചു പോകാറുണ്ടല്ലോ. പ്രാദേശികമായി ഇവയൊക്കെ കണ്ടറിഞ്ഞ് പ്രത്യേകമായി പരിപോഷിപ്പിക്കാനുള്ള ബോധപൂർവ്വമായ ശ്രമവും പച്ചത്തുരുത്തിലുണ്ട്. പ്രകൃതിയുടെ ഭാഗമായ ഈ വിഭവങ്ങൾ ഭൂമിയിൽ മനുഷ്യനുൾപ്പെടെയുള്ള ജീവജാലങ്ങളുടെ അതിജീവനത്തിന് സഹായകമാകുന്നു. അതുകൊണ്ടാണ് പച്ചത്തുരുത്ത് സംരംഭത്തെ അതിജീവനത്തിന്റെ പച്ചത്തുരുത്തുകൾ എന്നും വിവക്ഷിക്കുന്നത്.പ്രകൃതിവിഭവ സ്രോതസ്സുകൾ അമിതമായി ഉപയോഗിക്കുന്നതും, ദുരുപയോഗം ചെയ്യുന്നതും മലിനീകരിക്കുന്നതും ജീവലോകത്തിന്റെ നിലനിൽപ്പിനെയും വൈവിധ്യത്തിനെയും അപകടത്തിലാക്കുന്നു. ഭൂമിയിൽ ഹരിതഗൃഹ വാതകങ്ങളുടെ സാന്നിദ്ധ്യം വിവിധകാരണങ്ങളാൽ അനുദിനം വർദ്ധിക്കുകയാണ്. ഇത് ആഗോളതാപ വർദ്ധനയ്ക്കിടയാക്കുകയും പരിസ്ഥിതിയുടെ സ്വാഭാവികതാളം തെറ്റിക്കുകയും ചെയ്യുന്നു. ഏറിയക്കുറും മനുഷ്യ നിർമ്മിതമായ ഈ പ്രതിസന്ധി ലഘൂകരിക്കാനും നമ്മുടെ പ്രാദേശിക ജൈവസമ്പത്ത് സംരക്ഷിക്കാനും പച്ചത്തുരുത്തുകൾക്ക് കഴിയും. ജൈവവൈവിധ്യ ചിന്ത പുതുതലമുറയിൽ സൃഷ്ടിക്കുകയും തുടർപ്രവർത്തനങ്ങൾക്ക് വഴിയൊരുക്കുകയും ചെയ്യുക എന്ന ലക്ഷ്യം മുന്നോട്ടുവയ്ക്കുന്ന പച്ചത്തുരുത്തുകൾ ഈ പശ്ചാത്തലത്തിൽ കൂടുതൽ പ്രസക്തമാവുകയാണ്.

പച്ചത്തുരുത്തുകൾ നിർവഹിക്കുന്ന പ്രകൃതി സംരക്ഷണം

സൂര്യനിൽ നിന്ന് ഭൂമിയിലെത്തുന്ന വികിരണങ്ങളിൽ ഒരു ഭാഗം ഭൂമി തിരികെ അന്തരീക്ഷത്തിലേയ്ക്കു തന്നെ ഉത്സർജിക്കുന്നുണ്ട്. താപോർജ പ്രധാനമായ ഇൻഫ്രാറെഡ്

അന്തരീക്ഷത്തിലെ ഊർജ്ജ ബജറ്റ്

ഭൂമിയുടെ ഒരു ചതുരശ്ര മീറ്റർ 235 വാട്ട് സൗരോർജ്ജമാണ് സ്വീകരിക്കുന്നത്. ഇതിൽ 67 വാട്ട് അന്തരീക്ഷവും 168 വാട്ട് ഭൗമോപരിതലവും ആഗിരണം ചെയ്യും. അങ്ങനെ അന്തരീക്ഷവും ഭൗമോപരിതലവും ചൂടുപിടിക്കും. കൂടുതൽ വേഗം ചൂടുപിടിക്കുന്നത് ഭൗമോപരിതലമായിരിക്കും. അതിനാൽ ഇവിടെ നിന്ന് അന്തരീക്ഷത്തിലേയ്ക്ക് ചൂട് കൈമാറാൻ തുടങ്ങും. ഓരോ ചതുരശ്ര കിലോമീറ്റർ ഭൗമോപരിതലത്തിൽ നിന്നും 492 വാട്ട് ഊർജം ഉത്സർജിക്കുന്നു എന്നാണ് കണക്കാക്കിയിട്ടുള്ളത്. ഇതിൽ 40 വാട്ട് ശൂന്യാകാശത്തേയ്ക്കുതന്നെ തിരികെ പോകും. ശേഷിക്കുന്ന 452 വാട്ട് അന്തരീക്ഷം ആഗിരണം ചെയ്യും. അന്തരീക്ഷം നേരത്തേ ആഗിരണം ചെയ്ത, സൂര്യനിൽ നിന്നു ലഭിച്ച 67 വാട്ടും ഭൂമിയിൽ നിന്നും ലഭിക്കുന്ന ഈ 452 വാട്ടും ചേർന്നുള്ള 519 വാട്ടിൽ 195 വാട്ട് ശൂന്യാകാശത്തേയ്ക്കും ശേഷിക്കുന്ന 323 വാട്ട് തിരികെ ഭൂമിയിലേയ്ക്കും കൈമാറും. ഭൂമിയ്ക്ക് സൂര്യനിൽ നിന്ന് നേരിട്ട് ലഭിച്ച 168 വാട്ടും അന്തരീക്ഷത്തിൽ നിന്ന് ലഭിക്കുന്ന ഈ 323 വാട്ടും ചേർന്ന് വീണ്ടും 492 വാട്ട് എന്ന പഴയ സ്ഥിതിയിൽ തന്നെ എത്തും. ഈ പ്രക്രിയ നിരന്തരം തുടരുന്നതിന്റെ ഫലമായി ഭൂമിയും അന്തരീക്ഷവും ചൂടായിക്കൊണ്ടിരിക്കുമെങ്കിലും ഒരു സമതുലിതാവസ്ഥ സൃഷ്ടിക്കപ്പെടും.

വികിരണമാണ് ഇപ്രകാരം ഉത്സർജിക്കുന്നത്. ഇതിൽ ഒരു ഭാഗം അന്തരീക്ഷത്തിന്റെ താഴേപാളികളെ ചൂടാക്കും. ബാക്കി ശൂന്യാകാശത്തേയ്ക്ക് കടന്നുപോകും. ഇപ്രകാരം ചൂടായ അന്തരീക്ഷ പാളിയിൽ നിന്ന് വീണ്ടും ഭൂമിയിലേയ്ക്ക് ചൂട് പ്രവഹിക്കും. ഭൗമോപരിതലവും അന്തരീക്ഷവും ഇപ്രകാരം പരസ്പരം ചൂട് കൈമാറിക്കൊണ്ടിരിക്കും. ഇങ്ങനെ ഭൗമ വികിരണം മൂലം അന്തരീക്ഷം ചൂടാവുന്ന പ്രക്രിയയാണ് ഹരിതഗൃഹപ്രഭാവം (Green House Effect) എന്നറിയപ്പെടുന്നത്. കാർബൺഡൈഓക്സൈഡ്, നൈട്രജൻ ഓക്സൈഡുകൾ, മീഥേൻ, ഓസോൺ, നീരാവി എന്നീ വാതകങ്ങളാണ് ഭൂമിയിൽ നിന്നുള്ള താപ വികിരണങ്ങളെ ആഗിരണം ചെയ്യുന്നതും തിരികെ ഭൂമിയിലേക്കയയ്ക്കുന്നതും. അതിനാൽ ഈ വാതകങ്ങളെ പൊതുവേ ഹരിതഗൃഹ വാതകങ്ങൾ എന്ന് വിളിക്കാറുണ്ട്. ഭൂമിയുടെയും അന്തരീക്ഷത്തിന്റെയും സമതുലിത താപനിലയ്ക്ക് ഈ വാതകങ്ങളുടെ സാന്നിദ്ധ്യം അനുപേക്ഷണീയമാണ്. എന്നാൽ ഹരിതഗൃഹവാതകങ്ങളുടെ അളവ് കൂടിയാൽ അതനുസരിച്ച് അന്തരീക്ഷ താപനിലയും കൂടും. ഇതാണ് ആഗോളതാപനം.

വ്യാവസായികവത്കരണം, ഇന്ധനങ്ങളുടെ അമിത ഉപയോഗം, അമിത രാസവള ഉപയോഗം, വികസിത വികസ്വര രാഷ്ട്രങ്ങൾ പിന്തുടരുന്ന ആഢംബര ജീവിതശൈലി ഇവയെല്ലാം അന്തരീക്ഷത്തിലെ ഹരിതഗൃഹവാതകങ്ങളുടെ അളവ് വർദ്ധിക്കുന്നതിന് കാരണമാവുന്നു. ഇത് ആഗോളതാപ വർദ്ധനയ്ക്കും ഇടയാക്കുന്നു.

താപവർദ്ധനയ്ക്കു കാരണമായ ഹരിത ഗൃഹ വാതകത്തിന്റെ ഉത്സർജ്ജന തോത് കുറയ്ക്കുകയാണ് പ്രശ്നത്തിനു പ്രധാന പോംവഴി. ഇവിടെയാണ് പച്ചത്തുരുത്തുകൾ സ്വമേധയാ നിർവഹിക്കുന്ന പ്രകൃതിസംരക്ഷണ പ്രവർത്തനം പ്രസക്തമാകുന്നത്. ഹരിത സസ്യങ്ങൾക്ക് കാർബൺ ഡൈഓക്സൈഡ് കൂടിയേ തീരൂ. അവ ഇത് ആഗിരണം ചെയ്യുന്നു.

ഇപ്രകാരം അന്തരീക്ഷത്തിലെ ഹരിത ഗൃഹവാതകങ്ങളുടെ അളവ് സമതുലിതമാക്കി നിലനിർത്തുന്നതിൽ വനങ്ങൾക്ക് വലിയ പങ്കാണുള്ളത്. സ്വാഭാവിക വനങ്ങളുടെ ചെറുമാതൃകകളായ പച്ചത്തുരുത്തുകളും ഇതേ ധർമ്മം തന്നെ നിർവ്വഹിക്കും.

കാവുകൾക്ക് സംരക്ഷണം

വനമേഖലയിൽ നിന്നുമാറി അനേകം ജീവികൾക്കും സസ്യലതാദികൾക്കും ആവാസ വ്യവസ്ഥ ഒരുക്കി നമ്മുടെ നാട്ടിൻപുറങ്ങളിൽ നിരവധി കാവുകളുണ്ടായിരുന്നു. കാവുതീണ്ടിയാൽ കുളംവറ്റുമെന്നും ജലക്ഷാമം നേരിടുമെന്നും വിശ്വസിച്ചിരുന്ന ഒരു ചരിത്രവും നമുക്കുണ്ട്. ഔഷധ സസ്യങ്ങളും കാട്ടുകിഴങ്ങുകളും കാട്ടുവള്ളികളും നിറഞ്ഞ ജൈവവൈവിധ്യത്തിന്റെ കലവറയായ കാവുകളെ സംരക്ഷിക്കുക വഴി പ്രകൃതി സംരക്ഷണവും സാധ്യമായിരുന്നു. എന്നാൽ നഗരവല്ക്കരണം കാവുസംരക്ഷണത്തിന് തടസ്സമായി. ഈ പ്രവണതയ്ക്ക് തിരുത്തൽ കൂടിയാണ് ഹരിതകേരളം മിഷൻ സൃഷ്ടിച്ചെടുക്കുന്ന പച്ചത്തുരുത്തുകൾ. അവശേഷിക്കുന്ന കാവുകളെ പച്ചത്തുരുത്തായി പരിപാലിച്ച് തനിമയോടെ നിലനിർത്താൻ അവസരമൊരുക്കുകയാണ് ഈ സംരംഭത്തിലൂടെ.

ഓർമ്മകളുടെ പച്ചത്തുരുത്തുകൾ നാടിന് സമർപ്പിച്ച് പടിയിറക്കം

ജനസേവനത്തിന്റെ 5 വർഷങ്ങൾ പൂർത്തിയാക്കി ഒരു ഭരണ സമിതികൂടി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നും പടിയിറങ്ങി. 2020 നവംബർ 11 ന് ഭരണസമിതിയുടെ കാലാവധി അവസാനിച്ചു. മുൻകാലങ്ങളിൽ നിന്ന് വ്യത്യസ്തമായി ഓർമ്മകളുടെ പച്ചത്തുരുത്തുകൾ നാടിന് സമർപ്പിച്ചാണ് ഇക്കുറി ഭരണസമിതികൾ പലരും അധികാരമൊഴിഞ്ഞത്. ഹരിതകേരളം മിഷൻ മുന്നോട്ടുവച്ച ഈ ആശയം പരക്കെ സ്വീകരിക്കപ്പെട്ടു. മുന്നൂറിലധികം ഓർമ്മ തുരുത്തുകൾക്കാണ് ഇപ്രകാരം തുടക്കമായത്. ഓരോ ജനപ്രതിനിധിയും വൃക്ഷത്തൈകൾ നട്ടാണ് ഓർമ്മത്തുരുത്ത് ഒരുക്കിയത്. പലയിടങ്ങളിലും ഓർമ്മത്തുരുത്തിന് ഭരണസമിതിയുടെ പേരിൽ ബോർഡും സ്ഥാപിച്ചു. ഓർമ്മ തുരുത്തുകളുടെ തുടർ പരിപാലനം തൊഴിലുറപ്പ പദ്ധതി നിർവ്വഹിക്കും. പ്രകൃതി പുനഃസ്ഥാപന പ്രവർത്തനങ്ങൾക്ക് ഇനി വരുന്ന ഭരണ സമിതികകൾക്കുള്ള ഓർമ്മപ്പെടുത്തൽ കൂടിയായിരിക്കും ഈ പച്ചതുരുത്തുകൾ. കഴിഞ്ഞ ഭരണ സമിതിയുടെ ഭരണകാലഘട്ടത്തിന്റെ ഓർമ്മകളെന്നോണം അവ പൂക്കും, കായ്ക്കും. ഓർമ്മകളുടെ തുരുത്തുകളിൽ സ്നേഹത്തൈകൾ വളരും. ഇനി വരുന്ന വസന്തങ്ങൾ അവയെകൂടുതൽ സുന്ദരമാക്കും. പക്ഷികൾക്കും പൂമ്പാറ്റകൾക്കുമൊപ്പം അവ നമുക്കും തണലും തണുപ്പും നല്കും.

കണ്ടൽ കാടുകളുടെ പച്ചത്തുരുത്ത്

കേരളത്തിലെ കായലോരങ്ങൾ, ചതുപ്പുകൾ, നദീമുഖത്തുള്ള തുരുത്തുകൾ തുടങ്ങിയ സ്ഥലങ്ങളിലെല്ലാം കണ്ടൽ കാടുകൾ സാധാരണയായിരുന്നു. നദീതീരങ്ങളെയും കടല്ത്തീരങ്ങളെയും സംരക്ഷിക്കുന്നതിലും കരയിലുണ്ടാകുന്ന മലിനീകരണങ്ങൾ കുറയ്ക്കുന്നതിലും കണ്ടൽ കാടുകൾ സുപ്രധാന പങ്കാണ് വഹിക്കുന്നത്. പക്ഷികളുടെ സ്വൈരവിഹാര കേന്ദ്രങ്ങളാണ് കണ്ടൽ കാടുകൾ. ദേശാടനക്കിളികൾ പലതും കണ്ടൽകാടുകളെ വംശവർദ്ധനവിനുള്ള താവളമായിതിരഞ്ഞെടുക്കുന്നു. ഇവിടേയ്ക്കുള്ള മനുഷ്യന്റെ കടന്നുകയറ്റം ഭൂമിയിലെ സ്വയമേവയുള്ള ഒരുആവാസ വ്യവസ്ഥയുടെ തകർച്ചയ്ക്ക് വഴിയൊരുക്കി.

പൊതുസ്ഥലങ്ങളിലും സർക്കാർ ഉടമസ്ഥതയിലുള്ള സ്ഥാപനങ്ങളുടെ പരിസരത്തും സ്കൂളുകളിലുമാണ് പച്ചത്തുരുത്തുകൾ ഏറെയും വച്ചുപിടിപ്പിച്ചിട്ടുള്ളത്. ഇതിനു പുറമെ അപൂർവ്വം ചിലയിടങ്ങളിലെ സ്വാഭാവിക വൃക്ഷക്കൂട്ടവും കാവുകളും വീണ്ടെടുത്ത് പച്ചത്തുരുത്തുകളായി സംരക്ഷിച്ചു വരുന്നു.

കണ്ടൽക്കാടുകളുടെ കുറവ് പരിഹരിക്കുകയും പുതിയ കണ്ടൽ കാടുകൾ വച്ചുപിടിപ്പിക്കുകയും ചെയ്യേണ്ടത് ഈ ഘട്ടത്തിൽ അത്യാവശ്യമാണ്. ഇതിന്റെ ഭാഗമായാണ് അനുയോജ്യമായ സ്ഥലങ്ങളിൽ കണ്ടൽച്ചെടികൾ കൊണ്ട് പച്ചത്തുരുത്തുകൾ സൃഷ്ടിക്കാൻ നടപടികളാരംഭിച്ചത്. കോട്ടയം, കണ്ണൂർ, ആലപ്പുഴ തുടങ്ങിയ ജില്ലകളിൽ കണ്ടൽക്കാടുകളുടെ പച്ചത്തുരുത്തുകൾ ഈ വിധം പരിപാലിക്കുന്നുണ്ട്.

പച്ചത്തുരുത്തുകളിലെ വൈവിധ്യം

പൊതുസ്ഥലങ്ങളിലും സർക്കാർ ഉടമസ്ഥതയിലുള്ള സ്ഥാപനങ്ങളുടെ പരിസരത്തും സ്കൂളുകളിലുമാണ് പച്ചത്തുരുത്തുകൾ ഏറെയും വച്ചുപിടിപ്പിച്ചിട്ടുള്ളത്. ഇതിനു പുറമെ അപൂർവ്വം ചിലയിടങ്ങളിലെ സ്വാഭാവിക വൃക്ഷക്കൂട്ടവും കാവുകളും വീണ്ടെടുത്ത് പച്ചത്തുരുത്തുകളായി സംരക്ഷിച്ചു വരുന്നു. പച്ചത്തുരുത്തുകളിലെ തന്നെ വൈവിധ്യവും ശ്രദ്ധേയമാണ്. ഔഷധ സസ്യങ്ങൾ മാത്രമുൾപ്പെടുത്തിയുള്ള പച്ചത്തുരുത്ത്, ഈറയുംമുളയും മാത്രമുള്ളവ, കണ്ടൽ നിറഞ്ഞവ, ശലഭോദ്യാന മാതൃകയിലുള്ളവ, നക്ഷത്രവനം ഉൾക്കൊള്ളുന്നവ, സ്വാഭാവിക വനമാതൃകയിലുള്ളവ, ഫലവൃക്ഷങ്ങൾ മാത്രമുൾക്കൊള്ളുന്നവ എന്നിങ്ങനെയാണ് വൈവിധ്യം കൈവന്നിട്ടുള്ളത്. ☐

(ലേഖകൻ ഹരിതകേരളം മിഷനിൽ പബ്ലിക് റിലേഷൻസ് ഓഫീസറാണ്)

ഊരും പേരും – 5

കോട്ടയം

■ ഡോ. വിളക്കുടി രാജേന്ദ്രൻ

മീനച്ചലാറിന്റെ ദാനം എന്നു വിശേഷിപ്പിക്കപ്പെടുന്ന കോട്ടയം ഒരു ജില്ലയും അതിന്റെ ആസ്ഥാനമായ മുനിസിപ്പൽ നഗരവുമാണ്. ചെറിയൊരു കുന്നിൻമുകളിലാണ് നഗരം വ്യാപിച്ചുകിടക്കുന്നത്. റോഡ്-റെയിൽ ഗതാഗതകേന്ദ്രമായ കോട്ടയം ഹൈറേഞ്ചിലേക്കുള്ള മുഖ്യപ്രവേശനകവാടമാണ്. വേമ്പനാട് കായലിനോട് ചേർന്നു കിടക്കുന്നു. ചരിത്രസാംസ്കാരിക പഴമയുള്ള കോട്ടയം പ്രമുഖ വാണിജ്യ-വ്യാപാര കേന്ദ്രം കൂടിയാണ്. പുസ്തക-പത്ര പ്രസിദ്ധീകരണ രംഗത്ത് കോട്ടയത്തിന് വലിയ പ്രാധാന്യമുണ്ട്.

കേരളത്തിലെ ആദ്യത്തെ മുദ്രണാലയമായ സി.എം.എസ്. പ്രസ് (1821) ബെഞ്ചമിൻ ബെയ്‌ലി എന്ന മിഷനറി ഇവിടെ സ്ഥാപിച്ചു. ആദ്യത്തെ മലയാളം - ഇംഗ്ലീഷ് നിഘണ്ടുവിന്റെ മുദ്രണം (1846) കോട്ടയത്തായിരുന്നു. മലയാളത്തിൽ ആദ്യമായി ബൈബിൾ പ്രസിദ്ധീകരിച്ചതും ഇവിടെ നിന്നാണ്. മഹാത്മാ ഗാന്ധി സർവകലാശാലയുടെ ആസ്ഥാനം ഏറ്റുമാനൂർ പ്രിയദർശിനി ഹിൽസിലാണ്.

ഇന്ത്യയിൽ ഏറ്റവും കൂടുതൽ പ്രചാരമുള്ള ദിനപത്രമായ മലയാളമനോരമ (1888) പിറന്നത് ഇവിടെയാണ്. ദീപിക (1887), മംഗളം തുടങ്ങിയ പത്രങ്ങളും അനേകം ആനുകാലികങ്ങളും ഇവിടെനിന്ന് പ്രസിദ്ധീകരിക്കുന്നു. സാഹിത്യപ്രവർത്തക സഹകരണ സംഘം, ഡി.സി. ബുക്സ്, വിദ്യാർത്ഥിമിത്രം തുടങ്ങിയ അനേകം പ്രസിദ്ധീകരണസ്ഥാപനങ്ങൾ ഇവിടെയുണ്ട്.

പ്രാചീന തുറമുഖമായിരുന്ന ടോളമി സൂചിപ്പിക്കുന്ന 'കരൗര' ഇതാണെന്ന് ചില ചരിത്രകാരന്മാർ അഭ്യൂഹിക്കുന്നു. 'ബക്കരെ' ഇന്നത്തെ വയസ്കരയാണെന്നും അഭിപ്രായമുണ്ട്.

കോട്ടയം എന്ന പേര്: തെക്കുംകൂർ രാജാക്കന്മാരുടെ ഭരണസീമയിലായിരുന്ന പ്രദേശമാണിത്. താഴത്തങ്ങാടിക്കടുത്തുള്ള തളിക്കോട്ട ആസ്ഥാനമാക്കിയാണ് അവർ ഭരണം നടത്തിയത്. നഗരത്തിന്റെ പടിഞ്ഞാറുഭാഗത്ത് താഴത്തങ്ങാടിയിൽ (തളിയിൽ) ഇതിന്റെ അവശിഷ്ടങ്ങൾ കാണാം. രാജവംശത്തിന്റെ കോട്ടയുടെ അകം കോട്ടയകം ആയി. ഇത് പിന്നീട് കോട്ടയ്ക്കകവും കോട്ടയവും ആയതാവാം.

ഭൂപ്രകൃതി അടിസ്ഥാനപ്പെടുത്തി ഉണ്ടായ പേരുമാവാം. കുന്നും കുഴിയും ജലാശയങ്ങളും നിറഞ്ഞ നാടാണിത്. കോട്+അയം = കോട്ടയം. കോട്=കുന്ന്, അയം=കുളം, കിടങ്ങ്, വെള്ളം, പള്ളം (താഴ്ന്ന ഭൂമി, കുഴി) പോലെയുള്ള സ്ഥലനാമങ്ങൾ നഗരമധ്യത്തിൽ ഇപ്പോഴുമുണ്ടല്ലോ.

കേരളത്തിൽ മറ്റ് ചില കോട്ടയങ്ങളും ഉണ്ട്. തലശ്ശേരി താലൂക്ക് (വടക്കൻ കോട്ടയം), ചെങ്ങന്നൂർ താലൂക്ക് എന്നിവിടങ്ങളിലാണവ. പത്തനംതിട്ടയിലെ കോന്നി താലൂക്കിൽ ഒരു വള്ളിക്കോട് കോട്ടയവും ഉണ്ട്.

നാടൻ കോഴികളും കോഴിക്കൂടും നന്മ നിറഞ്ഞ ഓർമ്മകളും

■ മുരളീധരൻ തഴക്കര

പൂങ്കോഴിതൻ പുഷ്കലകണ്ഠനാദം കേട്ട് കേരളീയ ഗ്രാമങ്ങൾ ഉണർന്നിരുന്ന ഒരു കാലമുണ്ടായിരുന്നു. ഒരിടത്ത് കോഴികൂവിയാൽ അതിന്റെ തുടർച്ച അയൽപക്ക വീടുകളിൽ നിന്നെല്ലാം ഉയരുമായിരുന്നു. ശരിക്കും അതിനൊരു താളമുണ്ടായിരുന്നു. നന്മനിറഞ്ഞ നാട്ടിൻപുറത്തിന്റെ ഹൃദയതാളമായിരുന്നു അത്. പക്ഷേ ഇപ്പോൾ നമ്മെ ഉണർത്തുന്നത് മൊബൈൽ ഫോണിൽ നിന്നുയരുന്ന യാന്ത്രിക സംഗീതമാണ്. അല്ലെങ്കിൽ തന്നെ കൂവിയുണർത്താൻ പൂങ്കോഴികളെവിടെ? വീടിന്റെ പര്യമ്പുറത്താകെ ചിക്കിചികഞ്ഞു നടക്കുന്ന അഴകാർന്ന നാടൻ പിടക്കോഴികളും അവയുടെ രക്ഷകർതൃസ്ഥാനം സ്വയം ഏറ്റെടുത്ത് അങ്കവാലും ആടയുമായി തലപ്പൊക്കത്തോടെ നടക്കുന്ന പൂവൻകോഴികളും. അതൊരു കാഴ്ചയായിരുന്നു.

പലനിറത്തിലും രൂപത്തിലുമുള്ള നാടൻ കോഴികൾ. കഴുത്തിനുചുറ്റും തൂവൽ ഇല്ലാത്തവ, തൂവലുകൾ എഴുന്നുനിൽക്കുന്ന കാപ്പിരികൾ, താരതമ്യേന ഉയരം കുറഞ്ഞ പാത്തകൾ, ആടയും പൂവുമടക്കം കറുത്ത കരിങ്കോഴികൾ തുടങ്ങി നാനാജാതി കോഴികൾ. ഇവയെല്ലാം തന്നെ വിവിധ വർണ്ണങ്ങളാൽ അഴകാർന്നവയായിരുന്നു. മിക്കവാറും എല്ലാ വീടുകളിലും കോഴിക്ക് കോഴിക്കൂടും ഉണ്ടായിരുന്നു. അയല്പക്കത്തെ ഏതെങ്കിലും വീട്ടിൽ കോഴി ഇല്ലാതിരിക്കുകയും അവിടെ പറമ്പിൽ അല്ലറ ചില്ലറ കൃഷി ഉണ്ടാവുകയും ചെയ്താൽ കോഴി കയറി ചിക്കി ചികഞ്ഞു കൃഷി നശിപ്പിച്ചതിന്റെ പേരിൽ വഴക്കും വക്കാണവും ഉറപ്പാണ്. വിഷം വച്ച് കോഴിയെ വകവരുത്തുകയും അതിന്റെ പേരിൽ കാലങ്ങളോളം നീണ്ടുനിൽക്കുന്ന ശത്രുതയുമെല്ലാം പോയകാല കോഴിവളർത്തലിന്റെ നാൾവഴികളാണ്.

വർഷത്തിൽ മൂന്നും നാലും പ്രാവശ്യം കോഴിയെ അടവെച്ച് വിരിയിച്ചിറക്കുന്ന വംശവർധന പ്രക്രിയ നാടൻ കോഴി വളർത്തലിന്റെ അടിസ്ഥാനമായിരുന്നു. അഴിച്ചുവിട്ടു കോഴിയെ വളർത്തുന്ന പരമ്പരാഗത രീതി സാർവത്രികമായിരുന്ന കാലത്ത് ഏതൊരു വീട്ടിലേക്ക് കടന്നു ചെന്നാലും മുറ്റത്തും പരിസരത്തും കോഴിക്കാഷ്ഠം ഒരു സ്ഥിരം കാഴ്ചയായിരുന്നു. എന്നാൽ അതൊരു മാലിന്യപ്രശ്നം ആയി ആരും കണ്ടിരുന്നില്ല. മുട്ട അടവെച്ച് വിരിയിച്ചെടുക്കുകയും വംശവർദ്ധന നടത്തുകയും ചെയ്യുന്ന പ്രവൃത്തിയിൽ നിന്നാകാം തെല്ലും ആശാസ്യമല്ലാത്ത സാമ്പത്തിക തട്ടിപ്പിന് നോട്ട് 'അടവയ്പ്പ്' എന്ന പേരുവന്നത്. അടവെച്ച് വിരിയിച്ചിറക്കുന്ന കോഴിക്കുഞ്ഞുങ്ങളെ കാക്കയും പരുന്തും റാഞ്ചാതെ നോക്കുക എന്നത് ഏറെ പ്രധാനമായിരുന്നു. ഇവയെ അടച്ചിട്ട് വളർത്തുന്നത് ഒറ്റാലിനടിയിൽ ആയിരുന്നു. 'കാക്കക്കേട് മാറ്റുക' എന്ന പ്രയോഗം ഉണ്ടായതും ഇതിൽനിന്നു തന്നെയാകാം.

പറയാൻ ഉദ്ദേശിച്ചത് കോഴിക്കൂടിനെക്കുറിച്ചാണ്. കോഴികൾക്ക് അന്തിക്ക് ചേക്കേറുവാനുള്ള വളരെ ലളിതമായ ചെലവ് കുറഞ്ഞ പാർപ്പിട സംവിധാനം. കേരളത്തിൽ എവിടെയും കോഴിക്കൂടിന്റെ രൂപവും ഭാവവും ഘടനയും ഏറെക്കുറെ സമാനമാണ് ആദ്യകാലത്ത് ഓലമേഞ്ഞതായിരുന്ന കോഴിക്കൂടുകളെങ്കിൽ ക്രമേണ ഓടുമേഞ്ഞ കൂടുകൾ സാർവത്രികമായി. യഥേഷ്ടം വായുസഞ്ചാരം സാധ്യമാകും വിധം, കൈ അകത്തു കടക്കാത്ത വിടവോടെ, തടികൊണ്ടുള്ള

പട്ടിക വച്ചാണ് കോഴിക്കൂട് ഉണ്ടാക്കിയിരുന്നത്. മേൽക്കൂട് സാധാരണ പഴയ വീടുകളുടെ മേൽക്കൂര പോലെ തന്നെയാണ്. പുറത്തുനിന്ന് നീക്കാവുന്ന വിധത്തിൽ ചെറിയൊരു വാതിലാണ് ഉണ്ടാവുക. കൂടിന്റെ വലിപ്പം കോഴികളുടെ എണ്ണത്തിനനുസരിച്ചാണ് നിജപ്പെടുത്തുന്നത്. തടി മില്ലുകളിൽ തടിയറുക്കുമ്പോൾ ബാക്കിവരുന്ന ഉപയോഗമില്ലാത്ത കഷണങ്ങൾ പട്ടികയാക്കി അറുത്തെടുക്കുന്നു. ഇതാണ് കോഴിക്കൂട് നിർമ്മിതിക്കായി ഉപയോഗിക്കുന്നത്. അതിനാൽ തടിയറുപ്പ് മില്ലുകളോട് ചേർന്ന പണിപ്പുരകളിൽ കോഴിക്കൂട് നിർമ്മാണം നടന്നിരുന്നു. മിക്ക വീടുകളിലും പിന്നാമ്പുറങ്ങളിൽ എവിടെയെങ്കിലും ആകും കോഴിക്കൂട് സ്ഥാപിക്കുക. നാലുകാലിൽ തറനിരപ്പിൽ നിന്നും കല്ലിലോ കട്ടയിലോ ഉയർത്തിയാണ് വയ്ക്കുക. കുറുക്കൻ, വള്ളിപ്പുലി, ഇഴജന്തുക്കൾ എന്നിവ കൂട്ടിൽ കടന്നു കയറാതിരിക്കാനാണ് ഇപ്രകാരം ചെയ്യുന്നത്.

നാടൻ കോഴികളും അഴിച്ചുവിട്ടുള്ള കോഴി വളർത്തലും കോഴിക്കൂടും പോലെ പടിയിറങ്ങിപ്പോയ മറ്റൊരു നന്മയായിരുന്നു മുട്ടക്കച്ചവടക്കാർ. നല്ല വായ് വട്ടമുള്ള കുട്ടയും തലയിലേറ്റി വീടുകൾതോറും കയറി മുട്ട വാങ്ങുവാനായി എത്തുന്ന മുട്ടക്കച്ചവടക്കാർ ഒരുകാലത്ത് നമ്മുടെ ഗ്രാമജീവിതത്തിന്റെ ഭാഗമായിരുന്നു.

നാടൻ കോഴികളും അഴിച്ചുവിട്ടുള്ള കോഴി വളർത്തലും കോഴിക്കൂടും പോലെ പടിയിറങ്ങിപ്പോയ മറ്റൊരു നന്മയായിരുന്നു മുട്ടക്കച്ചവടക്കാർ. നല്ല വായ്‌വട്ടമുള്ള കുട്ടയും തലയിലേറ്റി വീടുകൾതോറും കയറി മുട്ട വാങ്ങുവാനായി എത്തുന്ന മുട്ടക്കച്ചവടക്കാർ ഒരുകാലത്ത് നമ്മുടെ ഗ്രാമജീവിതത്തിന്റെ ഭാഗമായിരുന്നു. ഓരോ വീടിന്റെയും സാമ്പത്തിക സ്ഥിതി വിവരങ്ങൾ എല്ലാം കൃത്യമായി അറിയാവുന്ന എല്ലാവർക്കും പ്രിയപ്പെട്ട മുട്ടക്കാരൻ മുതലാളി. മിക്കപ്പോഴും ഇവരിൽനിന്ന് മുൻകൂറായി പണം വാങ്ങി അത്യാവശ്യം സാമ്പത്തിക ആവശ്യകത നിവർത്തിക്കുകയും മുട്ട കൊടുത്തു അതുവീട്ടുകയും ചെയ്യുന്ന അടുക്കളമുറ്റത്തെ ബാങ്കിംഗ്. കുട്ടനാടൻ പ്രദേശങ്ങളിൽ മുട്ടക്കച്ചവടം കൊച്ചു വള്ളത്തിലാണ് നടന്നിരുന്നത്. തോട്ടിലൂടെ വള്ളമൂന്നിയെത്തുന്ന മുട്ടക്കച്ചവടക്കാർ വീട്ടുപടിക്കൽ

...എന്ന് വായനക്കാർ

ഭവനരഹിതരില്ലാത്ത കേരളം

ലൈഫ് മിഷൻ പദ്ധതി പ്രകാരം രണ്ടര ലക്ഷത്തോളം ഭവനരഹിതർക്ക് സുരക്ഷിത ഭവനം ലഭിച്ചുവെന്നത് സർക്കാരിനും ലൈഫ് മിഷനും ഭവന പദ്ധതിയുടെ താഴേത്തട്ടിലെ നടത്തിപ്പുകാരായ തദ്ദേശഭരണ സ്ഥാപനങ്ങൾക്കും അഭിമാനിക്കാവുന്ന നേട്ടം തന്നെയാണ്. ആദ്യഘട്ടത്തിൽ ചില സാങ്കേതിക കാരണങ്ങളാൽ ഗുണഭോക്തൃ പട്ടികയിൽ നിന്നും ഒഴിവായിപ്പോയവരെ കൂടി ഉൾപ്പെടുത്തുന്നതിനും ഇപ്പോൾ അവസരം നൽകിയിരിക്കുന്നു. അവരെക്കൂടി പരിഗണിച്ചുകൊണ്ട് ഈ ഭവന പദ്ധതി പൂർണ്ണമായും നടപ്പാക്കുന്നതോടെ നമ്മുടെ നാട്ടിൽ വീടില്ലാത്തവരായി ആരും തന്നെ ഉണ്ടാകാത്ത സ്ഥിതിയിലേക്ക് എത്തുമെന്ന് തന്നെ ആഗ്രഹിക്കാം. ലൈഫ് മിഷൻ പ്രവർത്തനങ്ങൾ സംബന്ധിച്ചും ഗുണഭോക്താക്കളെ തിരഞ്ഞെടുക്കുന്നതിനുള്ള അർഹതാ മാനദണ്ഡങ്ങളെക്കുറിച്ചും ഗുണഭോക്തൃ പട്ടിക തയ്യാറാക്കുന്ന രീതിയും ഉൾപ്പെടെ വിശദമാക്കിക്കൊണ്ട് പഞ്ചായത്ത് രാജ് മാസികയുടെ സെപ്റ്റംബർ ലക്കത്തിൽ പ്രസിദ്ധീകരിച്ച ലൈഫ് മിഷൻ ചീഫ് എക്സിക്യൂട്ടീവ് ഓഫീസറുടെ ലേഖനം ശ്രദ്ധേയമായി. അതുപോലെ തന്നെ എല്ലാ തദ്ദേശഭരണ സ്ഥാപന പരിധിയിലും ജല ഗുണനിലവാര നിർണ്ണയ ലാബ് സ്ഥാപിക്കാനുള്ള സർക്കാരിന്റെ തീരുമാനവും പൊതുജനങ്ങൾക്ക് ഉപകാരപ്രദമായ കാര്യം തന്നെയാണ്. ഇത്തരത്തിൽ ജനോപകാരപ്രദമായ സർക്കാർ തീരുമാനങ്ങൾ സംബന്ധിച്ച വിവരങ്ങൾ ഉൾപ്പെടുത്തി പ്രസിദ്ധീകരിക്കുന്ന പഞ്ചായത്ത് രാജ് മാസികയുടെ അണിയറ പ്രവർത്തകർക്ക് അഭിനന്ദനങ്ങൾ.

മോഹൻകുമാർ, ഒറ്റപ്പാലം

പഞ്ചായത്ത് രാജ് മാസികയിലേക്കുള്ള ലേഖനങ്ങളും കത്തുകളും prmdp2020@gmail.com എന്ന ഇ-മെയിൽ വിലാസത്തിൽ അയക്കേണ്ടതാണ്.

വള്ളം നിർത്തി ഒരു പ്രത്യേക ശബ്ദത്തിൽ ഹോൺ അടിക്കുമ്പോൾ മുട്ടയുമായി വീട്ടമ്മമാർ തോട്ടുവക്കിലെത്തും. ഇവിടെ മറ്റൊരു ക്രയവിക്രയം കൂടി നടക്കാറുണ്ട്. നിത്യോപയോഗ സാധനങ്ങളും ഒപ്പം സ്ത്രീകൾക്കാവശ്യമായ സോപ്പ്, ചീപ്പ്, ചാന്ത്, കണ്ണാടി, കണ്മഷി എന്നിവയും വള്ളത്തിലുണ്ടാകും. മുട്ട കൊടുത്ത് പകരം ഈ സാധനങ്ങൾ വാങ്ങുന്ന ഒരു കൊടുക്കൽ വാങ്ങൽ സമ്പ്രദായം.

പോയകാല ഗ്രാമജീവിതത്തിന്റെ നേർക്കാഴ്ചകളായിരുന്ന ഈ പറഞ്ഞതൊക്കെയും. ഗതകാല സ്മൃതികളായി മാറിയ പഴങ്കഥകൾ. ഇന്നിതാ ഈ പുതിയ കാലത്ത് കോഴിക്കൂടുകൾ ഉള്ള വീടുകൾ തന്നെ അത്യപൂർവം. പക്ഷേ കോഴിക്കൂടുകൾ അപ്രത്യക്ഷമായപ്പോൾ നാലുവശവും ഇരുമ്പ് നെറ്റ് അടിച്ച കൃത്രിമ വെളിച്ചം നിറഞ്ഞ ലിറ്റർ വിരിച്ച ആധുനിക കോഴിഫാമുകൾ ഗ്രാമ-നഗര വ്യത്യാസമില്ലാതെ കാണാൻകഴിയും. നാടൻ കോഴി വളർത്തലിൽ നിന്നും വാണിജ്യ കോഴിവളർത്തലിലേക്കുള്ള ചുവടുമാറ്റം. വലിയ മുതൽമുടക്കും ബാങ്ക് വായ്പയും സബ്സിഡിയും ചാക്കുകണക്കിന് കൃത്രിമ ത്തീറ്റയും മരുന്നും കുത്തിവെപ്പും ഒക്കെ വേണ്ടതായ സ്വയംതൊഴിൽ സംരംഭം. അല്ലെങ്കിൽ തന്നെ അഴിച്ചുവിട്ടു കോഴിയെ വളർത്തുവാനുള്ള വിശാലമായ പറമ്പുകളെവിടെ? അഥവാ മുറ്റമോ പറമ്പോ ഉണ്ടെങ്കിൽ അതും കോൺക്രീറ്റ്ചെയ്യുകയും tile പാകുകയും ചെയ്ത് വെടിപ്പാക്കുന്ന പുതിയ പരിഷ്കാരം കോഴി വളർത്തലിന് പറ്റിയതുമല്ല.

നാട്ടിൻപുറത്തെ പെട്ടിക്കടയിൽ പോലും മുട്ട സുലഭമായി വാങ്ങാൻ കിട്ടും. എല്ലാം വില കൊടുത്തു വാങ്ങുന്നതാണല്ലോ നമുക്ക് പഥ്യം. തമിഴകത്തു നിന്നും കർണാടകത്തിൽ നിന്നും വരുന്ന ചരക്കുലോറികൾ ഒന്ന് ബ്രേക്കിട്ടാൽ മറ്റുപലതും എന്നതുപോലെ മുട്ടക്കറിയും ബുൾസായിയും കോഴിയിറച്ചിയും നമുക്ക് അന്യമാകും. ഇതിനോട് ചേർത്തു വയ്ക്കേണ്ട മറ്റൊരു ഭൂതകാലനന്മ കൂടി ഇവിടെ പങ്കുവയ്ക്കേണ്ടതുണ്ട്. ഏതാണ്ട് അഞ്ചു പതിറ്റാണ്ടുമുമ്പ് കൊല്ലം, കരുനാഗപ്പള്ളി, കായംകുളം, മാവേലിക്കര, ചെങ്ങന്നൂർ റെയിൽവേസ്റ്റേഷനുകളിൽ നിന്നും കുടയിൽ വൈക്കോൽ വച്ച് അതിൽ നാടൻ മുട്ട നിറച്ച് അയൽനാടുകളിലേക്ക് തീവണ്ടിയിൽ കയറ്റി അയച്ചിരുന്നു. ആയിരക്കണക്കിന് മുട്ടയാണ് ഇപ്രകാരം ദിവസേന കയറ്റി അയച്ചിരുന്നത്. നോക്കു കോഴിവളർത്തൽ എത്ര സമൃദ്ധമായി നടന്നിരുന്നു എന്നതിന് ഇതിനേക്കാൾ വലിയൊരു സാക്ഷ്യപ്പെടുത്തൽ വേണ്ടതുണ്ടോ?

ചാക്കിൽ നിറച്ചു വരുന്ന ഹോർമോൺ ചേർന്നതാണോ എന്ന് സംശയിക്കുന്ന കൃത്രിമ തീറ്റ വേണ്ടാത്ത, വീടിന്റെ പര്യമ്പുറത്തെല്ലാം ചുറ്റിനടന്നു കണ്ണിൽ കണ്ടതെല്ലാം കൊത്തിപ്പെറുക്കി തിന്നുന്ന വിവിധ നിറങ്ങളിലുള്ള നാടൻ കോഴികൾ. ഉഗ്രശാസനനായ കാരണവരെപ്പോലും കൂസാതെ മുറ്റത്ത് ഉലാത്തുന്ന പൂവൻ കോഴികൾ. ഇതെല്ലാം തന്നെ നന്മനിറഞ്ഞ നാട്ടിൻപുറത്തെ കാഴ്ചയും കരുതലുമായിരുന്നു. ഇനി ഒരിക്കലും തിരിച്ചു വരാത്ത ഗ്രാമജീവിതസുകൃതം. □

പരസ്യ നിരക്ക്

കവർ (അവസാന പുറം) കളർ	₹ 12000
കവർ (ഉൾവശം) കളർ	₹ 10000
കവർ (ഉൾവശം) ബ്ലാക്ക് & വൈറ്റ്	₹ 8000
മറ്റു പേജുകൾ (കളർ)	₹ 8000
മറ്റു പേജുകൾ (ബ്ലാക്ക് & വൈറ്റ്)	₹ 6000
അരപേജ് (കളർ)	₹ 5000
അര പേജ് (ബ്ലാക്ക് & വൈറ്റ്)	₹ 3000

പഞ്ചായത്ത്‌രാജ്

വാർഷിക വരിസംഖ്യ ₹ 120

PANCHAYAT RAJ (Monthly) November 2020
Annual Subscription ₹120, Published on 20 November 2020

RNI. No. : 7959/61
Postal Reg. No. KL/TV(N) 391/2018-20
Licensed to post without prepayment No. KL/TV(N) WPP/85/2018-20

Ready for Sale..!!

SWAMY LAW SERIES

THE KERALA PANCHAYAT BUILDING RULES, 2019

As Amended by
The Kerala Panchayat Building (Amendment) Rules, 2020
[Issued under Notn. G.O.(P) No. 56/2020/LSGD dt. 24/09/2020 and pub. as SRO No. 638/2020 in K.G.Ext.No. 2257 dt. 01-10-2020 (w.e.f. 01-10-2020)]



By
N.Y. Venkit, B.S.L. LL.B., Advocate.

*432 Pages
*Price ₹ 520.00
*2nd Edn. December 2020

Alongwith • സർക്കുലറുകളും ഉത്തരവുകളും | കെട്ടിടങ്ങളിൽ ചില്ല് വാതിലുകളും മറ്റും നൽകുമ്പോൾ പാലിക്കേണ്ട മാർഗ്ഗനിർദ്ദേശങ്ങൾ പാലിച്ചിട്ടുണ്ടെന്ന് തദ്ദേശസ്വയംഭരണ സ്ഥാപന സെക്രട്ടറിമാർ ഉറപ്പാക്കേണ്ട മാനദണ്ഡങ്ങൾ • **Kerala Panchayat Building (Regularisation of Unauthorised Construction) Rules, 2018** • **Kerala Panchayat Raj Act, 1994 [Extract from]** • **Kerala Town and Country Planning Act, 2016** • **Kerala Conservation of Paddy Land and Wetland Act, 2008** • 2008–ലെ കേരള നെൽവയൽ–തണ്ണീർത്തട സംരക്ഷണ ചട്ടങ്ങൾ • വിജ്ഞാപനങ്ങൾ/ഉത്തരവുകൾ/സർക്കുലറുകൾ • **Coastal Regulation Zone Notification, 2019**

Also Ready for Sale..!!

Adv. N. Sugathan on
THE KERALA MUNICIPALITY BUILDING RULES, 2019
As amended by the Kerala Municipality Building (Amendment) Rules, 2020

*432 Pages *Price ₹ 520.00 *24th Edn. November 2020

Revised by **N.Y. Venkit, B.S.L. LL.B.,** Advocate.

Laws Relating to
ELECTION TO THE LOCAL GOVERNMENT INSTITUTIONS IN KERALA

Adv. K T George. M A, LL.M
(Formerly Addl. Law Secretary and PS to the State Election Commissioner)

*1st Edn. Nov. 2020 *720 Pages
*Hard Bound *Price ₹ 970.00

Supplements also Available
Amendments on KMBR & KPBR 2020 available separately. Price ₹ 50/- each only
Attractive discount for bulk orders. Contact us through e-mail/phone

Books will also be sent by Courier.
Please remit the book price only to our bank account. We will send the book through courier without any extra cost. Bank Details given below:

Bank Name : STATE BANK OF INDIA
Branch : METRO STATION BR., MG Rd., EKM.
Account Name : SWAMY LAW HOUSE
Account No. 376 445 83 474
IFSC Code : SBIN0070142

Published by
SWAMY LAW HOUSE
Showroom Sales : DORAISWAMY IYER ROAD ERNAKULAM - 682 035.
Godown & Sales : ADV. EASWARA IYER ROAD, ERNAKULAM - 682 035.

0484 - 2361341 : 2366285
9446061341 : 9446046285
swamylawhouse@gmail.com

For Online Purchase, visit : swamylawhouse.com

Printed & Published by Dr.P.K. Jayasree IAS, Director, Dept. of Panchayats on behalf of Govt. of Kerala and
Printed at Gramalakshmi Mudralayam, Kanjikodu, Palakkad, Kerala and
Published at Directorate of Panchayats, Museum P.O., Thiruvananthapuram - 695 033, Kerala. Editor: Dr.P.K. Jayasree IAS